Date of publication: 9 മെയ് 2015
വോള്യം 9 / ലക്കം 5 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം

## സ്ത്രീ പ്രസ്ഥാനങ്ങളിലൂടെ





സംഘടിതാസുഹൃത്തുക്കൾക്ക് ഊഷ്മളമായ
മെയ്ദിന ആശംസകൾ !


# സംഘടിത

മെയ് 2015 |വോള്യം 9 |ലക്കം 5


## ഉള്ളടക്കം


6. സ്ത്രീ: ജീവിതങ്ങൾ യാഥാർത്ഥ്യങ്ങൾ ജീവിതം തന്ന സമരം - മായ എസ്.

8. സംഘടനകൾ, പ്രവർത്തനങ്ങൾ, അനുഭവങ്ങൾ
: സ്വകാര്യപൊതുജീവിതങ്ങൾ ഒന്നാകുമ്പോൾ-
അഡ്വ. എം.എം.ഗ്രേസി/ ജ്യോതിനാരായണൻ

22. കീഴാളപെൺസാന്നിദ്ധ്യങ്ങൾ മാറ്റി മറിച്ച കേരളം - രാജശ്രീ എം.

31. സ്ത്രീകളുടെ ആമുഖങ്ങൾ; ചരിത്രത്തിലെ സന്ദേഹങ്ങൾ
- സന്ധ്യ എം. ഉണ്ണികൃഷ്ണൻ

34. തിരുവിതാംകൂറിലെ പെൺപോരാട്ടങ്ങൾ - സ്മിത സാറാ പടിയറ

39. വിഷം - സുഭദ്രാ സതീശൻ

42. പെൺപക്ഷം - അജിത കെ.

43. വാസ്തവം - ഡോ.ജാൻസി ജോസ്

44. അസംഘടിതർ സംഘടിക്കുമ്പോൾ - വിജി

48. ടി.കെ.പത്മിനി എന്ന ബഹുത്വം - ഷക്കീല യു.വി.

52. ശാസ്ത്രം - സീമ ശ്രീലയം





15
"സമരങ്ങൾ ഒളിത്താവളങ്ങളല്ല"
– അഭിമുഖം :
ലീലാകുമാരിയമ്മ/ശ്രീലത സി.





18
ചരിത്രത്തിന്റെ
അപനിർമ്മിതിയും ജാനുവും –
അനഘ സി. ആർ.






27
സിസ്റ്റർ ആലീസ് ലൂക്കോസ് :
സംഘാടനത്തിന്റേയും സമരത്തിന്റേയും ജീവിതത്തുടർച്ചകൾ –
ഷീബ കെ.എം.



| | | |
|---|---|---|
| എഡിറ്റർ | : | ഷീബ കെ.എം. |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | രാജലക്ഷ്മി കെ.എം. |
| ഗസ്റ്റ് എഡിറ്റർ | : | ഷക്കീല യു.വി. |
| പത്രാധിപ സമിതി | : | ഡോ. ജാൻസി ജോസ്, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ. കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| പ്രിന്റിംഗ് | : | ഏ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട് 673016, ഫോൺ: 0495 2744370,
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com



# പത്രാധിപക്കുറിപ്പ്



ഷീബ കെ.എം.

തൊഴിൽരംഗത്തെ അവസ്ഥാവിശേഷങ്ങളെ വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ട് മറ്റൊരു മെയ്മാസം. ഇന്ത്യയാകെ കോർപ്പറേറ്റ് താല്പര്യങ്ങൾ പിടിമുറുക്കിക്കൊണ്ടിരിക്കുകയാണ്. അടിക്കടിയുള്ള പെട്രോൾ, ഡീസൽ വിലവർദ്ധനവും അത് തിരികൊളുത്തുന്ന അവശ്യവസ്തുക്കളുടെ വിലക്കയറ്റവും ജീവിതം അനുദിനം ദുസ്സഹമാക്കുന്നു. പരിസ്ഥിതിക്കും അതുവഴി ജീവിതത്തിനും മേൽ കടുത്തവെല്ലുവിളികൾ ഉയർത്തിക്കൊണ്ടാണ് ഖനി, മണൽ, ക്വാറി മാഫിയകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മുതലമടയിലെ പരിസ്ഥിതി പ്രവർത്തകർക്കു നേരെയുണ്ടായ ആക്രമണം ഇതിനുദാഹരണമാണ്. മീനാകുമാരി കമ്മീഷന്റെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങളെ വൻതോതിൽ തടസ്സപ്പെടുത്തുമെന്നത് തീർച്ച. വിലക്കയറ്റത്തിന്റേയും ഉപജീവനോപാധികളുടെ നഷ്ടത്തിന്റേയും ഏറ്റവും കഠിനമായ ഇരകൾ സ്ത്രീകളാണെന്നിരിക്കെ വികസനസങ്കല്പങ്ങളെത്തന്നെ കാതലായി പുനരാലോചിക്കേണ്ടതിന്റെ ആവശ്യകത നമ്മൾ മുന്നിൽ കാണുന്നന്നു. വളർച്ചാനിരക്ക് കൂട്ടുന്ന, രാജ്യത്തിന്റെ ആകെ സമ്പത്ത് (ഏതാനും ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്ന) വർദ്ധിപ്പിക്കുന്ന ഉത്പാദനവ്യവസ്ഥ എല്ലായ്പ്പോഴും ജനക്ഷേമകരമല്ലതന്നെ. അരികുവത്കരിക്കപ്പെട്ടവരെ ഉൾക്കൊള്ളാൻ കഴിയുന്ന വികസനമാതൃകകൾ നടപ്പാക്കിയെടുക്കാനുള്ള പ്രക്ഷോഭങ്ങൾക്ക് ഇനിയും ആക്കം കൂട്ടേണ്ടതുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അനുദിനം അതിക്രൂരവും പൈശാചികവുമായിക്കൊണ്ടിരിക്കുന്ന അനുഭവങ്ങൾ ഏറി വരുന്നു. ചണ്ഡീഗഢിൽ ബലാത്സംഗത്തിൽ നിന്നും രക്ഷപ്പെടാൻ ബസ്സിൽ നിന്ന് പുറത്തേക്ക് ചാടേണ്ടിവന്ന പതിന്നാലുകാരിയുടെ ദാരുണ അന്ത്യം നമ്മെ ഏറെ വേദനിപ്പിക്കുകയും ഒപ്പം രോഷാകുലരാക്കുകയും ചെയ്യുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലാത്തതിന്റെ ഉത്കണ്ഠകളും നിലനിൽക്കുന്നു.

ഇതിനെല്ലാമിടയിൽ പ്രതീക്ഷകൾക്കും പ്രതിരോധങ്ങൾക്കും വഴിതുറന്നുകൊണ്ട് അനേകം കൂടിച്ചേരലുകളുണ്ടായി. 'കേരളം മുതലമടയിലേക്ക്' എന്ന ക്വാറിമാഫിയക്കെതിരെയുള്ള കൂട്ടായ്മ, പാലക്കാട് നടന്ന ട്രാൻസ്ജെണ്ടർ സമ്മേളനം, കുറ്റിപ്പുറത്ത് നടന്ന സ്ത്രീനവോത്ഥാന ആലോചനായോഗം ഇവയൊക്കെ ഐക്യപ്പെടലിന്റേയും പുതിയ സമരോർജ്ജത്തിന്റേയും പ്രതീക്ഷകൾ പ്രദാനം ചെയ്യുന്നു.

സ്ത്രീപ്രസ്ഥാനങ്ങൾ എന്ന വിഷയമാണ് ഷക്കീല സമ്പാദകയായ ഈ ലക്കം സംഘടിത കൈകാര്യം ചെയ്യുന്നത്. സ്ത്രീവാദരാഷ്ട്രീയവും പ്രസ്ഥാനങ്ങളും പരസ്പരപൂരകങ്ങളാണ്. കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിൽ സ്ത്രീപ്രശ്നങ്ങൾ പലരൂപത്തിൽ ഉന്നയിക്കപ്പെട്ടതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. കൊളോണിയൽ വ്യവഹാരങ്ങളിൽ, സാമൂഹ്യപരിഷ്കരണ പ്രക്രിയകളിൽ, സമുദായപരിഷ്ക്കരണ പരിശ്രമങ്ങളിൽ, ദേശീയപ്രസ്ഥാനത്തിന്റെ വേളകളിൽ എല്ലാം സ്ത്രീകളുടെ ജീവിതവും ഭൂമികകളും കാതലായ മാറ്റങ്ങൾക്ക് വിധേയമാക്കാനുള്ള ശ്രമങ്ങളുണ്ടായി. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യത്തോടെ വിമൻസ് ഇന്ത്യ അസോസിയേഷൻ, നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ വിമൻസ് കോൺഫറൻസ് തുടങ്ങിയവ രൂപീകരിച്ചുകൊണ്ട് സ്ത്രീകൾ സ്വയം സംഘടിക്കാൻ തുടങ്ങി. 1970കളോടെ രണ്ടാം സ്ത്രീവാദതരംഗത്തിന്റെ കാലഘട്ടത്തിൽ വിലക്കയറ്റം, മദ്യവിപത്ത്, സ്ത്രീധനം, സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുകയും മധ്യവർഗ്ഗ, തൊഴിലാളിവർഗ്ഗ സ്ത്രീകളുടെ പങ്കാളിത്തം പ്രസ്ഥാനങ്ങളെ കൂടുതൽ സമരവീര്യമുള്ളതാക്കിത്തീർക്കുകയും ചെയ്തു. 1980കളോടെ കേരളത്തിലും മാനുഷി (പട്ടാമ്പി), ചേതന (തൃശൂർ), പ്രബുദ്ധത (കാഞ്ഞങ്ങാട്), ബോധന (കോഴിക്കോട്), പ്രചോദന (തിരുവനന്തപുരം), ഗ്രാമീണവനിതാപ്രസ്ഥാനം (തിരുവല്ല) തുടങ്ങിയ സംഘടനകൾ രൂപംകൊണ്ടു. 1993ൽ കോഴിക്കോട് അന്വേഷി രൂപീകരിക്കപ്പെട്ടു. തുടർന്ന് കേരളത്തിലാകെയുള്ള സ്ത്രീസംഘടനകൾക്കൊരു പൊതുയിടം എന്ന നിലക്ക് കേരളസ്ത്രീവേദിയും രൂപീകരിക്കപ്പെടുകയുണ്ടായി. പ്രക്ഷോഭങ്ങളുടെ ഇടങ്ങളായി പ്രസ്ഥാനങ്ങൾ തുടരുന്നു. പഴയതലമുറയും പുതുതലമുറയും ഈ കാര്യത്തിൽ ഒന്നിച്ച് നിന്ന് പരസ്പരം ശക്തിപകർന്നുകൊണ്ട് മുന്നേറുകയെന്നതാണ് ഇന്നിന്റെ ആവശ്യം. സ്ത്രീയെന്ന അവസ്ഥയ്ക്കകത്തെ ദളിത്, ആദിവാസി, തൊഴിലാളി, മതവിശ്വാസി, ഭിന്നശേഷിയുള്ളർ, ലൈംഗികചായ്വുകൾ, പ്രായം–എന്നീ സ്വത്വരൂപങ്ങളെ പരിഗണിച്ചുകൊണ്ട് ലക്ഷ്യങ്ങളും തന്ത്രങ്ങളും രൂപപ്പെടുത്തിയെടുത്തുകൊണ്ട് പ്രക്ഷോഭങ്ങൾ വിഭാവനം ചെയ്യാൻ ശ്രമങ്ങളുണ്ടാവട്ടെ എന്ന പ്രത്യാശയുമായി ഈ ലക്കം സംഘടിത സമർപ്പിക്കുന്നു.



ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

ഷക്കീല യു.വി.

# സ്ത്രീകൾ സംവാദമായി മാറണം

ചരിത്രം സ്ത്രീകളെ തിരസ്ക്കരിക്കുകയാണ് പതിവ്. അടുക്കള, അരങ്ങ് ഇവയ്ക്കിടയിൽ ഒരു ദൂരം കണ്ടെത്തുകയും ആ മറയിൽ അവരെ പ്രതിഷ്ഠിക്കുകയുമാണ് ചെയ്യുന്നത്. ഈ ദൂരം തിരിച്ചറിയാതെ അവർ സങ്കല്പങ്ങളിൽ ജീവിക്കാൻ പ്രേരിതരാകുന്നു. ചരിത്രമങ്ങനെ 'വസ്തുത'കളുടെ കളങ്കങ്ങളിൽപ്പെട്ട് സ്ത്രീകളെ തിരിച്ചറിയാതെ ആകുന്നു.

എന്നാൽ ഇതിനു സമകാലികലോകത്ത് മാറ്റമുണ്ടായിട്ടുണ്ട്. സ്ത്രീകൾ അവരുടെ ബഹുത്വം കൊണ്ട് മാറ്റങ്ങൾ അഭിമുഖീകരിച്ചു തുടങ്ങിയിരിക്കുന്നു. ഭൂമി പരിസ്ഥിതി പ്രശ്നങ്ങളിൽ സ്വന്തമായ കാഴ്ചപ്പാടോടെ അവർ സമരമുഖത്ത് എത്തിക്കഴിഞ്ഞു. അതുകൊണ്ട് ഭീതിയോടു കൂടി മാത്രമേ പുരുഷാധിപത്യത്തിനു ഈ കാര്യങ്ങൾ നോക്കാനാകുന്നുള്ളൂ.

പുരുഷൻ ഏറ്റെടുത്ത ലോകങ്ങൾ സ്ത്രീകൾ ഏറ്റെടുത്തപ്പോൾ ഇതുവരെ വ്യാഖ്യാനിച്ചിരുന്നവയുടെ എല്ലാം താളം തെറ്റി, സ്വത്വത്തിനു പുതിയ അർത്ഥമുണ്ടായി. ചരിത്രത്തിനു തിരുത്തലുകളുണ്ടായി. അങ്ങനെ സ്ത്രീ ഒരു ജൈവസമൂഹത്തിന്റെ വ്യവസ്ഥയെ തന്നെ മാറ്റിയെന്നു പറയാം. ആ നിലക്കാണ് സ്ത്രീകളുടെ സമരങ്ങൾ ഇന്നു കാണുന്നതും രേഖപ്പെടുത്തുന്നതും.

സ്ത്രീകളുടെ ജീവിതം തന്നെ സമരമാണെന്നു തുറന്നുപറയുമ്പോൾ പുതിയ സ്വാതന്ത്ര്യത്തിന്റെ ദിശകളാണ് അത് തുറക്കുന്നത്. കുടുംബം, സമൂഹം എന്നീ കെട്ടുപാടുകളിലെ അർത്ഥശൂന്യതയെ കൂടി അത് വെളിപ്പെടുത്തുകയാണ്. ആർക്കും പൊളിക്കാനാവാത്ത മതിലുകളിൽ ഇത്തരത്തിൽ വീഴുന്ന വിള്ളലുകളാണ് നാളെയുടെ വഴികാട്ടികളാകുന്നത്.

സ്ത്രീകൾ ലോകത്ത് നടത്തിയ സമരങ്ങളുടെ തുടർച്ച കേരളത്തിലുമുണ്ടായിട്ടുണ്ട്. അതെല്ലാം രേഖപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അതിന്റെ എല്ലാ വഴികളും തുറന്നതാണോ എന്ന സംശയം ബാക്കിയിട്ടു. എത്രത്തോളം മാറ്റിയെഴുതാം ? എത്രത്തോളം ചരിത്രവും കഥനവും തമ്മിൽ ചേരാം? തുടങ്ങിയ വാദഗതികൾക്കിടയിലാണ് സംഘടിതാപതിപ്പിലെ ലേഖനങ്ങൾ കടന്നുപോകുന്നത്; യുക്തിയുടെ അസ്ഥിരമായ വേർപെടലും മറ്റൊന്നിൽ നിന്നുള്ള തുടർച്ചയും നമുക്കതിൽ കാണാം. എങ്കിലും സ്ത്രീകൾ നടത്തിയ സമരങ്ങളെ സ്ത്രീകൾ അടയാളപ്പെടുത്തുമ്പോഴുള്ള ഈ ലേഖനങ്ങളിലെല്ലാം കാണാനുണ്ട്. അതാണ് ഇതിലെ മറ്റൊരു സമരോന്മുഖത.

യാഥാർത്ഥ്യത്തോട് അടുക്കുമ്പോൾ സത്യം തുറന്നുപറയേണ്ടി വരും എന്നുപറയാറുണ്ട്. അപ്രകാരം തുറന്നുപറയാനുള്ള ആർജ്ജവം ഈ സ്ത്രീ രചനകൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. മാറിയ സാഹചര്യത്തിൽ ചുംബനസമരങ്ങളും രാത്രികൾ സ്വന്തമാക്കലും സ്ത്രീകളുടെ സ്വത്വാന്വേഷണത്തിന്റെ ഭാഗമാണ്. ആ രീതിയിൽ പുതിയ ഒരന്വേഷണത്തിന്റെ വഴികൂടി തുറക്കുന്നുണ്ട് ഇത്. പലതായി തിരിഞ്ഞ സൈബർ ലോകത്ത് നമ്മൾ പലതായി മാറേണ്ടതുണ്ട്. ആ മാറ്റങ്ങൾ തങ്ങളിൽ നിന്നുള്ള മാറ്റമാണെന്ന അറിവ് നേടേണ്ടതുണ്ട്. കടന്നുവരുന്ന സമൂഹത്തിന്റെ യുക്തികൾ എത്ര സങ്കീർണ്ണമാണെങ്കിലും അത് മനസ്സിലാക്കാനുള്ള കരുത്ത് നാം നേടേണ്ടതുണ്ടെന്നും ഇക്കാലം നമ്മോട് പറയുന്നുണ്ട്. അതിനനുസരിച്ച് നാം നമ്മോട് പൊരുതേണ്ടതുണ്ട്. ആ പോരാട്ടങ്ങളാണ് സ്ത്രീകളുടെ ചരിത്രം നിർണ്ണയിക്കുക. അതോടെ പുരുഷകേന്ദ്രിതമായ ചരിത്രനിർമ്മിതിക്ക് മാറ്റമുണ്ടാകും. അതിനായി ശ്രമിക്കുന്നതിന്റെ ഭാഗമാണ് ഈ നിർമ്മിതികൾ.

സമരമുഖത്ത് നിലയുറപ്പിച്ചിരിക്കുന്ന സ്ത്രീകളെ തിരിച്ചറിയുന്നതിലൂടെ ആൺലോകത്തിന്റെ ചരിത്രനിർമ്മിതിയെ തിരുത്താൻ അവസരമുണ്ടാകും. 'താലിമാറ്റൽ' പോലെ സ്ത്രീദ്വന്ദങ്ങളില്ലാത്ത തുറന്ന സംവാദമായി മാറുന്നതായിരിക്കണം വരും കാലങ്ങൾ. അതോടൊപ്പം 'ഭിന്നലിംഗ' ങ്ങളെ ജനാധിപത്യപരമായി കാണാൻ കഴിയണം. ചരിത്രം തരുന്ന വൈകാരികതയിലൂടെ കാലഘട്ടത്തിന്റെ രോഗാതുരതയായി കണ്ടുകൊണ്ട് അതിനെ മറികടക്കാനുള്ള തുറന്ന മനസ്സാണ് ഇനി ആവശ്യം. പാരമ്പര്യത്തിന്റെ സന്ധികളിൽ തങ്ങൾക്ക് നഷ്ടപ്പെട്ടതുമാത്രം അന്വേഷിച്ചുകൊണ്ട് മറ്റൊരു പാരമ്പര്യം നിർമ്മിച്ചെടുക്കൽ തിരിച്ചുപോക്കിന്റേയും ഗൃഹാതുരതയുടേയും രാഷ്ട്രീയമാണെന്ന തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. സ്വതന്ത്രമായി ചിന്തിക്കാനും ലളിതവത്ക്കരണങ്ങളെ തിരിച്ചറിയാനും നമ്മുടെ territoryകൾക്കുള്ളിൽ കടന്നുകൂടുന്ന stigma കളെ പുറത്തെടുക്കാനും കഴിയുന്ന മാനസികാവസ്ഥയാണ് ഇനിവേണ്ടത്. പ്രായോഗികതയുടെ, യാഥാർത്ഥ്യത്തിന്റെ ആ മേഖലയിൽ നിന്നുകൊണ്ട് സൂക്ഷ്മതയോടെ നമുക്ക് ചിന്തിക്കാം.



മായ എസ്.

# സ്ത്രീ: ജീവിതങ്ങൾ യാഥാർത്ഥ്യങ്ങൾ ജീവിതം തന്ന സമരം



സ്ത്രീകളും സമരങ്ങളും തമ്മിലുള്ള ബന്ധം ഔപചാരികതയുടേതല്ല. സ്ത്രീകളുടെ ജീവിതം തന്നെ ഒരു സമരമുഖത്തിന്റേതാണ്. അതുകൊണ്ടു തന്നെ സ്ത്രീജീവിതവും സമരവും വേറിട്ടു കാണാൻ പറ്റാത്തവിധം കെട്ടുപിണഞ്ഞതാണ്. ''Personal is political' എന്ന ഫെമിനിസ്റ്റ് ആപ്തവാക്യം അറിഞ്ഞും അറിയാതെയും സ്ത്രീജീവിതത്തിൽ സമരങ്ങൾ ഉണ്ടാക്കുന്നുണ്ട്. നാം വ്യക്തിപരമെന്ന് ചുരുക്കുന്ന കാര്യങ്ങൾ, ചുരുക്കിക്കാണാൻ ശീലിച്ച കാര്യങ്ങൾ, രാഷ്ട്രീയമായി ബോധപൂർവ്വം അല്ലെങ്കിലും മിക്ക സ്ത്രീകളുടെയും ജീവിതത്തെ സമരമാക്കിമാറ്റുന്നുണ്ട്. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ പറഞ്ഞുറപ്പിക്കുന്നതിനും, വ്യക്തിത്വം സ്ഥാപിക്കുന്നതിനും അവകാശങ്ങളും നീതിയും ഉറപ്പുവരുത്തുന്നതിനും വേണ്ടി സമരം ചെയ്യുന്ന പോലെയാണ് നമ്മുടെ സമൂഹത്തിൽ സ്ത്രീകൾ ജീവിക്കേണ്ടിവരുന്നത് എന്ന യാഥാർത്ഥ്യം തിരിച്ചറിയാതെയിരിക്കാൻ സാധിക്കില്ല.

സമൂഹത്തിലെ നിലവിലുള്ള സാഹചര്യങ്ങൾക്കും നിയമങ്ങൾക്കും പീഡനങ്ങൾക്കും എതിരെ പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് സ്ത്രീകൾ സംഘടിതമായി നടത്തുന്ന സമരങ്ങൾ നമ്മുടെ സമൂഹത്തിൽ ചെറിയ ചലനങ്ങൾ ഉണ്ടാക്കുന്നുണ്ട്. അഥവാ, മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഉദാഹരണമായി, നിയമനിർമ്മാണ രംഗത്തും സാമൂഹ്യപരിസരങ്ങളിലെ സൗകര്യങ്ങൾ ഒരുക്കുന്നതിലും സ്ത്രീകളെ പ്രത്യേകം പരിഗണിക്കുന്നതായി കാണാം. പുരുഷാധിപത്യം ശീലിച്ചു വരുന്ന സമൂഹത്തിന്റെ ചരിത്രരൂപമായി ഇതനിവാര്യമാണെന്ന് പൊതുജനത്തിനും ബോധ്യം വന്നു തുടങ്ങിയിട്ടുണ്ട്. ഗാർഹികപീഡന നിരോധനനിയമം, വിമൻസ് പോലീസ് സ്റ്റേഷൻ(സ്ത്രീ സൗഹൃദ പോലീസ്സ്റ്റേഷൻ, പഞ്ചായത്തിലും പാർലമെന്റിലും മറ്റിതര സ്ഥാപനങ്ങളിലുമൊക്കെ സ്ത്രീപ്രാതിനിധ്യം തുടങ്ങിയവ നടപ്പിലാക്കുക വഴി സ്ത്രീസംഘങ്ങളുടെ സമരപ്രവർത്തനങ്ങൾക്ക് ഫലം കണ്ടുതുടങ്ങിയെന്ന് പറയാം. കൂടാതെ, സ്ത്രീകൾക്ക് അഭിപ്രായസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഉറക്കെ പറയുവാൻ കഴി

യുന്ന അവസ്ഥ സമൂഹത്തിലുണ്ടായിത്തുടങ്ങിയിട്ടുമുണ്ട്. എങ്കിലും വ്യക്തിപരമായി സ്ത്രീകൾക്ക് എത്രമാത്രം സ്വാഭിമാനവും (self esteem) വ്യക്തിത്വവും ഉണ്ടാക്കുവാനും നിലനിർത്തുവാനും സാധിക്കുന്നുണ്ട് എന്ന് ആലോചിച്ചാൽ, ഓരോ സ്ത്രീയും നിത്യജീവിതത്തിൽ പലതരം സമരത്തിലേർപ്പെടുന്നതായി കാണാം.

സ്ത്രീകളുടേത് ജീവിതമല്ല, ജീവിതസമരമാണ് എന്ന് പറയാവുന്ന അവസ്ഥയാണ് ഇന്ത്യൻ സാഹചര്യത്തിലുള്ളത്. ആഗോളതലത്തിൽ അതിവേഗപുരോഗതിയും സങ്കീർണ്ണമായ സാമൂഹ്യസാഹചര്യങ്ങളും നമ്മുടെ നാടിന്റെ മുഖചരായ മാറ്റിക്കൊണ്ടിരിക്കുന്ന അവസരത്തിലും സ്ത്രീകളുടെ അവസ്ഥകൾ ശോചനീയമെന്ന് പറയാവുന്ന ഭൗതിക അവസ്ഥകളെക്കുറിച്ചല്ല ഇവിടെ സൂചിപ്പിക്കുന്നത്. ഒന്നാംലോകമെന്നും മൂന്നാംലോകമെന്നും തരംതിരിക്കാൻ തോന്നാത്തവിധം ഭൗതികസാഹചര്യങ്ങൾ (Material situations)മെച്ചപ്പെട്ടിട്ടുണ്ട്. എങ്കിലും സ്ത്രീസ്വാതന്ത്ര്യത്തിന്റേയും സ്ത്രീപുരുഷസമത്വത്തിന്റേയും ലിംഗപദവി കാഴ്ചപ്പാടിന്റേയും കാര്യത്തിൽ മനുഷ്യരുടെ മനഃസ്ഥിതി എന്താണ് എന്നു പരിശോധിച്ചാൽ സ്ത്രീകളുടെ ജീവിതസമരത്തിന്റെ പൊരുൾ മനസ്സിലാവും. സ്ത്രീക്ക് നേരെയുയർത്തുന്ന വിലക്കുകളുടേയും നിയന്ത്രണങ്ങളുടേയും കണക്കുപരിശോധിച്ചാൽ സ്ത്രീകൾ നടത്തുന്ന ജീവിതസമരത്തിന്റെ കാഠിന്യം തിരിച്ചറിയാൻ കഴിയും.

ഒട്ടുമിക്ക സ്ത്രീകളും ഇടപെടേണ്ടി വരുന്ന സാമൂഹ്യസ്ഥാപനങ്ങളാണ് വിദ്യാഭ്യാസം, ജോലി, ജാതി, മതം തുടങ്ങിയവയുമായി ബന്ധപ്പെട്ടിട്ടുള്ളവ. എന്നാൽ എല്ലാ സ്ത്രീകളും ഇടപെടുന്ന സ്ഥാപനമാണ് കുടുംബം. ഇത്തരം സ്ഥാപനങ്ങളിലെല്ലാം സ്വന്തം സ്ഥാനവും വ്യക്തിത്വവും മാന്യതയും സൃഷ്ടിച്ചെടുക്കാനും നിലനിർത്താനും സ്ത്രീകൾക്ക് പുരുഷനേക്കാൾ പതിന്മടങ്ങ് അധ്വാനിക്കേണ്ടിവരുന്നു. സാമൂഹ്യസ്ഥാപനങ്ങൾ ഏതെല്ലാം വിധത്തിലുള്ള നിയന്ത്രണങ്ങൾ സ്ത്രീകൾക്കായി ഒരുക്കുന്നുവെന്നതു പരിശോധിച്ചാൽ സ്ത്രീസമരത്തിന്റെ ജീവിതോന്മുഖമായ ചിത്രം ലഭിക്കും. വിദ്യാഭ്യാസസ്ഥാപനങ്ങളിലും ജോലിസ്ഥലങ്ങളിലും വിശാലമായതലത്തിൽ, ഭരണകൂടമാതൃകകളിലൊക്കെയും രണ്ടാംകിടക്കാരായി തരംതാഴ്ത്താതിരിക്കാൻ സ്ത്രീകൾ നടത്തുന്ന സമരങ്ങൾ ചെറുതല്ല. ജാതി, മതം എന്നീ വിപുലമായ സാമൂഹ്യസ്ഥാപനങ്ങൾ സ്ത്രീകൾക്കു നേരെ നടത്തുന്ന ആക്രമണങ്ങൾ നിരവധിയാണ്.

സ്ത്രീകൾക്ക് എക്കാലത്തും ഇടപെടേണ്ടി വരുന്ന അടിസ്ഥാനസാമൂഹ്യസ്ഥാപനമാണ് കുടുംബം. കുടുംബത്തെ പുനർനിർവചിക്കാത്തിടത്തോളം കാലം സ്ത്രീകൾക്ക് തുല്യതയും വ്യക്തിസ്വാതന്ത്ര്യവും ഉറപ്പാക്കാനാവില്ല. വീട്ടുജോലിക്കാരി, ലൈംഗികവസ്തു, അബല, ചപല, സംരക്ഷിക്കപ്പെടേണ്ടവൾ, നിയന്ത്രിക്കപ്പെടേണ്ടവൾ തുടങ്ങിയ ആശയങ്ങൾ നിലനിർത്തുന്ന തരത്തിലാണ് നമ്മുടെ കുടുംബങ്ങളുടെ രീതി.

വേഷത്തിലും ഭാവത്തിലും നോക്കിലും വാക്കിലും പ്രണയത്തിലും വിവാഹത്തിലും എന്നുവേണ്ട ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾ എങ്ങനെയാകണം, എന്തുചെയ്യണം എന്നനുശാസിക്കുന്നതിൽ ജാതിമതനിയമങ്ങളും അതുവഴി സൃഷ്ടിക്കപ്പെടുന്ന സാംസ്കാരിക മൂല്യങ്ങളും അനവധിയാണ്. അഹംബോധമുള്ള സ്വാഭിമാനികളായ സ്ത്രീകൾക്ക് ഇവക്കെതിരെ നിരന്തര സമരം ജീവിതത്തിലുടനീളം നടത്തേണ്ടി വരുന്നു.

ഇത്തരം വിപുലമായ സാമൂഹ്യനിയന്ത്രണസ്ഥാപനങ്ങൾക്കു പുറമെ സ്ത്രീകൾക്ക് എക്കാലത്തും ഇടപെടേണ്ടി വരുന്ന അടിസ്ഥാനസാമൂഹ്യസ്ഥാപനമാണ് കുടുംബം. കുടുംബത്തെ പുനർനിർവചിക്കാത്തിടത്തോളം കാലം സ്ത്രീകൾക്ക് തുല്യതയും വ്യക്തിസ്വാതന്ത്ര്യവും ഉറപ്പാക്കാനാവില്ല. വീട്ടുജോലിക്കാരി, ലൈംഗികവസ്തു, അബല, ചപല, സംരക്ഷിക്കപ്പെടേണ്ടവൾ, നിയന്ത്രിക്കപ്പെടേണ്ടവൾ തുടങ്ങിയ ആശയങ്ങൾ നിലനിർത്തുന്ന തരത്തിലാണ് നമ്മുടെ കുടുംബങ്ങളുടെ രീതി. സ്ത്രീ–പുരുഷബന്ധങ്ങളുടെ കുടുംബപശ്ചാത്തലം സ്നേഹത്തിന്റെ അഥവാ പ്രണയത്തിന്റെ അടിസ്ഥാനത്തിലല്ലാതിരിക്കുകയും ലാഭത്തിന്റേയും സുരക്ഷയുടേയും മാത്രം അടിസ്ഥാനത്തിലായിരിക്കുകയും ചെയ്യുന്ന കുടുംബജീവിതമാതൃകയാണ് നിലവിലുള്ളത്. ഇതിനെ പുനർവിചിന്തനം ചെയ്ത് പുതുക്കിപ്പണിതാൽ മാത്രമേ, സമരത്തിന്റെ രീതിയിൽ നിന്നുമാറി സ്ത്രീജീവിതത്തിന് സ്വസ്ഥതയുള്ള സ്നേഹബന്ധങ്ങളിൽ നിലനിൽക്കുവാൻ കഴിയൂ. ജീവിതത്തെ സ്വാതന്ത്ര്യത്തിന്റേയും സമത്വത്തിന്റേയും സന്തോഷത്തിന്റേയും ആഘോഷമായി മാറ്റാനാകൂ.

കവർസ്റ്റോറി – അഭിമുഖം

**അഡ്വ. എം.എം. ഗ്രേസി/ ജ്യോതിനാരായണൻ**



ജ്യോതിനാരായണൻ

# സംഘടനകൾ, പ്രവർത്തനങ്ങൾ, അനുഭവങ്ങൾ : സ്വകാര്യപൊതുജീവിതങ്ങൾ ഒന്നാകുമ്പോൾ-



ആണും പെണ്ണും ജനിക്കുന്നതും വളരുന്നതും ഒരേ സാഹചര്യത്തിൽ, പിന്നെന്തേ പെണ്ണ് രണ്ടാംകിടയായി?

ഒന്ന് : സംഘടന എന്ന ആശയത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്? ആദ്യകാല അനുഭവങ്ങൾ?

ഗ്രേ : സംഘടന എന്ന വാക്കിനു ധാരാളം അർത്ഥതലങ്ങളും രൂപഭാവങ്ങളുമുണ്ട്. ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ചായിരിക്കും ഒരു സംഘടന രൂപഭാവങ്ങൾ കൈവരിക്കുന്നത്. ഉദ്ദേശലക്ഷ്യങ്ങളും സമീപനങ്ങളും അത് പ്രതിനിധാനം ചെയ്യുന്ന പ്രത്യയശാസ്ത്രത്തിനും കാഴ്ചപ്പാടുകൾക്കുമനുസരിച്ചായിരിക്കുന്നതാണ്.

1989 വരെ സംഘടനകളെക്കുറിച്ച് യാതൊരു വിജ്ഞാനവുമില്ലാതെ വളരെ ഗ്രാമീണമായ ഒരു കർഷകുടുംബസാഹചര്യത്തിലാണു ഞാൻ വളർന്നു വന്നത്. അക്കാലത്ത് സാമൂഹ്യവൽക്കരണ (പരുവപ്പെടുത്തൽ) പ്രക്രിയയിലെ നെടുംതൂണുകളായ വീട്, പളളി, സ്കൂൾ (കോളേജ്) എന്നീ സ്ഥാപനങ്ങളെ ചുറ്റിപ്പറ്റിയായിരുന്നു എന്റെ ജീവിതം. ബാംഗ്ലൂരിലുള്ള ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ (Indian Social Institute by Jesuit Priests) 3 1/2 മാസക്കാല ദൈർഘ്യമുള്ള പഠനകളരിയിൽനിന്നും സാമൂഹ്യവിശകലനവും പിന്നെ കുറച്ചു നിയമസഹായവിദ്യയും പഠിച്ചു. ഇവിടുത്തെ പഠനത്തിന്റെ ഭാഗമായി ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന ഫെമിനിസ്റ്റ് – വനിത സംഘടനകളുടെ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ധാരാളം ആക്ടിവിസ്റ്റുകളെ കാണുകയും ചെയ്തു. അറിവിനെ അടുക്കിവെയ്ക്കാനും അറിവിനെ–സമൂഹത്തെ വിശകലനം ചെയ്യാൻ ഉപയോഗിക്കാനും പഠിച്ചു.

ആണും പെണ്ണും ജനിക്കുന്നതും വളരുന്നതും ഒരേ സാഹചര്യത്തിൽ, പിന്നെന്തേ പെണ്ണ് രണ്ടാംകിടയായി? കമ്മ്യൂണിസം എങ്ങനെ ദൈവനിഷേധമാകും/

ദൈവവിരോധമാകും? ഈ രണ്ടു ചോദ്യങ്ങൾ എന്നും എന്റെ കൂടെയുണ്ടായിരുന്നു. ബാംഗ്ലൂർപഠനം ഒരു പരിധിവരെ ഇതിന് ഉത്തരം നല്കി. പൂർണ്ണമായില്ല. വിവാഹം തല്ക്കാലം വേണ്ടെന്നുവെച്ച് ഒരു ട്യൂട്ടോറിയൽ കോളേജിൽ വാദ്ധ്യാർപണി ചെയ്തുകൊണ്ടിരുന്നപ്പോൾ അവിടുത്തെ ചർച്ചകളും എന്നെ സ്വാധീനിച്ചു. ഈ ചിന്തകൾ, അന്വേഷണങ്ങൾ എന്നെ തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ (PCO centre) എന്ന സംഘടനയിലെത്തിച്ചു. അക്കാലത്ത് CPI (M) സംഘടിപ്പിച്ച മനുഷ്യചങ്ങലയിൽ കൈകോർത്തു എന്ന കുറ്റത്തിന് പുറത്താക്കപ്പെട്ട 5 പുരോഹിതന്മാർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് തൃശൂരിൽ നടന്ന കൺവെൻഷനിൽ പങ്കെടുക്കാൻ വന്ന സിസ്റ്റർ പത്രീഷ്യ കുരുവിനാക്കുന്നേൽ വഴി ഞാൻ പി.സി.ഒ. സെന്ററിൽ ഔദ്യോഗിക ഇന്റർവ്യൂ കഴിഞ്ഞ് 1990 ഫെബ്രുവരിയിൽ നിയമിതയായി. പി.സി.ഒ. സെന്റർ എന്ന സംഘടന എന്നെ അറിവിന്റെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചു. അവിടുത്തെ അന്തരീക്ഷം, പ്രവർത്തനങ്ങൾ, സംഘടനയിലെ അംഗങ്ങൾ, പ്രവർത്തകർ, നേതൃത്വം തുടങ്ങി എല്ലാം എല്ലാം എന്റെ വളർച്ചയെ സഹായിച്ചു. എന്നെ സംബന്ധിച്ചിടത്തോളം അതൊരു പുതിയ ലോകമായിരുന്നു. അറിവും സ്വാതന്ത്ര്യവും ഒറ്റയടിക്ക് നേടാനായത് എന്നെ ചില്ലറയൊന്നുമല്ല സന്തോഷിപ്പിച്ചത്. അവിടെ നിന്നുമാണു ഞാൻ/പെണ്ണ്/സ്ത്രീ ആരാണെന്ന് തിരിച്ചറിഞ്ഞത്. സാമ്പത്തിക സ്വാതന്ത്ര്യമല്ല യഥാർത്ഥ സ്വാതന്ത്ര്യം (അതൊരു ഘടകം മാത്രം) അറിവു നല്കുന്ന സ്വാതന്ത്ര്യം, അതിന്റെ അപാരമായ ശക്തി ഞാൻ അനുഭവിച്ചറിഞ്ഞു. പി.സി.ഒ. സെന്റർ പഠിക്കാനും വളരാനും പ്രവർത്തിക്കാനുമുള്ള അവസരങ്ങൾ നൽകി. വലുപ്പച്ചെറുപ്പമില്ലാതെ, ലിംഗഭേദമില്ലാതെ, എല്ലാവർക്കും തുല്യ അവസരങ്ങൾ നല്കിവന്ന പി.സി.ഒ. പോലൊരു സംഘടന വേറൊന്നുണ്ടാകാനിടയില്ല. നളിനി നായിക്, ഏല്യാമ്മ വിജയൻ, ജോൺ ഫെർണാണ്ടസ്, പ്രൊഫ. ജോൺ കുര്യൻ തുടങ്ങിയ പേരുകൾ പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. അപ്രകാരം ലഭിച്ച അവസരങ്ങളിൽ ചിലതാണ് എഫ്.എ.ഒ. (FAO)യുടെ സഹായത്തോടെ സംഘടിപ്പിക്കപ്പെട്ട (South Asian Workshop on Women and Development - by Kamala Bhasin, Jagori) ഒരുമാസം നീണ്ടുനിന്ന പഠനക്കളരിയിൽ പങ്കെടുക്കാനായത്. മറ്റൊന്ന് നോർവേയും (Norwegian Society for the Conservation of Nature) തിരുവനന്തപുരത്തെ സി.ഡി.എസ്സും (Centre for Development Studies) സംയുക്തമായി സംഘടിപ്പിച്ച നോൽവ്വേ ഫിഷറിയെക്കുറിച്ചു പഠിക്കുന്നതിനായുള്ള 1/2 മാസം നീണ്ടുനിന്ന പഠനയാത്ര. വേറൊന്നാണ് ബാംഗ്ലൂർ ഐ.എസ്സ്.ഐ. (ISI)യുടെ മൂന്നാഴ്ച നീണ്ടുനിന്ന റിസർച്ച് മെത്തഡോളജി വർക്ക് ഷോപ്പിൽ പങ്കെടുത്ത് വിവിധ ഗവേഷണരീതികളെക്കുറിച്ച് പഠിക്കാനായത്. ഇവകൂടാതെയാണ് സെമിനാറുകൾ, ശില്പശാലകൾ, കോഴ്സുകൾ, പഠനപരിശീലന പരിപാടികൾ, സമരപോരാട്ടങ്ങൾ, നേതൃത്വയോഗങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ ആവശ്യങ്ങൾക്കായി സംസ്ഥാനത്തിനകത്തും പുറത്തും രാജ്യത്തിന് പുറത്തും സഞ്ചരിക്കാനും പഠിക്കാനും പങ്കാളിയാകാനും ലഭിച്ച അവസരങ്ങൾ.

ദേശീയ അന്തർദ്ദേശീയതലങ്ങളിൽ വരുന്ന ഓരോ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ മാറ്റങ്ങൾ പൊതുവിലും മത്സ്യമേഖലയിൽ പ്രത്യേകിച്ചും വരുത്തുന്ന/വരുത്താവുന്ന പ്രത്യാഘാതങ്ങളും ഗുണങ്ങളും പഠിക്കുകയും പങ്കുവെയ്ക്കുകയും ചെയ്തുവന്നിരുന്നു. കൂടാതെ ഈ അറിവുകൾ, സെമിനാറുകൾ, പഠനക്ലാസ്സുകൾ, ശില്പശാലകൾ, പഠനയാത്രകൾ എന്നിങ്ങനെ പലവിധ പരിപാടികൾ സംഘടിപ്പിച്ച് അതാതു സമയങ്ങളിൽ തന്നെ സാധാരണ ജനങ്ങളിലുമെത്തിച്ചിരുന്നു.

രണ്ട് : ആദ്യകാല പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു?

ഗ്രേ : ഒരു പഠനവും പഠനത്തിനുവേണ്ടിയുള്ളതായിരുന്നില്ല. മറിച്ച്, പ്രയോഗിക്കാനും പ്രാവർത്തികമാക്കാനുമുള്ളതായിരുന്നു. അറിവിന്റെ കാലാനുസൃതമായ മെച്ചപ്പെടുത്തൽ പി.സി.ഒ.യിൽ കൃത്യമായി നടന്നിരുന്നു. ദേശീയ അന്തർദ്ദേശീയതലങ്ങളിൽ വരുന്ന ഓരോ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ മാറ്റങ്ങൾ പൊതുവിലും മത്സ്യമേഖലയിൽ പ്രത്യേകിച്ചും വരുത്തുന്ന/വരുത്താവുന്ന പ്രത്യാഘാതങ്ങളും ഗുണങ്ങളും പഠിക്കുകയും പങ്കുവെയ്ക്കുകയും ചെയ്തുവന്നിരുന്നു. കൂടാതെ ഈ അറിവുകൾ, സെമിനാറുകൾ, പഠനക്ലാസ്സുകൾ, ശില്പശാലകൾ, പഠനയാത്രകൾ എന്നിങ്ങനെ പലവിധ പരിപാടികൾ സംഘടിപ്പിച്ച് അതാതു സമയങ്ങളിൽ തന്നെ സാധാരണ ജനങ്ങളിലുമെത്തിച്ചിരുന്നു. എല്ലാ വിദ്യാഭ്യാസ-പ്രായ-ലിംഗ ഗ്രൂപ്പിൽപ്പെട്ടവരും ഇത്തരം പ്രവർത്തനപരിപാടികളിൽ പങ്കാളികളോ/ഗുണഭോക്താക്കളോ ആയിരുന്നു. അറിവിന്റെ ഇത്തരം വ്യാപനങ്ങൾ പല പ്രസ്ഥാനങ്ങൾക്കും പ്രത്യേകിച്ച് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷ(KSMTF) ന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജമായിട്ടുണ്ട്.

## എന്റെ പ്രവർത്തന കാലഘട്ടത്തിൽ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ (കെ.എസ്.റ്റി.എഫ്.), ജനകീയപ്രസ്ഥാനങ്ങളുടെ ദേശീയസംഖ്യം (എൽ.എ.പി.എം.), തെരുവുകച്ചവടക്കാരുടെ ദേശീയസംഘടന (എൻ.എ.എസ്.വി.ഐ.നാസ്സ് വി) തുടങ്ങിയ സംഘടനകളുമായി കൂടുതൽ അടുത്തു സഹകരിക്കുന്നതിനും മറ്റു ചില സംഘടനകളായ കേരള സ്ത്രീവേദി, തൃശ്ശൂർ വിമൻസ് ഫോറം തുടങ്ങിയവയുടെ സ്ഥാപകാംഗങ്ങളിലൊരാളാകുന്നതിനും അവസരം ലഭിച്ചു.

എന്റെ പ്രവർത്തന കാലഘട്ടത്തിൽ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ (കെ.എസ്.റ്റി.എഫ്.), ജനകീയപ്രസ്ഥാനങ്ങളുടെ ദേശീയ സംഖ്യം (എൽ.എ.പി.എം.), തെരുവുകച്ചവടക്കാരുടെ ദേശീയസംഘടന (എൻ.എ.എസ്.വി.ഐ.നാസ്സ് വി) തുടങ്ങിയ സംഘടനകളുമായി കൂടുതൽ അടുത്തു സഹകരിക്കുന്നതിനും മറ്റുചില സംഘടനകളായ കേരള സ്ത്രീവേദി, തൃശ്ശൂർ വിമൻസ് ഫോറം തുടങ്ങിയവയുടെ സ്ഥാപകാംഗങ്ങളിലൊരാളാകുന്നതിനും അവസരം ലഭിച്ചു. കൂടാതെ ചില സംഘടനകൾക്ക് രൂപംനല്കുന്നതിന് മുൻകൈയ്യെടുത്ത് നേതൃത്വം നല്കുന്നതിനും അവസരമുണ്ടായി. ഉദാഹരണം, കേരള സ്ട്രീറ്റ് വെന്റേഴ്സ് ഫോറം (KSVF). മറ്റൊന്നാണ് ഡൽഹിയിലുള്ള സാക്ഷിയെന്ന സംഘടനയുടെ നേതൃത്വത്തിൽ തൊഴിലിടത്തെ ലൈംഗികപീഡനത്തെക്കുറിച്ച് ദേശീയതലത്തിൽ നടത്തപ്പെട്ട ഗവേഷണപഠനത്തിന്റെ ഭാഗമായി കേരളത്തിൽ ആ പഠനം നടത്താൻ കഴിഞ്ഞത്. പാലക്കാട് ഐ.ആർ.ടി.സി.യുടെ നേതൃത്വത്തിൽ CDSന്റെ പ്രോജക്ട് ആയ KRPLLD യുടെ ഭാഗമായി നടത്തപ്പെട്ട പി.എൽ.ഡി.പി. പ്രോജക്ടിൽ (Participatory Local Level Development Planning) ഡോ.എം.പി.പരമേശ്വരന്റെ കീഴിൽ പ്രവർത്തിക്കുകയുണ്ടായി.

മത്സ്യത്തൊഴിലാളികൾക്കിടയിൽ നടത്തിയ പഠന പരിശീലന സംഘാടനപ്രവർത്തനങ്ങൾ കെ.എസ്സ്.എം.റ്റി.എഫിന്റെ പ്രവർത്തനങ്ങളെ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. മത്സ്യങ്ങളുടെ പ്രജനനകാലത്തെ ട്രോളിംഗ് നിരോധനാവശ്യത്തിനുവേണ്ടിയുള്ള ഫെഡറേഷന്റെ സമരപോരാട്ടങ്ങളിൽ നേരിട്ടു പങ്കാളിയായിരുന്നതു കൂടാതെ കേരള പൊതുസമൂഹത്തിന്റെ പിൻതുണ ഉറപ്പാക്കുന്നതിനായി മത്സ്യസമ്പത്തു സംരക്ഷണസമിതി സംഘടിപ്പിച്ചും എറണാകുളം മുതൽ കാസർകോഡ് വരെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും അല്ലാതെയും ഫിഷറീസ് എക്സിബിഷൻ സംഘടിപ്പിച്ചും സഹായിച്ചുവന്നു.

**മൂന്ന് : ഇത്രയധികം പ്രസ്ഥാനങ്ങളിലും പരിപാടികളിലും പങ്കെടുത്തപ്പോഴുണ്ടായ വ്യക്തിപരമായ ചില അനുഭവങ്ങൾ പറയാമോ?**

ഗ്രേ : ഇപ്രകാരമുള്ള യാത്രകളിലുണ്ടായിട്ടുള്ള അനുഭവങ്ങളിൽ പലതും മറക്കാനാവാത്തതാണ്. പുരുഷനില്ലാത്ത സ്ത്രീകൾക്ക് നമ്മുടെ നാട്ടിലെ ഹോട്ടലുകളിൽ താമസസൗകര്യം ലഭിക്കില്ല എന്നുള്ളത് ഒരു തിരിച്ചറിവായിരുന്നു. കോഴിക്കോട്. കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഒരു താമസസൗകര്യത്തിനായി ഞങ്ങൾ (മേഴ്സി അലക്സാണ്ടറും ഞാനും) മുട്ടാത്ത വാതിലുകളില്ല. ഞങ്ങളെ കാണുമ്പോഴേ സ്ഥലമില്ലെന്നു പറയുന്ന ഹോട്ടലുകളിൽ ഞങ്ങളുടെ മുന്നിൽത്തന്നെ പുരുഷന്മാർ ഒറ്റയ്ക്കും സ്ത്രീകളോടുകൂടിവന്നും റൂം എടുക്കുന്നു. കാസർകോഡ് ഒരു ഹോട്ടലിൽ മകൻ റൂം തന്നു (അവൻ ഒരു കുട്ടിയായിരുന്നു). ഉച്ചകഴിഞ്ഞ് അച്ഛൻ വന്നപ്പോൾ റെയ്ഡ് ഉണ്ടാകുമെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തി തന്ന റൂം ക്യാൻസൽ ചെയ്ത് ഞങ്ങളെ പുറത്താക്കി. മറ്റൊന്ന്, ഒരു ബാറുടമ മാനസാന്തരപ്പെട്ട് താമസസ്ഥലമാക്കിയ ഹോട്ടലിൽ അടുത്ത പള്ളിയിലെ പുരോഹിതന്റെ ശുപാർശയാൽ ലഭിച്ച മുറിയിൽ രാത്രി 9 മണിക്ക് 2 വണ്ടി പോലീസുകാർ റെയ്ഡ് നടത്തി. എനിക്ക് സഹായിയായി എറണാകുളം സേവയിലെ ഒരംഗമായ മണി മാത്രമാണുള്ളത്. ഒരു സാധാരണ സ്ത്രീയായ മണി പേടിച്ചുവിറച്ച് കുളിക്കാൻ കയറിയ എന്നെ വിളിച്ചു. തലയിലൊഴിച്ച വെള്ളത്തോടെ തുണിയെടുത്തുടുത്ത് ഞാനിറങ്ങിവന്നു. ഞാനെന്റെ വിറയൽ മറച്ചുപിടിച്ച് ഇംഗ്ലീഷിൽ ഞങ്ങൾ ആരാണെന്നു പറഞ്ഞു. (ഇംഗ്ലീഷ് പ്രയോഗത്തിനൊരു കാരണമുണ്ട്, കണ്ണൂര് റൂം കിട്ടാതെയലയുമ്പോൾ ഒരു ഹോട്ടലിൽ ഇംഗ്ലീഷിൽ സംസാരിച്ച സ്ത്രീകൾക്ക് റൂം കിട്ടി. അതുകണ്ട് ഞങ്ങളും ആ തന്ത്രം പ്രയോഗിച്ചു. ആദ്യതവണ റൂം നിഷേധിച്ച ഞങ്ങൾക്ക് പിന്നീട് റൂം കിട്ടാൻ ഈ തന്ത്രം ഉപകരിച്ചു.) ഞങ്ങളുടെ മുറിയിൽ അനാശാസ്യമുണ്ടെന്ന് അവർക്ക് അറിയിപ്പുകിട്ടിയത്രെ. ഹോട്ടൽമാനേജർ ശക്തമായി എതിർത്തതിനാൽ അവർ ജനലിലൂടെ ഞങ്ങളെ ചോദ്യംചെയ്ത് മടങ്ങിപ്പോയി. സ്ഥലത്തെ ഒരു പ്രമാണിവക്കീൽ ഞങ്ങൾക്കു സ്ഥലം തന്നതിന്റെ മറവിൽ ഒരു പെണ്ണിനെ കൂട്ടിവന്നു. എന്നാൽ പ്രമാണിയെ നേരിട്ടറിയാവുന്ന മാനേജർ റൂം നിഷേധിച്ചതിനുവെച്ച വേലയാണെന്നാണ് അറിയാൻ കഴിഞ്ഞത്. അതുപോലെതന്നെ പ്രധാനമാണ് അന്യസംസ്ഥാനത്ത് ചെമ്മീൻ കമ്പനികളിൽ കൂട്ടത്തോടെ പെൺകുട്ടികളെ നിയമം ലംഘിച്ച് പണിക്ക് കൊണ്ടുപോയിക്കൊണ്ടിരുന്നത് തടയുന്നതിനായി നടത്തിയ പഠന-പ്രവർത്തനങ്ങൾ. 14 വയസ്സിനു താഴെ പ്രായമുള്ള

കുട്ടികളടക്കമുള്ളവർ അതിൽപെട്ടിരുന്നു. ചിലർ കൊല്ലപ്പെട്ട സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ബോംബെയിൽ ഒരു ചെമ്മീൻ കമ്പനിയിൽ പണിയെടുത്തിരുന്ന ഒരു സ്ത്രീ കമ്പനിയുടെ അറിവോടെ കൊല്ലപ്പെട്ടു. ഇതിന് ദൃക്സാക്ഷിയായ ആലപ്പുഴക്കാരി സ്ത്രീ സാക്ഷിപറഞ്ഞതിനാൽ കൊല്ലപ്പെട്ടവളുടെ കുടുംബത്തിന് നീതി ലഭിച്ചു. എന്നാൽ അതിലും വലിയ ദുരന്തമാണ് സാക്ഷിപറഞ്ഞ ആലപ്പുഴക്കാരിക്കും കുട്ടികൾക്കുമുണ്ടായത്. ഒരു ദിവസം രാവിലെ കമ്പനിയുടെ ഗുണ്ടകൾ വന്ന് ഈ വീട്ടിൽക്കയറി അമ്മയെയും മകളെയും വെട്ടിക്കൊന്നു. ഇതുകണ്ട് രക്ഷപെടാനായി അടുക്കളമതിലിലൂടെ കയറുകയായിരുന്ന പ്രൈമറിക്ലാസ്സുകാരനെ വാഴ വെട്ടുംപോലെ വെട്ടി വെള്ളം നിറച്ച ടാങ്കിൽ തലകീഴായിട്ട് അവർ തിരിച്ചുപോയത്രെ. ഇതൊന്നും മനസ്സിൽ നിന്നും മറന്നോ മാഞ്ഞോ പോകുന്നില്ല.

നാല് : പ്രക്ഷോഭങ്ങളുടെ വിജയസാധ്യതകൾ എന്തായിരുന്നു?

ഗ്രേ : മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രാദേശിക (KSMTM), ദേശീയ (NFF) ട്രേഡ് യൂണിയനുകൾ സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായസഹകരണത്തോടെ മേഴ്സി അലക്സാണ്ടറുടെ നേതൃത്വത്തിൽ അക്കാലത്ത് ഞങ്ങൾ നടത്തിയ ഇടപെടലുകൾ മൂലം കുറേയേറെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനായിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീമതിമാർ നളിനിനായക്, ഏല്യാമ്മവിജയൻ, പിന്നെ ഫാ. തോമസ് കോച്ചേരി, ശ്രീ എ.ജെ. വിജയൻ എന്നിവരുടെ സംഭാവനകൾ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. മേധാപട്കർ നേതൃത്വം നല്കിവരുന്ന ജനകീയപ്രസ്ഥാനങ്ങളുടെ ദേശീയസഖ്യത്തിൽ ആദ്യകാലങ്ങളിൽ ഞാൻ സജീവമായിരുന്നു. അന്നുമെന്നുമെനിക്കു തോന്നിയിട്ടുള്ളത് എൻ.എ.പി.എമ്മിൽ ജനകീയപ്രസ്ഥാനങ്ങളേക്കാൾ വ്യക്തികൾക്കാണ് കൂടുതൽ ഊന്നലെന്നാണ്. ചെറുതും വലുതുമായ പ്രസ്ഥാനങ്ങൾ , ജനകീയകൂട്ടായ്മകൾ-ചെറുത്തുനില്പുഗ്രൂപ്പുകൾ, പോരാട്ടഗ്രൂപ്പുകൾ എന്നിങ്ങനെയുള്ളവയുടെയെല്ലാം സഖ്യമാകുന്ന എൻ.എ.പി.എം, ഇവയ്ക്കിടയിൽ പരസ്പരം സഹായമാവുക, അവർ ഉയർത്തുന്ന പ്രശ്നങ്ങളിൽ/വിഷയങ്ങളിൽ അവർക്ക് കരുത്തും ഊർജ്ജവും പകരുക അവരുടെ പരിമിതികൾ മറികടക്കാൻ വേണ്ട സഹായസംവിധാനങ്ങൾ ഒരുക്കുക, ഒരുക്കുവാൻ സഹായിക്കുക, കൂട്ടായ പോരാട്ടങ്ങൾക്ക് സംസ്ഥാന ദേശീയതലങ്ങളിൽ നേതൃത്വപരമായതും അല്ലാത്തതുമായ സഹായസഹകരണങ്ങൾ നല്കുക എന്നിങ്ങനെയുള്ളവയാണ് എൻ.എ.പി.എമ്മിൽനിന്നും പ്രതീക്ഷിക്കപ്പെടുന്നത്. എന്നാലിത് അപൂർവ്വം ചില സംഘടനകളുടെയോ നാമമാത്ര സംഘടനകളുടെയോ വ്യക്തികളുടെയോ കൂട്ടമായി ചുരുങ്ങിപ്പോയോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

കേരളത്തിലെ തെരുവുകച്ചവടക്കാരുടെ ആദ്യത്തെ (ഒരുപക്ഷേ ഏക) സ്വതന്ത്ര രജിസ്ട്രേഡ് ട്രേഡ് യൂണിയനാണ് കെ.എസ്.വി.എഫ്. ഇതിനുവേണ്ട എല്ലാവിധ പ്രോത്സാഹനവും നളിനി നായ്കിന്റെ ഭാഗത്തുനിന്നുമുണ്ടായിരുന്നു. വിവിധ പാർട്ടികളിൽപ്പെട്ടവരോ അനുഭാവികളോ ആയ തൃശ്ശൂർ ജില്ലയിലുള്ള തെരുവുകച്ചവടക്കാരാണ് ഇതിലെ അംഗങ്ങളത്രയും. കെ.എസ്.വി.എഫും നാസ്സ്വിയിൽ (National Association of Street Vendors of India) അംഗമാണ്. യൂണിയനൈസേഷൻ (unionisation) ഈ തൊഴിലാളികൾക്ക് ഒരു പരിധിവരെ സുരക്ഷ ഉറപ്പാക്കുന്നതിനും നിയമ-നിയമേതര സഹായങ്ങൾ ലഭ്യമാക്കുന്നതിനും വളരെയധികം സഹായിക്കുന്നുണ്ട്. ഒരു ദേശീയനയ-നിയമരൂപീകരണം വരെ കൊണ്ടുചെന്നെത്തിക്കുന്നതിന് ഇത് കാരണമായിയെന്നത് അഭിമാനാർഹംതന്നെ. അന്തർദ്ദേശീയതലത്തിൽ സ്ട്രീറ്റ്നെറ്റ് എന്ന പേരിൽ തെരുവു കച്ചവടക്കാർ സംഘടിതരാണ്. അതിൽ നാസ്സ്വിയുടെ സംഭാവന അത്യധികം സ്തുത്യർഹമാണ്. എങ്കിലും ദുഃഖിപ്പിക്കുന്ന ചില കാഴ്ചകൾ ഇപ്പോഴും നമുക്കു കാണാനാവുന്നതാണ്.

അഞ്ച് : കേരളത്തിലെ സ്ത്രീപക്ഷ പ്രസ്ഥാനങ്ങളുമായുള്ള പ്രവർത്തനങ്ങൾ വിവരിക്കാമോ?

ഗ്രേ : കേരള സ്ത്രീവേദി, തൃശ്ശൂർ വിമൻസ് ഫോറം എന്നീ സംഘടനകളുടെ സ്ഥാപകാംഗങ്ങളിലൊരാളാകാനുള്ള ഭാഗ്യമുണ്ടായതായി പറഞ്ഞുവല്ലൊ. ഒരു സംഘടനയുടെ വിത്തിടാൻ എളുപ്പമാണ്. കൊല്ലാനാണെങ്കിലതിലുമെളുപ്പം. എന്നാൽ വളർത്തുക കഷ്ടപ്പാടുള്ളതും. സ്ഥായിയായ വളർച്ച ഉറപ്പാക്കുകയെന്നത് അതിലും കഷ്ടകരംതന്നെ.

പലരും സംഘടനകളിൽ വന്നുപെടുന്നത് അതിന്റെ പ്രത്യയശാസ്ത്രത്തിലോ കാഴ്ചപ്പാടിലോ

പലരും സംഘടനകളിൽ വന്നുപെടുന്നത് അതിന്റെ പ്രത്യയശാസ്ത്രത്തിലോ കാഴ്ചപ്പാടിലോ വിശ്വസിക്കുന്നതുകൊണ്ടോ അല്ല, മറിച്ച് വ്യക്തിപരമായ സ്വന്തം കാഴ്ചപ്പാടും ഉദ്ദേശലക്ഷ്യങ്ങളും വെച്ചാണെങ്കിലും കേരള സ്ത്രീവേദി ചുരുങ്ങിയ കാലംകൊണ്ട് കേരളസമൂഹത്തിലുണ്ടാക്കിയ ചലനം ചെറുതല്ല. തിരഞ്ഞെടുപ്പുകളിൽ പി. ജെ.കുര്യൻ–കുഞ്ഞാലിക്കുട്ടിമാരെ മുട്ടുകുത്തിക്കുന്നതിന് സ്ത്രീവേദിയുടെ പ്രവർത്തനങ്ങൾ കൊണ്ടായി.

വിശ്വസിക്കുന്നതുകൊണ്ടോ, അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് എന്തെങ്കിലും ധാരണയോ താത്പര്യമോ ഉള്ളതുകൊണ്ടോ അല്ല , മറിച്ച് വ്യക്തിപരമായ സ്വന്തം കാഴ്ചപ്പാടും ഉദ്ദേശലക്ഷ്യങ്ങളും വെച്ചാണെങ്കിലും കേരള സ്ത്രീവേദി ചുരുങ്ങിയ കാലം കൊണ്ട് കേരളസമൂഹത്തിലുണ്ടാക്കിയ ചലനം ചെറുതല്ല. തിരഞ്ഞെടുപ്പുകളിൽ പി.ജെ.കുര്യൻ–കുഞ്ഞാലിക്കുട്ടിമാരെ മുട്ടുകുത്തിക്കുന്നതിന് സ്ത്രീവേദിയുടെ പ്രവർത്തനങ്ങൾ കൊണ്ടായി (പിന്നീടു സംഭവിച്ചവ ഇവിടെ മറക്കുന്നില്ല). സ്ത്രീവേദിയെ മാദ്ധ്യമങ്ങൾ അനാവശ്യമായി ഉയർത്തിക്കാട്ടുന്നതാണെന്ന് പറഞ്ഞവരോട്, എണ്ണമല്ല (എണ്ണവും പ്രധാനം തന്നെ) മറിച്ച് ഗുണമാണ് മുഖ്യമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോയ സ്ത്രീവേദി മുഖ്യധാര പാർട്ടികളെയും അവരുടെ വനിതാസംഘടനകളെയും സ്ത്രീപ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യുവാൻ നിർബ്ബന്ധിതമാക്കി. എന്നാൽ സ്ത്രീവേദിയെന്ന പ്ലാറ്റ്ഫോമിനെ (നെറ്റ്വർക്കിനെ) സംഘടനയെന്നു തെറ്റിദ്ധരിച്ചും തെറ്റിദ്ധരിപ്പിച്ചും ചിലരെങ്കിലും അത് ദുരുപയോഗം ചെയ്യുന്നതുവരെ എത്തി കാര്യങ്ങൾ. അത് സ്ത്രീവേദിയെ മാത്രമല്ല ഫെമിനിസ്റ്റ് എന്നു പറഞ്ഞാൽത്തന്നെ ആളുകൾ ആട്ടും എന്ന അവസ്ഥയിലേക്ക് ഈ പ്രത്യയശാസ്ത്രത്തേയും അതിന്റെ പ്രയോക്താക്കളെയും കൊണ്ടുചെന്നെത്തിക്കുംവരെയെത്തി.

അഭിപ്രായവ്യത്യാസങ്ങൾ സംഘടനയിൽനിന്നു അംഗങ്ങൾ കൊഴിഞ്ഞുപോകുന്നതിനോ, സംഘടന തന്നെ ഇല്ലാതാകുന്നതിനോ കാരണമാകാറുണ്ട്. ഈ കൊഴിഞ്ഞുപോക്കുവഴി/ഇല്ലാതാകൽവഴി നഷ്ടം വ്യക്തികൾക്കല്ല സമൂഹത്തിനാണെന്ന് നാം തിരിച്ചറിയണം.

ആറ് : സന്നദ്ധസംഘടനാപ്രവർത്തനവും രാഷ്ട്രീയപ്രവർത്തനവും തമ്മിൽ എങ്ങനെ വേർതിരിച്ചു കാണുന്നു?

ഗ്രേ : ഒരു സന്നദ്ധസംഘടനയെന്ന സേവയേക്കാൾ ട്രേഡ് യൂണിയൻ എന്ന സേവയ്ക്കാണ് പൊതുസ്വീകാര്യതയും ഫലപ്രദമായി ഇടപെടാനുള്ള സാദ്ധ്യതയുമെന്ന കാഴ്ചപ്പാടാണ് സേവ യൂണിയൻ പിറവിയെടുക്കുന്നതിന്റെ പിന്നിലുള്ളത്. ദേശീയ വനിതാകമ്മീഷന്റെ സഹകരണത്തോടെ സംഘടിപ്പിക്കപ്പെട്ട പബ്ലിക് ഹിയറിംഗിന്റെ ഭാഗമായി അസംഘടിത മേഖലയിൽ നടത്തിയ പഠനത്തിൽനിന്നും മനസ്സിലാക്കാനായത് മാറിയ സാമ്പത്തിക–രാഷ്ട്രീയ സാഹചര്യത്തിൽ സംഘടിതമേഖല ശുഷ്ക്കിച്ചുവരികയും അസംഘടിതമേഖല വിപുലമാവുകയും ചെയ്യുന്നുവെന്നാണ്. കൊച്ചിയിലുള്ള (കാക്കനാട്ടെ) പ്രത്യേക സാമ്പത്തികമേഖലയിലടക്കം വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികളുടെ ട്രേഡ് യൂണിയൻ നേതാക്കളടക്കം ലേബർ സപ്ലയേഴ്സായി മാറുന്ന കാഴ്ചയാണ് കാണാനിടയായത്. അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് പ്രത്യേകിച്ചും സ്ത്രീതൊഴിലാളികൾക്ക് ശക്തമായൊരു പ്രസ്ഥാനത്തിന്റെയും ഒരു റിസോഴ്സ്

ഒരു സന്നദ്ധസംഘടനയെന്ന സേവയേക്കാൾ ട്രേഡ് യൂണിയൻ എന്ന സേവയ്ക്കാണ് പൊതുസ്വീകാര്യതയും ഫലപ്രദമായി ഇടപെടാനുള്ള സാദ്ധ്യതയുമെന്ന കാഴ്ചപ്പാടാണ് സേവ യൂണിയൻ പിറവിയെടുക്കുന്നതിന്റെ പിന്നിലുള്ളത്. ദേശീയ വനിതാകമ്മീഷന്റെ സഹകരണത്തോടെ സംഘടിപ്പിക്കപ്പെട്ട പബ്ലിക് ഹിയറിംഗിന്റെ ഭാഗമായി അസംഘടിത മേഖലയിൽ നടത്തിയ പഠനത്തിൽനിന്നും മനസ്സിലാക്കാനായത് മാറിയ സാമ്പത്തിക–രാഷ്ട്രീയ സാഹചര്യത്തിൽ സംഘടിതമേഖല ശുഷ്ക്കിച്ചുവരികയും അസംഘടിതമേഖല വിപുലമാവുകയും ചെയ്യുന്നുവെന്നാണ്. കൊച്ചിയിലുള്ള (കാക്കനാട്ടെ) പ്രത്യേക സാമ്പത്തികമേഖലയിലടക്കം വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികളുടെ ട്രേഡ് യൂണിയൻ നേതാക്കളടക്കം ലേബർ സപ്ലയേഴ്സായി മാറുന്ന കാഴ്ചയാണ് കാണാനിടയായത്.

സെന്ററിന്റെയും അഭാവം വ്യക്തമായിരുന്നു. അവിടെയാണ് സേവയുടെ പ്രസക്തിയും. സേവ ട്രേഡ് യൂണിയൻ രംഗത്തു വരേണ്ടതിന്റെ ആവശ്യകത നേതൃത്വത്തെയും പ്രവർത്തകരെയും ബോദ്ധ്യപ്പെടുത്താനായതും അത് ഫലംകണ്ടുവെന്നതും എനിയ്ക്കേറെ സന്തോഷം നല്കുന്നു, നിലവിലിപ്പോൾ ഞാനതിന്റെ ഭാഗമല്ലെങ്കിലും.

ഏഴ് : സേവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഗ്രേ : എന്റെ പ്രത്യേക താല്പര്യത്തിൽ തിരുവനന്തപുരം സേവയുടെ (സേവ കേരള) സഹായത്തോടെ ഒരു പരിധിവരെ സ്വയം ഭരണ യൂണിറ്റായിട്ടാണ് തൃശ്ശൂർ സേവയുടെ ആരംഭമെങ്കിലും 2006 ജൂലൈ മുതൽ സ്വതന്ത്രമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരം സേവയുടെ ഭാഗമായിരുന്ന കാലത്ത് ഞാൻ ചെയ്ത മൂന്നു സുപ്രധാന പ്രവർത്തനങ്ങളിലൊന്ന് എൻ.എ.പി.എമ്മിനുവേണ്ടി മേധാപട്കറുടെ ജില്ലാറാലിയുടെ സംഘാടനവും ഏകോപനവും മറ്റൊന്ന് ദേശീയ വനിതാകമ്മീഷനുവേണ്ടി ശ്രീമതി നളിനി നായിക് നേതൃത്വം നല്കിയ അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികൾക്കിടയിൽ

ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു നടത്തിയ പഠനവും (സോണിയ ജോർജ്ജിനൊപ്പം) തുടർന്ന് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരും ദേശീയ വനിതാകമ്മീഷനദ്ധ്യക്ഷയടക്കം പങ്കെടുത്ത പബ്ലിക് ഹിയറിങ്ങിന്റെ മുഖ്യ സംഘാടനവും. വേറൊന്നാണ് തൃശ്ശൂർ ജില്ലയിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ജാഗ്രതാസമിതി–കുടുംബ ശാക്തീകരണവേദി രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിപ്പിച്ച് പഞ്ചായത്തു ഭരണകൂടത്തിനു കൈമാറിയത്. കേരള സംസ്ഥാന വനിതാകമ്മീഷന്റെ പരമ്പരാഗത രീതി വിട്ട് കുറേക്കൂടി സമഗ്രമായ ഒന്നാണിത്. ഇതിനു വേണ്ടി ഞാൻ പ്രത്യേകം തയ്യാറാക്കിയ നിയമാവലി ഗ്രാമപഞ്ചായത്തുഭരണകൂടം ഐകകണ്ഠേന പാസ്സാക്കുകയായിരുന്നു. അതുപ്രകാരമാണ് പ്രസ്തുത സമിതി പ്രവർത്തിച്ചുവരുന്നത്. ഒരു പരാതിപരിഹാര സെല്ലിനപ്പുറം സ്ത്രീകൾ- കുട്ടികൾ–പുരുഷന്മാർക്കിടയിൽ തമ്മിൽത്തമ്മിൽ സമത്വവും സൗഹാർദ്ദവുമുള്ള പഞ്ചായത്തു സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം. കുട്ടികളെ കേൾക്കുന്ന, സ്ത്രീകളെ തുല്യരായി പരിഗണിച്ച് ഒപ്പം നിർത്തുന്ന പരാതികളൊന്നുമില്ലാത്തൊരു പഞ്ചായത്ത്.

ജാഗ്രതാസമിതിയുടെ ഭാഗമായി വാർഡുതല വിജിലൻസുസെൽ, ലൈബ്രറി, സ്കൂളുകളിൽ ജെൻഡർ ഡസ്ക്, ഷോർട്ട് സ്റ്റേ ഹോം, പ്രീ മാരിടെൽ കോഴ്സ് തുടങ്ങി പലതും രൂപകല്പന ചെയ്തിരുന്നു. അതിൽ ജാഗ്രതസമിതി, ലൈബ്രറി, ജെൻഡർ ഡെസ്ക്, വിജിലൻസ് സെൽ ഇവയെല്ലാം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കി പഞ്ചായത്തിനു കൈമാറി. പാണഞ്ചേരി പഞ്ചായത്ത് ജാഗ്രതാസമിതി പിന്നീട് സംസ്ഥാന വനിതാ കമ്മീഷൻ ഒരു റിപ്ലിക്കബിൾ മോഡലായി അംഗീകരിക്കുകയും അതനുസരിച്ച് ജില്ലാ–സംസ്ഥാന തലങ്ങളിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രാദേശിക ഭരണാധികാരികൾ ഇതൊരു മാതൃകാജാഗ്രതാസമിതി എന്ന നിലയിൽ പഠിച്ച് നടപ്പാക്കാൻ ശ്രമിക്കുകയുണ്ടായി. കുടുംബത്തിനകത്തും പുറത്തും കുട്ടികൾ ലൈംഗിക–ലൈംഗികേതരമായി പീഡിപ്പിക്കപ്പെടുകയും കുട്ടികൾക്കിടയിൽ മയക്കുമരുന്നുപയോഗ പ്രശ്നങ്ങൾ ഉണ്ടാവുക, കുട്ടികളിലുണ്ടാകുന്ന പരസ്പരാകർഷണത്തെ ദുർവ്യാഖ്യാനം ചെയ്തും പെരുപ്പിച്ചും പ്രശ്നവത്ക്കരിക്കുക ഇങ്ങനെയുള്ള വിഷയങ്ങൾ ചൈൽഡ് ഫ്രണ്ട്ലിയായി കൈകാര്യം ചെയ്യുന്നതോടൊപ്പം ലിംഗപദവിയെക്കുറിച്ച് ബോധവത്കരിക്കുകയുമായിരുന്നു ജെൻഡർ ഡസ്കുകൊണ്ടുദ്ദേശിച്ചത്. ഈ ആശയത്തിൽ നിന്നുമാണ് സ്കൂളുകളിൽ നിർബന്ധമായും കൗൺസലിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിലേക്ക് സംസ്ഥാനസർക്കാർ എത്തിച്ചേർന്നത്.

എട്ട് : ഇപ്പോഴുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ഗ്രേ : തൃശ്ശൂർ സേവയുടെ ഭാഗമായി സേവ ട്രസ്റ്റ്,

## സേവ അപ്പാരൽ, തുന്നൽമേഖലയിൽ സ്ത്രീകൾക്ക് ഒരു തൊഴിൽ ലഭ്യമാക്കുന്നതോടൊപ്പം സ്ത്രീകൾക്കൊരു ഡ്രസ്സ്കോഡ് വികസിപ്പിച്ചെടുക്കാനുള്ള സാദ്ധ്യത തേടാൻ ശ്രമിക്കുകയാണിത്. പരമ്പരാഗതരീതികളിൽനിന്നു മാറി, ലളിതവും അന്തസ്സുള്ളതുമായ ഒരു വസ്ത്രലഭ്യതയും വസ്ത്രസംസ്കാരവും വളർത്തിയെടുക്കാനുള്ള ശ്രമം കൂടിയാണിത്.

സേവ അപ്പാരൽ എന്നിവ അതിന്റെ ശൈശവദശയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നു. ഉപേക്ഷിക്കപ്പെട്ടവർ/ഒറ്റയ്ക്കുള്ളവർ/ഉത്തരവാദിത്വപ്പെട്ടവരിൽനിന്നും സംരക്ഷണം ലഭിക്കാത്തവർ എന്നിങ്ങനെയുള്ള സ്ത്രീകൾക്ക് അവർ സ്വന്തമായി പണിയെടുത്തുണ്ടാക്കുന്ന തുകയുടെ ഒരുഭാഗം കൂട്ടിവെച്ച് അതുപയോഗിച്ച് സേവട്രസ്റ്റിനു കീഴിൽ നടത്തപ്പെടുന്ന വീട്ടിൽ താമസസൗകര്യം ലഭ്യമാക്കുകയാണ് സേവട്രസ്റ്റിന്റെ ലക്ഷ്യം. സ്ത്രീകൾക്ക് ഒരിടമുണ്ടെന്ന തോന്നൽതന്നെ സ്വന്തം വീടുകളിൽ അവർക്കുള്ള വിലപേശൽശേഷി വർദ്ധിപ്പിക്കുന്നതായിക്കാണാം.

സേവ അപ്പാരൽ, തുന്നൽമേഖലയിൽ സ്ത്രീകൾക്ക് ഒരു തൊഴിൽ ലഭ്യമാക്കുന്നതോടൊപ്പം സ്ത്രീകൾക്കൊരു ഡ്രസ്സ്കോഡ് വികസിപ്പിച്ചെടുക്കാനുള്ള സാദ്ധ്യതാന്വേഷണ ശ്രമം കൂടിയാണിത്. അതായത് പരമ്പരാഗതരീതികളിൽ നിന്നുമാറി, ലളിതവും അന്തസ്സുള്ളതുമായ ഒരു വസ്ത്രലഭ്യതയും വസ്ത്രസംസ്കാരവും വളർത്തിയെടുക്കാനുള്ള ശ്രമം.

കുട്ടികൾക്കുള്ള വെക്കേഷൻ ഹൗസും അനൗദ്യോഗിക വിദ്യാഭ്യാസവുമാണ് ആലോചനയിലിരിക്കുന്ന മറ്റു പ്രവർത്തനങ്ങൾ. സ്കൂളവധിക്കാലത്ത് പണിയ്ക്കുപോകുന്ന അമ്മമാർ നേരിടുന്ന ഒരു പ്രശ്നമാണ് കുട്ടികളുടെ സംരക്ഷണം. വീട് ഇന്നൊരു സുരക്ഷിതമേഖലയല്ലാതായിരിക്കുന്നു. വെക്കേഷൻ ഹൗസ് വഴി സുരക്ഷിതത്വവും ഫലപ്രദമായ ജീവിതവിജ്ഞാനവും (വിഷയവിജ്ഞാനമല്ല) നല്കാനാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

ഒമ്പത് : തിരിഞ്ഞുനോക്കുമ്പോൾ പ്രസ്ഥാനങ്ങളെയും ജീവിതത്തെയും എങ്ങനെ കാണുന്നു?

ഗ്രേ : സാമൂഹ്യരംഗത്തായിരിക്കുന്നിടത്തോളം ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സഹായകമാകുന്നതും അല്ലാത്തപ്പോൾ ആശ്രയിക്കാവുന്നതുമായ ഒരു തൊഴിൽ എന്ന നിലയിൽ നിയമം പഠിച്ചു. ഒരു വർഷം നന്നായി പ്രാക്ടീസ് ചെയ്തു. സമയക്കുറവു മൂലം നാമമാത്രമാക്കി.

എറണാകുളം ഗോശ്രീ പ്രോജക്ടിന്റെ ഭാഗമായി

വൻതോതിൽ കായൽ നികത്തി വില്പന നടത്തുവാൻ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ശ്രമങ്ങളെ ചെറുക്കുന്നതിനായി ഫാ. തോമസ് കോച്ചേരി, ഡോ. എം.കെ. പ്രസാദ് എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ രൂപീകൃതമായ കായൽ സംരക്ഷണ ഏകോപനസമിതിയും അതിന്റെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നതും ഇവിടെ ഞാൻ പ്രത്യേകം ഓർമ്മിക്കുന്നു. അന്ന് വെല്ലിങ്ടൺ അയലന്റിൽവെച്ച് ഈ പദ്ധതിയുമായി ബന്ധപ്പെട്ടൊരു (കേന്ദ്രസർക്കാർ ഏജൻസി) തെളിവെടുപ്പിൽ പങ്കെടുക്കാനെത്തിയ ഡോ.എം.കെ. പ്രസാദിനെ പദ്ധതി അനുകൂലികൾ യൂണിഫോമിലുള്ള സ്കൂൾകുട്ടികളടക്കം വന്ന് അസഭ്യം പറഞ്ഞ് അടിക്കാനടുത്തതും എന്റെ വണ്ടി കായലിൽ തള്ളാൻ ശ്രമിച്ചതുമൊന്നും മറക്കാനാകില്ല. ഇതൊക്കെയാണെങ്കിലും അന്നത്തെ പ്രവർത്തനങ്ങൾ കായൽ നികത്തലിന്റെ വ്യാപ്തി കുറയ്ക്കുവാൻ സഹായിച്ചു. അന്നതിന് തടയിടാൻ ഒരു പരിധിവരെ സാധിച്ചെങ്കിൽ ഇന്ന് പലയിടങ്ങളിലും കായൽ നികത്തൽ വൻതോതിലല്ലെങ്കിലും നടക്കുന്നുണ്ടെന്നാണ് കേട്ടറിയുന്നത്.

ഇവിടെ സൂചിപ്പിക്കാതെ പോകാനാകാത്ത ഒന്നാണ് ഫണ്ടും ബന്ധപ്പെട്ട കാര്യങ്ങളും. വിദേശഫണ്ടുകൾ മുഴുവൻ ദോഷകരവും കുഴപ്പം പിടിച്ചതും സംശയിക്കേണ്ടതും സ്വദേശഫണ്ടുകൾ മുഴുവൻ നിഷ്പക്ഷവും നിർദ്ദോഷകരവും സംശയിക്കാൻ കാരണമില്ലാത്തതും. അങ്ങനെയൊന്നില്ല. സർക്കാർ ഫണ്ടുകളോ? സർക്കാരോ സർക്കാർ ഏജൻസികളോ ബന്ധപ്പെട്ടവരോ വിദേശഫണ്ടു വാങ്ങി (വിദേശബാങ്കുകൾ, അന്താരാഷ്ട്ര ഏജൻസികൾ ഇവയെല്ലാംപെടും) പല ആവശ്യങ്ങൾക്കായി ചെലവഴിക്കുമ്പോൾ അത് നിഷ്പക്ഷമാണെന്ന് അർത്ഥമുണ്ടോ? ഫണ്ടിന്റെ ഉറവിടം പോലെതന്നെ സുപ്രധാനമാണ് ഉപയോഗവും അതുപയോഗിച്ചു പ്രവർത്തിക്കുന്ന സംഘടനകളും വ്യക്തികളും, അവ/അവർ നിലകൊള്ളുന്ന പ്രത്യയശാസ്ത്രങ്ങളും അവയുടെ/അവരുടെ ഉദ്ദേശലക്ഷ്യങ്ങളും രാഷ്ട്രീയവുമെല്ലാം.

പ്രസ്ഥാനം ഒന്ന് ജീവിതം മറ്റൊന്ന് എന്നൊന്നില്ല. ജീവിതത്തിന്റെ എക്സ്റ്റെൻഷൻ തന്നെയല്ലേ പൊതുപ്രവർത്തനവും? സ്വകാര്യജീവിതത്തിൽ പാലിക്കാനാവാത്ത ഒരു ജനാധിപത്യമര്യാദയും പൊതുജീവിതത്തിൽ പാലിക്കാനാവില്ല. തിരിച്ചും. വ്യക്തിപരമായതെല്ലാം രാഷ്ട്രീയപരവുമാണെന്നപോലെ രാഷ്ട്രീയപരമായത് വ്യക്തിപരം കൂടിയാണ്. ●

# ജീവിതം തന്നെ സമരം

രണ്ടു സ്ത്രീകൾ, സ്വന്തം ജീവിതങ്ങൾ കൊണ്ട് വഴി വെട്ടിത്തുറന്നവർ. അധികാരവ്യവസ്ഥകളെ ചങ്കൂറ്റത്തോടെ തലയുയർത്തി നേരിട്ട്, മരണത്തോട് മാത്രം കീഴടങ്ങേണ്ടി വന്നവർ.

## ഗീതാ പ്രഹ്ളാദ്



ഛത്തീസ്ഗഡ്ഢിലെ റായ്പൂരിലെ മോഹ്ദഗ്രാമത്തിലെ സർപഞ്ച്. 22 വർഷം മുമ്പ് സ്വന്തം അമ്മയെ സഹോദരൻ ഉപേക്ഷിച്ചപ്പോൾ അവർ തന്റെ അമ്മയുടെ പൂർണ്ണഉത്തരവാദിത്തം ഏറ്റെടുത്ത് പരിചരിക്കുകയും ഒടുവിൽ അമ്മയുടെ തന്നെ അന്ത്യാഭിലാഷവ്യത്തിക്കായി അവരുടെ ചിതയ്ക്ക് തീ കൊളുത്തി മരണാനന്തരകർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. രണ്ടാംദിവസം സഹോദരൻ തനിക്കവകാശപ്പെട്ട കാർമ്മികത്വം നിഷേധിച്ചതിൽ രോഷാകുലരായി അവരെ കൊലചെയ്യുകയായിരുന്നു. ഒരു സ്ത്രീയായി, മകളായി അഭിമാനത്തോടെയും സമത്വത്തോടെയും ജീവിക്കാൻ അവർ കാണിച്ച ആത്മധൈര്യം നമുക്കും ശക്തി പകരുന്നു.

## സബീൻ മഹമൂദ്



കറാച്ചിയിൽ ടി2എഫ് (T2F the second floor) എന്ന വിശാലജനാധിപത്യ ഇടം ഒരുക്കിയിരുന്ന നാല്പതുകാരി. സംഗീതം, നൃത്തം, കവിത, ചർച്ച എന്നിങ്ങനെ ജനാധിപത്യവത്ക്കരണപ്രക്രിയയ്ക്കുതകുന്ന എന്തിനും പറ്റിയ തുറന്ന ഇടമായിരുന്നു ടി2എഫ്. രാഷ്ട്രീയക്കാരെ, മതനേതാക്കന്മാരെ, സഹപ്രവർത്തകരെ, തന്നോട് വിയോജിക്കുന്നവരെയെല്ലാം സബീൻ നേരിടാൻ തയ്യാറായിരുന്നു. പെഷവാറിൽ സ്കൂൾ കുട്ടികൾ കൊല്ലപ്പെട്ടപ്പോൾ 'പള്ളികളെ വീണ്ടെടുക്കുക' എന്ന സമരാഹ്വാനത്തിന് മുന്നിലുണ്ടായിരുന്നു സബീൻ. ബലോചിസ്ഥാനുമായുള്ള പാക്കിസ്ഥാന്റെ യുദ്ധങ്ങളിൽ അനേകായിരങ്ങൾ 'അപ്രത്യക്ഷമാവു' ന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് തിരിച്ചുപോകുമ്പോൾ അജ്ഞാതരുടെ വെടിയേറ്റാണ് സബിൻ മരണമടയുന്നത്. തികഞ്ഞ രാഷ്ട്രീയപ്രതിബദ്ധതയുള്ള ശരികളെ ശരികളായി ഏത് പ്രതിയോഗിയോടും വിളിച്ചുപറയാൻ അവർ കാണിച്ച അസാമാന്യ ധൈര്യത്തിനു മുന്നിൽ ശിരസ്സ് നമിക്കുന്നു.

കവർസ്റ്റോറി / അഭിമുഖം :

## ലീലാകുമാരിയമ്മ/ശ്രീലത സി.



ശ്രീലത സി.

സമരം എങ്ങനെയാണ് സത്യസന്ധമാകുന്നത് എന്ന് ചോദിച്ചാൽ അതിൽ ഏർപ്പെടുന്ന വ്യക്തിയുടെ സത്യസന്ധതയുമായി ബന്ധപ്പെട്ടിരിക്കും. പേരിനും പ്രശസ്തിക്കും വേണ്ടി സമരം ചെയ്യാതെ യഥാർത്ഥ വസ്തുതകൾക്കായി സമരം ചെയ്യുമ്പോൾ സത്യസന്ധത കൂടെയുണ്ടാവും. അത്തരം സമരത്തിന് സ്വയം മുന്നിട്ടിറങ്ങിയ വ്യക്തിയാണ് ലീലാകുമാരിയമ്മ. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാനിനെതിരെ സമരത്തിനിറങ്ങിയ ലീലാകുമാരിയമ്മ അനുഭവിച്ച പീഡനത്തിന്റെ കഥകൾ നിരവധിയാണ്. മണ്ണിനും മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും വേണ്ടി ഇവർ നടത്തിയ ഒറ്റയാൾ സമരങ്ങൾക്ക് ആദ്യം വലിയ എതിർപ്പുകൾ ഉണ്ടായെങ്കിലും പിന്നീടത് ആഗോളതലത്തിൽ വളരുകയുണ്ടായി. 2010ൽ ഇന്ത്യാവിഷൻ പേർസൺ ഓഫ് ദ ഇയർ പുരസ്കാരം, 2011ൽ മുകുന്ദൻ സി. മേനോൻ അവാർഡ് എന്നിവ നേടിയ ലീലാകുമാരിയമ്മ കടന്നുപോയ സമരമാർഗ്ഗങ്ങളെക്കുറിച്ച് സംസാരിക്കുന്നു.

ലീലാകുമാരിയമ്മ, കാസർഗോഡ് ജില്ലയും എൻഡോസൾഫാനും ചർച്ച ചെയ്യപ്പെടുമ്പോൾ ഈ പേര് ഒഴിവാക്കാൻ കഴിയില്ല. ഒരു പക്ഷേ ഇന്ന് കാസർഗോഡും അതിലുപരി ഇന്ത്യയൊട്ടാകെ ചർച്ച ചെയ്യപ്പെടുന്ന എൻഡോസൾഫാൻ ദുരിതം മനുഷ്യമനസ്സാക്ഷിയുടെ മുന്നിലേക്കിട്ടുകൊടുക്കാനും കണ്ണടച്ച്കൊണ്ട് ഉറക്കം നടിക്കുന്ന അധികാരി വർഗ്ഗത്തിന്റെ കണ്ണ് തുറപ്പിക്കാനും കാരണമായ ലീലാകുമാരിയുമായുള്ള സൗഹൃദസംഭാഷണത്തിൽ നിന്ന്.

ചോ : എൻഡോസൾഫാൻ സമരത്തിലേക്കെത്തുന്ന പശ്ചാത്തലം?

ഉ : ഞാൻ ജനിച്ചത് കോട്ടയം ജില്ലയിലാണ്. എം. ജി.കേശവൻനായരുടെയും പാപ്പിയമ്മയുടേയും പതിനൊന്നു മക്കളിൽ ഏഴാമത്തെ ആളാണു ഞാൻ. പക്ഷേ, വളർന്നത് കണ്ണൂർജില്ലയിലെ പയ്യമ്പലത്താണ്. പഠിച്ചത് കാലിക്കറ്റ് ടെക്നിക്കൽ സ്കൂളിൽ. 1969-70

പേരിനും പ്രശസ്തിക്കും വേണ്ടി സമരം ചെയ്യാതെ യഥാർത്ഥ വസ്തുതകൾക്കായി സമരം ചെയ്യുമ്പോൾ സത്യസന്ധത കൂടെയുണ്ടാവും.



കാലത്ത് കെ.ജി.റ്റി.ഇ ഡിപ്ലോമ കോഴ്സ് പഠിക്കുമ്പോൾ ഞാനവിടത്തെ ബെസ്റ്റ് സ്റ്റുഡന്റായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. അന്ന് സമ്മാനമായി ലഭിച്ച കാർഷികവിപ്ലവം എന്ന പുസ്തകം കൃഷിയോട് എന്നെ അടുപ്പിച്ചു. ആ താല്പര്യം എന്റെ പ്രവൃത്തികളിൽ പിന്നീടുണ്ടായി. അതിന്റെ വളർച്ചയാണ് എന്നെ ഇവിടെ എത്തിച്ചത്. അതുകൊണ്ട് സമരനായികയുടെ പരിവേഷം ഒന്നും എനിക്ക് നൽകേണ്ടതില്ല.

ചോദ്യം : കാസർഗോഡെത്തുന്നതും മറ്റും....

ഉ : 1976ൽ കൃഷി വകുപ്പിൽ ഉദ്യോഗസ്ഥയായിട്ടാണ് കണ്ണൂരിലെത്തുന്നത്. അന്ന് കാസർഗോഡ് ജില്ല രൂപീകരിച്ചിട്ടില്ല. കൃഷിഭവൻ അന്ന് 'ഏല ഓഫീസ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. 1983ഓടു കൂടിയാണ് കൃഷിഭവൻ എന്നു പേരുമാറ്റമുണ്ടാകുന്നത്. 90കളോടെ വീട് വെച്ച് ഇവിടെ സ്ഥിരതാമസമാക്കി. ഇവിടത്തെ കൃഷിഭവനിലേക്കു സ്ഥലമാറ്റമുണ്ടായതാണ് ഒരു കാരണം.

ചോദ്യം :എൻഡോസൾഫാനെതിരെ പ്രവർത്തിക്കാൻ തുടങ്ങുന്നതോ?

ഉ : പെരിയ കശുവണ്ടി പ്ലാന്റേഷനോടു ചേർന്ന പ്രദേശമാണിത്. എന്റെ വീട്ടുമുറ്റത്ത് അന്ന് ഈ കാണുന്ന പച്ചപ്പും മരങ്ങളും ഒന്നും ഇല്ല. പ്ലാന്റേഷനിൽ വ്യാപകമായി എൻഡോസൾഫാൻ തളിക്കുന്നുണ്ടായിരുന്നു. പക്ഷികളൊക്കെ ചത്തുവീഴുന്നതുകണ്ടിട്ടുണ്ട്. എന്റെ സഹോദരൻ രാമകൃഷ്ണനായിരുന്നു വീടിന്റെ നിർമ്മാണചുമതല. അദ്ദേഹത്തിന് 1992 മുതൽ പലവിധ അസുഖങ്ങൾ ബാധിക്കാൻ തുടങ്ങി. 93ൽ അദ്ദേഹം അകാലത്തിൽ പിരിയുകയായിരുന്നു. അങ്ങനെയാണ് എൻഡോസൾഫാന്റെ മാരകമായ വിഷാവസ്ഥമനസ്സിലാക്കുന്നത്. അതെന്നെ കൂടുതൽ പ്രവർത്തനോന്മുഖയാക്കുകയിരുന്നു.

ചോദ്യം : മുൻപും ഇത്തരം മരണങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ?

ഉ : മുൻപും പ്ലാന്റേഷനകത്തും പരിസരങ്ങളിലും സമാനലക്ഷണങ്ങളോടെ പലരും മരിച്ചിട്ടുണ്ട്. സഹോദരന്റെ മരണം കൂടിയായപ്പോൾ ഇവിടെ എങ്ങനെ കഴിയുമെന്ന ഉത്കണ്ഠ ഉണ്ടായി. കൃഷി വകുപ്പിലെ ചില ഉദ്യോഗസ്ഥർ പ്ലാന്റേഷനോടൊപ്പമാണെന്ന് മനസ്സിലായതോടെയാണ് സമരരംഗത്തെത്തുന്നത്. പിന്നെ പരാതിപ്പെടാനും ആരംഭിച്ചു.

ചോ : ഇങ്ങനെയാണോ ഈ രംഗത്ത് സജീവമാകുന്നത്?

ഉ : വിഷം തളിക്കെതിരെ 93 മുതൽ സർക്കാരിനു പരാതി നൽകാൻ തുടങ്ങിയിരുന്നു. ഞാനൊറ്റക്കാണു പരാതികളൊക്കെ നൽകിയത്. തുടർച്ചയായി ചുറ്റുപാടും അകാലമരണങ്ങൾ സംഭവിക്കാൻ തുടങ്ങിയപ്പോൾ നാട്ടുകാരും എന്റെ കൂടെക്കൂടി. ഇതിന്റെ ഭാഗമായിട്ടാണ് 97ൽ സർക്കാറിന് ഇവിടത്തെ നാട്ടുകാരെല്ലാം ചേർന്ന് ഹർജി നൽകുന്നത്. ഇതോടൊപ്പം കോടതിയിൽ കേസും നടത്തുന്നുണ്ടായിരുന്നു. കാഞ്ഞങ്ങാട് മുൻസിഫ് കോടതി 98ൽ എൻഡോസൾഫാൻ തളിക്കുന്നത് സ്റ്റേ ചെയ്യുന്നത് ഈ സാഹചര്യത്തിലാണ്.

ചോ : ധാരാളം തിക്താനുഭവങ്ങൾ ഉണ്ടായതായി കേട്ടിട്ടുണ്ട്?

ഉ : ഉണ്ട്. ആദ്യകാലത്ത് എന്റെ കുടുംബം മാത്രമാണ് എന്നോടൊപ്പം നിന്നത്. നിരവധി ഊമക്ക



ത്തുകൾ, ഹൈക്കോടതിയിൽ കേസ് പിൻവലിക്കാൻ വേണ്ടി പ്രലോഭനങ്ങൾ, സമ്മർദ്ദങ്ങൾ ഒക്കെ ഉണ്ടായിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭാഗത്തു നിന്ന് ഭീഷണികൾ വളരെ ഉണ്ടായിട്ടുണ്ട്. 99ൽ മേൽക്കോടതിയിൽ നിന്ന് അനുകൂലവിധി സമ്പാദിച്ച് ഒരു വട്ടം എൻഡോസൾഫാൻ തളിക്കുകയുണ്ടായി. പിന്നീട് ഇവിടുത്തെ നാട്ടുകാർ അതു തടയുകയും ചെയ്തു. 2001ൽ എനിക്കുണ്ടായ ആക്സിഡന്റു പോലും എനിക്കെതിരെ നടത്തിയ പ്രതികാര നടപടിയാണോ എന്നുപോലും ഞാനിന്നു സംശയിക്കുന്നു.

ചോ : എക്കാലത്തും സ്ത്രീകൾ സമരങ്ങളുടെ മുൻനിരയിലുണ്ടാകാറുണ്ട്. പക്ഷേ അവരെ ചരിത്രം കാണാറില്ല. അത്തരം അനുഭവങ്ങൾ എന്തെങ്കിലും...

ഉ : ഞാൻ സമരനായികയായിരുന്നില്ല, നിശബ്ദമായി പോരാടുകയായിരുന്നു ഞാൻ. 97ൽ എനിക്കെതിരെ പ്ലാന്റേഷൻ കോർപ്പറേഷൻ കള്ളക്കേസ് കൊടുത്തു. ആരും തന്നെ അന്ന് ഈ പ്രശ്നം ഏറ്റെടുക്കാനുണ്ടായെന്ന് പറയാൻ കഴിയില്ല. 99ലാണ് തണൽ, സീക്ക് പോലുള്ള പരിസ്ഥിതി സംഘടനകൾ പ്രശ്നം ഏറ്റെടുക്കുന്നത്. എനിക്ക് പിൻതുണ നൽകുന്നതും. സത്യസന്ധത കൈ മുതലാക്കിയ പ്രവർത്തനമാണെങ്കിൽ എന്തും അഭിമുഖീകരിക്കാനുള്ള തന്റേടം ഉണ്ടാകും. സമരങ്ങൾ ഒളിത്താവളങ്ങളാക്കിയാൽ അതുണ്ടാകില്ല. ചരിത്രത്തിന് വസ്തുതകൾ എത്രകാലം മറച്ചുവയ്ക്കാനാവും? ഒരിക്കൽ അതു പുറത്തുവന്നേ തീരു. ഇന്ന് അത് നടക്കുന്നുണ്ട്. എല്ലാം പൊളിഞ്ഞു വീഴുന്നത് നിങ്ങൾ കാണുന്നില്ലേ?

ചോ : മാറിയ സാഹചര്യത്തിൽ എൻഡോസൾഫാൻ വിരുദ്ധസമരങ്ങളുടെ അവസ്ഥ?

ഉ : 2000ത്തിനുശേഷം കാസർഗോഡിന്റെ മണ്ണിൽ ഈ വിഷം തളിച്ചിട്ടില്ല. നേരത്തെ ഇവിടുത്തെ മണ്ണിനും മനുഷ്യനും ഉൾപ്പെടെ ജീവജാലങ്ങൾക്കുണ്ടാക്കിയ പ്രശ്നങ്ങൾക്ക് ഇപ്പോഴും



ഭാരത് സേവാട്രസ്റ്റിന്റെ മാനവസേവാപുരസ്ക്കാരം ലീലാകുമാരിയമ്മ സ്വീകരിക്കുന്നു

അറുതി വന്നിട്ടില്ല. അതിന് മാറ്റം വരണം. അത് വളരെ കാലം കൊണ്ടേ ഉണ്ടാകൂ. പക്ഷേ ഇതിനോടൊക്കെ മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കാണിക്കുന്ന നിഷേധാത്മക സമീപനം സഹതാപം അർഹിക്കുന്നതാണ്. ഇരകളോട് അല്പം എങ്കിലും കരുണ കാണിക്കണ്ടേ. അതിവർക്കില്ല. എത്രമാത്രം സ്വകാര്യലാഭത്തിനും രാഷ്ട്രീയനേട്ടത്തിനും വേണ്ടിയാണ് ഇവർ ശ്രമിക്കുന്നത്. അതു കാണുമ്പോൾ ഒരുതരം അറപ്പു തോന്നാറുണ്ട്. ചിലപ്പോളിവർ ഇരകളോടൊപ്പമാണെന്നു കാട്ടി സമരങ്ങൾ നടത്താറുണ്ട്. അതും എത്രമാത്രം നീചമാണെന്ന് മനസ്സിലാക്കാനുള്ള സാമാന്യബോധം ഇവർക്കുണ്ടാകണം. അല്ലാത്തിടത്തോളം ഇവരുടെ ഇരട്ടനാടകം തുടരും. അതിനോടു പ്രതികരിക്കാനുള്ള ശേഷിയാണു നാം നേടേണ്ടത്.

ചോ : ഈ സമൂഹം സ്ത്രീവിരുദ്ധമാണെന്ന തോന്നലുണ്ടോ?

ഉ : സ്ത്രീയും പുരുഷനും ഒത്തുചേർന്ന സമൂഹത്തിന് എങ്ങനെയാണ് സ്ത്രീവിരുദ്ധമാകാൻ കഴിയുക? മാർഗ്ഗവും ലക്ഷ്യവും തുല്യപ്രാധാന്യത്തോടെ കണ്ടാൽ വിരുദ്ധത ഉണ്ടാകില്ല. പരസ്പര സ്നേഹവും ബഹുമാനവും ഉണ്ടാകണം. ചില വ്യത്യസ്ത മാനസികാവസ്ഥയുള്ളവർ എക്കാലത്തും സമൂഹത്തിലുണ്ടാകാറുണ്ട്. അവരെ മാത്രം കണ്ടുകൊണ്ട് സ്ത്രീവിരുദ്ധമെന്ന് പറയാനാവില്ല. തീവ്രമായി ചിന്തിക്കുന്നവർക്ക് ഒരു വഴി കണ്ടെത്തലാണ് ഇത്തരം പ്രസ്താവനകൾ. അവർ ചെന്നു വീഴുന്നത് പടുകുഴിയിലേക്കായിരിക്കും. അതിന് എത്രയോ ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്.

ചോ : ചുംബനസമരങ്ങൾ ഉൾപ്പെടെയുള്ള സമകാലിക സമരങ്ങളെ എങ്ങനെയാണ് കാണുന്നത്.

ഉ : ചുംബനം ഒരു സമരമാർഗ്ഗമാണോ? എനിക്കറിയില്ല. ഒന്നു മാത്രം പറയാം. ഇതിനെയൊന്നും സ്ത്രീപക്ഷസമരമായിട്ട് എനിക്ക് കാണാൻ കഴിയില്ല.

പ്രസ്ഥാനങ്ങൾ സമരങ്ങൾ അവസാനിപ്പിച്ച് എഗ്രിമെന്റുകളിൽ ഒതുങ്ങുമ്പോഴാണ് ലീലാകുമാരി അമ്മയുടെ ഒറ്റയാൾ സമരത്തിന് പ്രസക്തി കൈവരുന്നത്. എല്ലാം നിശബ്ദമായി സഹിച്ച് ഭരണകൂടത്തിന്റെ പാസീവായ കൊലയ്ക്ക് എതിരെ പ്രതികരിച്ചുകൊണ്ടിരിക്കുന്ന ലീലാകുമാരി അമ്മ പരിസ്ഥിതിക്കുവേണ്ടി പോരാടുന്നവരുടെ പട്ടികയിൽ എന്നുമുണ്ടാകും. അവരുടെ പോരാട്ടങ്ങൾ പ്രകൃതിക്കും അതിൽ സഹവസിക്കുന്ന ജീവജാലങ്ങൾക്കും വേണ്ടിയാണ്. ആ യാഥാർത്ഥ്യത്തിനു മുന്നിൽ ഒരു രാഷ്ട്രീയ കക്ഷിക്കും ഒന്നും പറയാനാവില്ല. അവരുടെ കോർപ്പറേറ്റ് അജണ്ടകൾക്കെതിരെ പ്രതികരിക്കുന്ന ഈ അമ്മയെ കണ്ടുമടങ്ങുമ്പോൾ ഒരമ്മയല്ല ഇവർ ആയിരം അമ്മയാണെന്ന ഉൾക്കരുത്താണ് നമുക്ക് സമ്മാനിക്കുന്നത്. ആ കരുത്തിൽ നമുക്ക് നാളെയെ സ്വപ്നം കാണാം.

കവർസ്റ്റോറി



# ചരിത്രത്തിന്റെ അപനിർമ്മിതിയും ജാനുവും



അനഘ സി. ആർ.

ഉയർത്തിക്കാട്ടാൻ പ്രത്യയശാസ്ത്രമോ പിന്തുണയ്ക്കാൻ രാഷ്ട്രീയപാർട്ടികളോ ഇല്ലാതിരുന്നിട്ടും നിശ്ചയദാർഢ്യം മാത്രം കൈമുതലാക്കി കേരളത്തിന്റെ പൊതുമണ്ഡലത്തിലെ അനിഷേധ്യ നേതാവായി മാറിയ ശക്തയായ സ്ത്രീസാന്നിധ്യമാണ് സി.കെ ജാനുവിന്റേത്. ബാല്യത്തിൽ തുടങ്ങിയ പോരാട്ടം കുടിൽകെട്ടൽ മുതൽ നിൽപ്പ് വരെയുള്ള വ്യത്യസ്ത ജീവിത സമരങ്ങളിലൂടെ ഇന്നും തുടർന്നുകൊണ്ടിരിക്കെ അവഗണനകൾ മാത്രം ഏറ്റുവാങ്ങിയ ഒരു ജനവിഭാഗത്തിന്റെ മുഴുവൻ ശബ്ദമായ ഈ പെൺകരുത്ത് കേരളം കണ്ട എക്കാലത്തെയും മികച്ച സ്ത്രീ നേതാക്കളിലൊ രാളായിക്കഴി ഞ്ഞുവെന്നതിൽ തർക്കമില്ല.

വയനാട് ജില്ലയിലെ വെള്ളമുണ്ട ആദിവാസി ഗ്രാമത്തിലാണ് ചെക്കോട്ടു കാര്യാൻ ജാനുവെന്ന സി. കെ ജാനുവിന്റെ ജനനം. പട്ടിണിയും ദാരിദ്ര്യവും അലട്ടിയ ബാല്യം വിദ്യാഭ്യാസം നിഷേധിച്ചു. എഴാം വയസ്സിൽ അടുത്ത വീട്ടിലെ കുട്ടികളെ നോക്കുന്ന ജോലിക്ക് പോയിത്തുടങ്ങിയത് മുതൽ

തൊഴിൽ ജീവിതത്തിനു തുടക്കമായി. പിന്നീട് തയ്യൽത്തൊഴിലാളിയായി. സാമ്പത്തികനഷ്ടം കാരണം ആ ജോലിയും ഉപേക്ഷിച്ചു.

തന്റെ ജനത നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കിയ ജാനു സ്വന്തം അനുഭവങ്ങളിലൂടെ സംസാരിച്ചു തുടങ്ങിയത് ആദിവാസി ജനതയുടെ പിന്തുണ നേടുന്നതിന് സഹായകമായി. സി.പി.ഐ.എം അനുകൂല സംഘടനയായ കേരള സംസ്ഥാന കർഷകതൊഴിലാളി യൂണിയന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുരംഗത്ത് പ്രവേശിച്ച ജാനു 1992ൽ പാർട്ടി വിട്ട് ആദിവാസിക്ഷേമത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതയായി. ഗോത്രഗ്രാമങ്ങളിലേക്കിറങ്ങിച്ചെന്നു അവിടങ്ങളിലെ പ്രശ്നങ്ങൾ നേരിട്ട് പഠിക്കുകയും അസാമാന്യ നേതൃപാടവത്തോടെ തന്റെ ജനതയെ അവകാശപ്പോരാട്ടത്തിനായി അണിനിരത്തുകയും ചെയ്തു. ഭൂപരിഷ്കരണത്തിന്റെ ഫലമായി തങ്ങൾക്കവകാശപ്പെട്ട ഭൂമി അന്യാധീനപ്പെട്ടതാണ് പ്രശ്നങ്ങളുടെ ആധാരമെന്ന തിരിച്ചറിവാണ് ആദിവാസി ഭൂസമരങ്ങൾക്ക് നേതൃത്വം നല്കാൻ ജാനുവിനെ പ്രേരിപ്പിച്ചത്. 2001 ൽ എം.ഗീതാനന്ദനുമൊത്ത് സെക്രട്ടറിയേറ്റിനു മുന്നിലാരംഭിച്ച കുടിൽകെട്ടൽ സമരത്തോടെ കേരളം ശ്രദ്ധിക്കുന്ന കരുത്തുറ്റ ഒരു നേതാവായി വളർന്നു കഴിഞ്ഞിരുന്നു ജാനു. 48 ദിവസം നീണ്ടുനിന്ന പോരാട്ടത്തിനൊടുവിൽ ആന്റണി സർക്കാരുമായി ധാരണയിലെത്തുകയും അതു പ്രകാരം 2012 ജനുവരി 1 മുതൽ ഭൂവിതരണ പ്രവർത്തനങ്ങൾക്ക് തുടക്കമാവുകയും ചെയ്തു. ഏകദേശം പതിനായിരം ആദിവാസി കുടുംബങ്ങൾക്കാണ് കാരാറിന്റെ ഭാഗമായി ഭൂമി ലഭിച്ചത്. കണ്ണൂരിലെ ആറളം ഫാം ഉൾപ്പെടെ 4000 ഹെക്ടർ ഭൂമി ആദിവാസികൾക്ക് അനുവദിച്ചു കൊടുക്കാൻ ഉത്തരവാകുകയും ചെയ്തു.

എന്നാൽ കൊട്ടിഘോഷിക്കപ്പെട്ട ഭൂവിതരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ആദിവാസിമിഷൻ പൂർണ്ണ പരാജയമാകുന്ന കാഴ്ചയാണ് പിന്നീടു കണ്ടത്. ഇടുക്കിയിലൊഴികെ മറ്റൊരു ജില്ലയിലും ഭൂവിതരണം

കുടിൽകെട്ടൽ മുതൽ നിൽപ്പ് വരെയുള്ള വ്യത്യസ്ത ജീവിത സമരങ്ങളിലൂടെ ഇന്നും തുടർന്നുകൊണ്ടിരിക്കെ അവഗണനകൾ മാത്രം ഏറ്റുവാങ്ങിയ ഒരു ജനവിഭാഗത്തിന്റെ മുഴുവൻ ശബ്ദമായ ഈ പെൺകരുത്ത് കേരളം കണ്ട എക്കാലത്തെയും മികച്ച സ്ത്രീ നേതാക്കളിലൊരാളായിക്കഴിഞ്ഞുവെന്നതിൽ തർക്കമില്ല.





വനസംരക്ഷണമെന്ന വ്യാജേന സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി ഭൂവിതരണത്തിനു തടസ്സം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥർ മണൽ, കഞ്ചാവ് മാഫിയകളുടെ വക്താക്കളായാണ് പ്രവർത്തിക്കുന്നതെന്ന് പറയാനുള്ള ആർജ്ജവവും അവർ കാട്ടി. എന്നാൽ ആദിവാസികളുടെ ആവശ്യങ്ങൾ നിരന്തരമായി അവഗണിക്കപ്പെടുകയാണുണ്ടായത്. കരാറിലെ വ്യവസ്ഥകൾ നടപ്പിലാക്കാത്ത അധികാരികളുടെ ഉദാസീന സമീപനം ജാനുവിനെയും കൂട്ടരെയും വീണ്ടും സമരമുഖത്തിറക്കി.

കാര്യമായി നടന്നില്ല. ഇടുക്കിയിലാകട്ടെ, അനുവദിക്കപ്പെട്ട ഭൂമി കൃഷിയോഗ്യവുമായിരുന്നില്ല. ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി നല്കുന്നതിൽ തടസ്സമായി നിൽക്കുന്ന വനം വകുപ്പിലെ സ്ഥാപിത താല്പ്പര്യ ക്കാർക്കെതിരെ ശബ്ദിക്കാനും ജാനു മടിച്ചില്ല. വനസംരക്ഷണമെന്ന വ്യാജേന സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി ഭൂവിതരണത്തിനു തടസ്സം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥർ മണൽ, കഞ്ചാവ് മാഫിയകളുടെ വക്താക്കളായാണ് പ്രവർത്തിക്കുന്നതെന്ന് പറയാനുള്ള ആർജ്ജവവും അവർ കാട്ടി. എന്നാൽ ആദിവാസികളുടെ ആവശ്യങ്ങൾ നിരന്തരമായി അവഗണിക്കപ്പെടുകയാണുണ്ടായത്. കരാറിലെ വ്യവസ്ഥകൾ നടപ്പിലാക്കാത്ത അധികാരികളുടെ ഉദാസീന സമീപനം ജാനുവിനെയും കൂട്ടരെയും വീണ്ടും സമരമുഖത്തിറക്കി. സർക്കാരിന്റെ നിഷ്ക്രിയത്വമാണ് 2003 ൽ മുത്തങ്ങയിൽ ഭൂമി കയ്യേറാൻ തങ്ങളെ നിർബന്ധിതരാക്കിയതെന്നു അവർ പിന്നീട് പറയുകയുണ്ടായി. കയ്യേറിയ ഭൂമിയിൽ നിന്ന് ആദിവാസികളെ ഒഴിപ്പിക്കുവാൻ നടന്ന ശ്രമത്തിനിടയിൽ നടന്ന സംഘർഷത്തിൽ ഒരു ആദിവാസിയും ഒരു പോലീസുകാരനും കൊല്ലപ്പെടുകയും ജാനു അറസ്റ്റിലാവുകയും ചെയ്തു. ക്രൂരപീഡനത്തിനു പുറമേ ജയിൽ വാസവും അനുഭവിക്കേണ്ടി വന്നിട്ടും അവകാശപ്പോരാട്ടത്തിൽ നിന്ന് പിന്തിരിഞ്ഞോടാൻ ശ്രമിച്ചില്ലെന്ന് മാത്രമല്ല തന്റെ ജനതയുടെ അവകാശത്തിനു വേണ്ടി നിരന്തരം ശബ്ദിച്ചു കൊണ്ടിരിക്കുന്നു എന്നതുതന്നെയാണ് കേരളം കണ്ട ത്യാഗസന്നദ്ധതയും അർപ്പണമനോഭാവവുമുള്ള ചുരുക്കം ചില നേതാക്കളിലൊരാളാക്കി ജാനുവിനെ മാറ്റുന്നത്.

വാഗ്ദാനങ്ങൾ കടലാസിലൊതുങ്ങുകയും അനുവദിക്കപ്പെട്ട ഭൂമി പതിമൂന്നു വർഷത്തിനു ശേഷവും ലഭിക്കാതിരിക്കുകയും ചെയ്തപ്പോഴാണ് ജാനു തന്റെ

ജനതയെ വ്യത്യസ്തമായൊരു സമരത്തിനണിനിരത്തിയത്. അന്താരാഷ്ട്ര മാധ്യമങ്ങളുടെ വരെ ശ്രദ്ധ പിടിച്ചു പറ്റിയ, വലിയരീതിയിലുള്ള ജനപിന്തുണയാർജ്ജിച്ച നിലനില്പ്പിനു വേണ്ടിയുള്ള നിൽപ്പ്സമരം ഈ നേതാവിന്റെ നേതൃപാടവത്തെ ഒരിക്കൽക്കൂടി വ്യക്തമാക്കിത്തരികയായിരുന്നു. ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി സർക്കാർ അനുമതിയോടെ സ്വകാര്യ ശക്തികൾ കയ്യേറുമ്പോൾ നിശബ്ദരായിരിക്കുവാൻ തങ്ങൾക്കാവില്ലെന്നും നീതി ലഭിക്കുന്നത് വരെ ഇതേ നിൽപ്പ് തുടരുക തന്നെ ചെയ്യുമെന്നുള്ള ഉറച്ച പ്രഖ്യാപനത്തിന് മുന്നിൽ വഴങ്ങാതിരിക്കാൻ സർക്കാറിനാകുമായിരുന്നില്ല. മുഖ്യധാര മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം നല്കാതിരുന്നിട്ടും ചിലവ പരിഹസിച്ചിട്ടും ഒരേ നിൽപ്പ് തുടരുക തന്നെ ചെയ്തു എന്നത് ആദിവാസികളുടെ അവകാശപ്പോരാട്ടങ്ങൾക്കായി ജീവിതം സമർപ്പിച്ച ജാനുവെന്ന പോരാളിയുടെ പതറാത്ത ആത്മധൈര്യത്തിന്റെ കൂടി വിജയമാണെന്ന് പറയാതെ വയ്യ.

ആരുടേയും പിന്തുണയില്ലാതെ പൊതുരംഗത്തേക്ക് കടന്നുവരികയും പരിഹാസങ്ങളേയും അവഗണനകളേയും വെല്ലുവിളികളേയും സധൈര്യം അതിജീവിച്ച് ആദിവാസി ക്ഷേമത്തിന് വേണ്ടി നിരന്തരം ശബ്ദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നതാണ് ജാനുവെന്ന നേതാവിനെ വത്യസ്തയാക്കുന്നത്. അതുകൊണ്ട് തന്നെ സ്വന്തം ജനതയ്ക്ക് വേണ്ടി ഇത്രയേറെ ത്യാഗങ്ങളിലൂടെ കടന്നു പോയ ഈ വനിതാരത്നത്തെ അടങ്ങാത്ത പോരാട്ടവീര്യത്തിന്റെ, ആത്മസമർപ്പണത്തിന്റെ പ്രതീകമായിട്ടാകും ചരിത്രം രേഖപ്പെടുത്തുക.


Reference

1 .The Power Woman- Seeking Justice in God's Own Land by Mohamed Nazeer appeared in The Hindu, 3 september 2011.

2. Experience is My Guide by Mukundan Menon appeared in Infochange India- http://infochangeindia.org/other/changemakers/c-k-janu-experience-is-my-guide.html


# ഇന്ത്യയിലെ ആദ്യകാല സ്ത്രീസംഘടനകളിലൂടെ

## പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ

- ബംഗാളിൽ ബംഗമഹിളസമാജ്, അഘോരകാമിനി സമിതി
- മഹാരാഷ്ട്രയിൽ സതാര അബലോന്നതി സഭ
- ബെംഗലൂരുവിൽ മഹിള സേവ സമാജ്
- അലഹബാദിൽ പ്രയാസ് മഹിളാസമിതി
- ബനാറസിൽ ഭാരതമഹിള കോൺഗ്രസ്സ് അഥവാ ലേഡീസ് കോൺഫറൻസ്

## ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തോടെ

- മദിരാശിയിൽ മഹിള പരിഷദ് അഥവാ ലേഡീസ് കോൺഗ്രസ്സ് (1908)
- 1910 സരളാദേവി ചൗധുറാണി ഒരു ഭാരതസ്ത്രീ മഹാമണ്ഡൽ നിർദ്ദേശിച്ചു
- വിമൻസ് ഇന്ത്യ അസോസിയേഷൻ- 1917
  ആനി ബെസന്റ്, മാർഗരറ്റ് കസിൻസ്, ഡൊറോത്തി ജിനരാജദാസ, അമ്മു സ്വാമിനാഥൻ, മാലതി പട്വർധൻ, എസ്.അംബുജാമ്മാൾ, ഡോ. മുത്തുലക്ഷ്മി റെഡ്ഡി, ഡോ. പുന്നൻ ലൂക്കോസ് തുടങ്ങിയവർ നേതൃത്വം നൽകി
- നാഷണൽ കൗൺസിൽ ഓഫ് വിമൻ ഇൻ ഇന്ത്യ - 1925
  മെഹറീഭായ് ടാറ്റ, കോർണേലിയ സൊറാബ്ജി, താരാഭായി പ്രേംചന്ദ്, മഹാറാണി സുചരുദേവി തുടങ്ങിയവർ നേതൃത്വം നൽകി.
- ആൾ ഇന്ത്യ വിമൻസ് കോൺഫറൻസ് - 1926, മാർഗരറ്റ് കസിൻസിന്റെ നേതൃത്വത്തിൽ

ആദ്യകാല സംഘടനകളൊക്കെയും ഉദാരതാവാദസ്ത്രീവാദ (liberal feminism)ത്തിലൂന്നിയ പ്രവർത്തനങ്ങളാണ് നടത്തിയത്. സ്ത്രീകൾക്ക് വിദ്യാഭ്യാസം, വോട്ടവകാശം, സ്വത്തവകാശം വിവാഹപ്രായമുയർത്തൽ തുടങ്ങിയ ആവശ്യങ്ങളാണ് പ്രധാനമായും ഉന്നയിക്കപ്പെട്ടത്. ഏറെയും മധ്യമർഗ്ഗ-ഉപരിവർഗ്ഗ പ്രാതിനിധ്യമാണ് ഈ സംഘടനകൾക്കൊക്കെ പൊതുവായുണ്ടായിരുന്നത്. ഗാന്ധി അടക്കമുള്ള ദേശീയ വാദികൾ തെല്ല് നീരസത്തോടെയാണ് ഈ സംഘടനകളെ വീക്ഷിച്ചത്. ബ്രിട്ടീഷുകാർക്കെതിരെ രൂപംകൊള്ളേണ്ട ഇന്ത്യൻ ഐക്യത്തിൽ വിള്ളലുകളുണ്ടാക്കും ലിംഗസ്വത്വത്തിന്റെ അവകാശസമരങ്ങൾ എന്നതായിരുന്നു ആരോപണം.



രാജശ്രീ എം.

കുടുംബാന്തരീക്ഷത്തിൽ നിന്നും സംഘടനയുടെ പിൻബലത്തിൽ നിന്നും ഊർജ്ജം ആർജ്ജിച്ച അവർണ്ണ സ്ത്രീകൾക്ക് വെല്ലുവിളിക്കേണ്ടി വന്നത് യാഥാസ്ഥിതികവും ബഹുവ്യാപ്തിയുമുള്ള പുറംലോകത്തോടായിരുന്നു. ഇവ രണ്ടും പോരാട്ടത്തിലെ പെൺപെരുമ എന്ന സാമാന്യതക്കപ്പുറം വ്യത്യസ്ത മുഖങ്ങളാണ് കാഴ്ചവെക്കുന്നത്.

# കീഴാളപെൺസാന്നിദ്ധ്യങ്ങൾ മാറ്റി മറിച്ച കേരളം

*"കനകം മൂലം കാമിനി മൂലം*
*കലഹം പലവിധമുലകിൽ സുലഭം"*

ബഹുവിധ കലാപഹേതുക്കൾ ഒന്നടങ്കം പുരുഷാധിപത്യ ലോകനീതിയിൽ ഊന്നിക്കൊണ്ട് സാമാന്യവത്കരിച്ചിരിക്കുകയാണ് ഈ വരികളിൽ. ചരിത്രത്തിലുട നീളം ഉദ്ഘോഷിയ്ക്കപ്പെടുന്ന കലാപങ്ങളൊക്കെത്തന്നെ ആൺകോയ്മാധിഷ്ഠിതസമൂഹത്തിൽ സമ്പത്തിനോടും അധികാരത്തിനോടുമുള്ള ആസക്തിയുടെ പിൻബലത്തോടെ നേതൃത്വം നൽകപ്പെട്ടവയായിരുന്നു. ഇത്തരം നിറമുള്ള ഉദ്ഘോഷങ്ങൾക്ക് മുന്നിൽ ജീവിതം ഗതിമുട്ടിനിൽക്കുമ്പോൾ അതിജീവനം എന്ന കേവല ജൈവിക പ്രേരണയിൽ അധിഷ്ഠിതമായി സ്ത്രീകളും അടിസ്ഥാന വർഗ്ഗങ്ങളും നടത്തിയ ജീവന്മരണപോരാട്ടങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുകയോ നിസ്സാരവത്കരിക്കപ്പെടുകയോ ചെയ്തു.

കലാസാമൂഹിക പ്രവർത്തന രംഗത്തെ സ്ത്രീകളെ സമൂഹം സദാചാര ദുശ്ശങ്കയോടെ വേട്ടയാടുന്നത് (ഇന്നും) പുതിയ കാര്യമല്ല. മലയാള സിനിമയിലെ ആദ്യനായികയായ റോസിയ്ക്ക് ചരിത്രത്തിൽ ഇടം കിട്ടാതെപോയതിനു പിന്നിലും ഇതുണ്ട്. പഴയകാല തൊഴിലാളിവർഗ്ഗ പ്രവർത്തകരിലെ സ്ത്രീ പ്രാതിനിധ്യങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന യാതനകളും ആക്ഷേപങ്ങളും ഒരു പക്ഷേ അതിനേക്കാൾ തീക്ഷ്ണമായി



വിഗതകുമാരനിലെ നായിക റോസി

വേറൊരു തരത്തിൽ ഇന്നും സ്ത്രീകൾക്കു ചുറ്റുമുണ്ട്. യാഥാസ്ഥിതിക സമൂഹം സ്ത്രീത്വത്തിനു ചാർത്തിക്കൊടുത്ത ശാലീനത, നിഷ്കളങ്കത, വിശുദ്ധി, സഹനത തുടങ്ങിയ ഭാവങ്ങൾ ഉപേക്ഷിച്ചുകൊണ്ട് സ്ത്രീകൾ നടത്തിയ സമരജീവിതം പുരുഷന്റേതുപോലെ ആദർശ പരിവേഷത്തിന് ചേർന്നതായിരുന്നില്ല. വീട് വിട്ട് പോകുന്ന പുരുഷനു കിട്ടുന്ന സ്വീകരണമോ ഉദാത്തവത്കരണമോ സ്ത്രീകൾക്ക് കിട്ടാറില്ല. അതുകൊണ്ടുതന്നെ അടിസ്ഥാനാവശ്യങ്ങൾ പോലും നിഷേധിക്കപ്പെടുന്ന ഗതികേടിൽ നിന്നും ഉയർന്നു വന്ന സമരരംഗത്തെ സ്ത്രീസാന്നിധ്യം അവരവരെ ചുറ്റിപ്പറ്റിയുള്ളതായിത്തീരുകയും ചെയ്തു. യാതൊരു സംഘടനയുടേയോ സാമൂഹ്യ ജീവിതത്തിന്റെയോ പിന്തുണയില്ലാതെ സവർണ്ണസ്ത്രീകൾ നടത്തിയ ഒറ്റയാൾ പോരാട്ടങ്ങൾ സമൂഹത്തോടായിരുന്നില്ല. സ്വന്തം കുടുംബാന്തരീക്ഷത്തോട് തന്നെയായിരുന്നു. എന്നാൽ കുടുംബാന്തരീക്ഷത്തിൽ നിന്നും സംഘടനയുടെ പിൻബലത്തിൽ നിന്നും ഊർജ്ജം ആർജ്ജിച്ച അവർണ്ണ സ്ത്രീകൾക്ക് വെല്ലുവിളിക്കേണ്ടി വന്നത് യാഥാസ്ഥിതികവും ബഹുവ്യാപ്തിയുമുള്ള പുറംലോകത്തെയായിരുന്നു. ഇവ രണ്ടും പോരാട്ടത്തിലെ പെൺപെരുമ എന്ന സാമാന്യതക്കപ്പുറം വ്യത്യസ്ത മുഖങ്ങളാണ് കാഴ്ച വെക്കുന്നത്.

ജാതീയതയ്ക്കെതിരെ അനേകം സാമൂഹികപ്രസ്ഥാനങ്ങൾ ഒരുമിച്ചുദയം ചെയ്ത നവോത്ഥാന കാലഘട്ടത്തിൽ തന്നെയാണ് ഈ രംഗത്ത് സ്ത്രീയുടെ വ്യക്തമായ പങ്കാളിത്തവും ഉണ്ടാകുന്നത്. അന്നത്തെ ബഹുവിധ സമരങ്ങളിൽ കീഴാള സ്ത്രീയുടെ പ്രാതിനിധ്യം രണ്ട് തരത്തിലായിരുന്നു. ആദ്യത്തേത് വിപ്ലവകാരിയായ സഹോദരൻ / ഭർത്താവ് / പിതാവ് എന്നിവരുടെ പേരിൽ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളും ആത്മവേദനകളും. ഇതു കൂടാതെ വിപ്ലവത്തോട് ആഭിമുഖ്യം പുലർത്തുന്നവൾ എന്ന രീതിയിൽ ഒളിത്താവളങ്ങൾ ഏർപ്പാടാക്കൽ, രഹസ്യമായ ലഘുലേഖാ വിതരണം തുടങ്ങിയവ. രണ്ടാമത്തേത് സുധീരമായ പ്രത്യക്ഷ സമരങ്ങൾ തന്നെയാണ്. പ്രത്യക്ഷമായാലും പരോക്ഷമായാലും സമരമുഖത്തെ സ്ത്രീസാന്നിധ്യം പലപ്പോഴും വരികൾക്കുള്ളിൽ മറയ്ക്കപ്പെടുകയായിരുന്നു.

മണിമലർക്കാവ് മാറുമറയ്ക്കൽ സമര നായിക
ശ്രീമതി. വേളത്ത് ലക്ഷ്മിക്കുട്ടി



സമരകാലത്തും വാർദ്ധക്യകാലത്തും

സമൂഹത്തിലെ അനീതിയ്ക്കെതിരെ കീഴാളസ്ത്രീയുടെ സംഘടിതസ്വരം ആദ്യമായി ഉയരുന്നത് 1859ലെ ചാന്നാർ സമരത്തോടെയാണ്. കല്ലുമാല സമരം, മേൽമുണ്ട് സമരം എന്നിവ സവർണ്ണാധികാരം, പുരുഷാധികാരം എന്നീ അധികാരത്തിന്റെ ഇരട്ട മുഖങ്ങളോട് കീഴാളർ, സ്ത്രീകൾ എന്നീ ഇരട്ട അടിമത്വ വ്യവസ്ഥ പേറുന്നവരുടെ ശബ്ദങ്ങളായിരുന്നു. ഹൈന്ദവമതം വിട്ട് ക്രൈസ്തവമതം സ്വീകരിച്ച സാവ, ഇശക്കി തുടങ്ങിയ ചാന്നാട്ടിമാർ ഇതിൽ പങ്കെടുത്തു. 1937ൽ റൗക്കയിട്ടു പുറത്തിറങ്ങിയ കുറ്റത്തിന് സി.വി. കുഞ്ഞിരാമന്റെ ഭാര്യ മർദ്ദിക്കപ്പെട്ടു. റൗക്കയ്ക്ക് മുകളിൽ മേൽമുണ്ടിടാനുള്ള അവകാശ സമരവുമായി (മേൽമുണ്ട് സമരം) പൊതുപ്രവർത്തനരംഗത്തിറങ്ങിയ സ്ത്രീകളാണ് വേളത്ത് ലക്ഷ്മിക്കുട്ടി, കെ.കെ. കുറുമ്പ, കെ.സി. കാളിക്കുട്ടി തുടങ്ങിയവർ. അധികാരത്തിന്റേയും ആസക്തിയുടേയും പുരുഷനോട്ടത്തോടുള്ള വെല്ലുവിളിയായ ഈ സമരങ്ങൾ മാന്യമായി വസ്ത്രം ധരിക്കുന്നത് 'അമാന്യത'എന്ന തലതിരിഞ്ഞ മൂല്യബോധത്തെ തിരുത്തിക്കുറിക്കുകയുണ്ടായി. ഇതോടനുബന്ധിച്ച് തന്നെ മണിമലർക്കാവ് ക്ഷേത്രത്തിൽ മാറുമറയ്ക്കാതെ സവർണ്ണസ്ത്രീകൾ മാത്രം താലപ്പൊലിയേന്തുന്ന സമ്പ്രദായത്തിനെതിരെയും ഹരിജൻ സ്ത്രീകൾ ശബ്ദമുയർത്തി. സ്ത്രീകളുടെ മാറ് പ്രദർശനവസ്തുവാക്കുക, അവർണ്ണരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കാതിരിക്കുക എന്നിവയ്ക്കെതിരായിരുന്നു ഈ സമരം.

കർഷകത്തൊഴിലാളികൾ,

**സമൂഹത്തിലെ അനീതിയ്ക്കെതിരെ കീഴാളസ്ത്രീയുടെ സംഘടിതസ്വരം ആദ്യമായി ഉയരുന്നത് 1859ലെ ചാന്നാർ സമരത്തോടെയാണ്. കല്ലുമാല സമരം, മേൽമുണ്ട് സമരം എന്നിവ സവർണ്ണാധികാരം, പുരുഷാധികാരം എന്നീ അധികാരത്തിന്റെ ഇരട്ട മുഖങ്ങളോട് കീഴാളർ, സ്ത്രീകൾ എന്നീ ഇരട്ട അടിമത്വ വ്യവസ്ഥ പേറുന്നവരുടെ ശബ്ദങ്ങളായിരുന്നു**

> സമരമുഖത്തെ സ്ത്രീസാന്നിധ്യം അത്ര വിരളമൊന്നുമല്ലെന്ന് തെളിയിക്കുന്ന എത്രയോ സജീവ പ്രവർത്തകമാർ. പേരുപോലും ബാക്കിവയ്ക്കാതെ ഇത്തരം പ്രക്ഷോഭങ്ങളിൽ സഹനതയുടേയും പീഡനങ്ങളുടെയും നിശ്ശബ്ദ പ്രാതിനിധ്യമായി അപ്രത്യക്ഷമായ അനേകം അറിയപ്പെടാത്ത സ്ത്രീ മുഖങ്ങൾ വേറെയും.

ഫാക്ടറിത്തൊഴിലാളികൾ, കുടിൽ വ്യവസായത്തൊഴിലാളികൾ, ഉദ്യോഗസ്ഥർ തുടങ്ങിയ വിവിധ മേഖലകളിലെ ട്രേഡ്‌യൂണിയൻ പ്രവർത്തകരുടെ സമരങ്ങളിലെല്ലാം അക്കാലത്ത് സ്ത്രീകൾ പങ്കാളികളായിട്ടുണ്ട്. പുലിയന്നൂർ വിളകൊയ്ത്ത് സമരം, കരിന്തളം നെല്ലെടുപ്പ് സമരം, ചീമേനി തോൽവിറകു സമരം തുടങ്ങിയ സമരങ്ങളിലൊക്കെ അടിസ്ഥാന വർഗ്ഗ സ്ത്രീ പ്രാതിനിധ്യം സജീവമായിരുന്നു. എടാട്ടൻ വീട്ടിൽ ലക്ഷ്മി, മേക്കര ലക്ഷ്മിയമ്മ, പുതിയേടത്ത് നാരായണി, ഒളമാവിൽ ചിരുത, കാത്യാൾ ലക്ഷ്മി, മീത്തലെ കുഞ്ഞാത എന്നിവരൊക്കെ അതിൽ പങ്കെടുത്ത ചില വിപ്ലവനായികമാരാണ്. കാസർഗോഡു ജില്ലയിൽ തിമിരി വിളകൊയ്ത്തു കേസിൽ (1948) സ്ത്രീകൾ കോടതി കയറുകവരെ ചെയ്തു. ജന്മിത്വത്തിനെതിരെ പ്രതിഷേധിച്ചവരെ അറസ്റ്റു ചെയ്ത നടപടികൾക്കെതിരെ കലവും ചട്ടിയുമായി സ്ത്രീകൾ പ്രതിഷേധിച്ചു. പുല്ലായ്കൊടി ചിരുതമ്മ (വീരകർഷകമാതാ), പാടിയിൽ കാരിച്ചി, കുടുക്കവളപ്പിൽ ചപ്പില, ചാർതങ്കൽ ചിരുത തുടങ്ങിയവർ ഈ പ്രതിഷേധ പ്രകടനത്തിൽ പങ്കെടുത്തവരാണ്.

പുന്നപ്രവയലാർ സമരം, ആലപ്പുഴ കയർ-കശുവണ്ടിതൊഴിലാളി സമരം, കയ്യൂർ സമരം, ഒഞ്ചിയം സമരം, കണ്ണൻ ദേവൻ തേയിലത്തോട്ട തൊഴിലാളി സമരം, മൊറാഴ, കാവുമ്പായി സമരങ്ങൾ, തുണിനെയ്ത്തു സമരങ്ങൾ എന്നിവയിലൊക്കെ തൊഴിലാളി സ്ത്രീകളുടെ സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. പുന്നപ്ര വയലാർ സമരത്തിലെ മുഖ്യപോരാളിയായിരുന്ന കെ.കെ. കല്യാണി കയർതൊഴിലാളികളെയും കർഷക തൊഴിലാളികളെയും സംഘടിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു. കുടിയാഞ്ചേരി എൽസീന പുന്നപ്ര വയലാർ ഭാഗത്തെ മത്സ്യതൊഴിലാളി സമരത്തിൽ പങ്കെടുത്ത് ഒളിവിൽപോയി. 1955ൽ വാഴാനി കനാൽ നിർമ്മാണത്തിനോടനുബന്ധിച്ച് കൂലി കുറച്ച് തൊഴിലാളികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട സമരത്തിൽ രാരംപറമ്പിൽ ലക്ഷ്മി, കെ.സി. കാളിക്കുട്ടി, കെ.സി. ജാനു, കരിക്കിലവളപ്പിൽ ജാനകി, പി.കെ. കുറുമ്പക്കുട്ടി തുടങ്ങിയ തൊഴിലാളി സ്ത്രീകളും പങ്കെടുത്തു. മുലകുടിമാറാത്ത മക്കളെയും കൊണ്ടാണ് പലരും സമരത്തിൽ പങ്കെടുത്തത്.

ആലപ്പുഴ കയർ ഫാക്ടറി സമരത്തിൽ പങ്കെടുത്ത മീനാക്ഷി, കശുവണ്ടി തൊഴിലാളി യൂണിയൻ രൂപീകരിക്കുന്നതിൽ പങ്കുവഹിച്ച രാധമ്മ, ഒഞ്ചിയം സമര രക്തസാക്ഷി മണ്ടോടി കണ്ണന്റെ മരുമകൾ മണ്ടോടി നാരായണി, ഒഞ്ചിയം വെടിവെപ്പിനെതിരെ പയ്യന്നൂരിലേക്ക് ജാഥ നയിച്ച മാണിക്കം, കയ്യൂർ സമരത്തിൽ ഭാഗഭാക്കായ നാടൻ തോക്കും അരിവാളും ഒരുപോലെ ഉപയോഗിക്കാനറിയുന്ന ചെമ്മരത്തി, ചേർത്തല കയർ ഫാക്ടറി യൂണിയനിൽ നിന്നും സാമൂഹ്യ പ്രവർത്തനം തുടങ്ങിവെച്ച് കേരള രാഷ്ട്രീയത്തിലെ സജീവസാന്നിദ്ധ്യമായി ഇന്നും തിളങ്ങി നിൽക്കുന്ന കെ.ആർ. ഗൗരിയമ്മ, കണ്ണൻദേവൻ തേയിലത്തോട്ടത്തിലെ തൊഴിലാളി നേതാവ് റോസമ്മ പുന്നൂസ്, കലാരംഗത്തു നിന്നും രാഷ്ട്രീയത്തിലെത്തിയ ഗൗരീഗോപിനാഥ്, ഗാന്ധിസത്തിന്റെ ശുദ്ധിയും ആദർശാത്മകതയും സൂക്ഷിച്ചുകൊണ്ട് ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച നഫീസത്ത് ബീവി, SNDP സജീവ പ്രവർത്തകയായിരുന്ന മുതുകുളം പാർവ്വതിയമ്മ,





സമരമുഖത്തെ സ്ത്രീസാന്നിധ്യം അത്ര വിരളമൊന്നുമല്ലെന്ന് തെളിയിക്കുന്ന എത്രയോ സജീവ പ്രവർത്തകമാർ. പേരുപോലും ബാക്കിവയ്ക്കാതെ ഇത്തരം പ്രക്ഷോഭങ്ങളിൽ സഹനതയുടേയും പീഡനങ്ങളുടെയും നിശ്ശബ്ദ പ്രാതിനിധ്യമായി അപ്രത്യക്ഷമായ അനേകം അറിയപ്പെടാത്ത സ്ത്രീ മുഖങ്ങൾ വേറെയും.

സി.പി. രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണഘടനയ്ക്കെതിരെ സമരം ചെയ്ത് അറസ്റ്റിലായ പി.കെ. മേരി, പി.ജെ. ഏലിയാമ്മ എന്നിവർ, തോട്ടണ്ടി സമര നേതാവ് തേയി തുടങ്ങി സമരമുഖത്തെ സ്ത്രീസാന്നിധ്യം അത്ര വിരളമൊന്നുമല്ലെന്ന് തെളിയിക്കുന്ന എത്രയോ സജീവ പ്രവർത്തകമാർ. പേരുപോലും ബാക്കിവയ്ക്കാതെ ഇത്തരം പ്രക്ഷോഭങ്ങളിൽ സഹനതയുടേയും പീഡനങ്ങളുടെയും നിശ്ശബ്ദ പ്രാതിനിധ്യമായി അപ്രത്യക്ഷമായ അനേകം അറിയപ്പെടാത്ത സ്ത്രീ മുഖങ്ങൾ വേറെയും.

ഔദ്യോഗിക രംഗത്തെ സ്ത്രീപ്രാതിനിധ്യത്തിനു വേണ്ടി അന്ന് ശക്തമായി വാദിച്ചത് അക്കാമ്മ ചെറിയാനാണ്. 1930കളിൽ കൊച്ചിയിൽ അദ്ധ്യാപികമാർക്കു മാത്രമായി ഒരു സംഘടന ആരംഭിക്കുന്നുണ്ട്. ചെറുകാടിന്റെ മുത്തശ്ശി, തകഴിയുടെ രണ്ടിടങ്ങഴി തുടങ്ങിയ സാഹിത്യകൃതികളിലൂടെ കടന്നുപോവുമ്പോൾ അദ്ധ്യാപക – കർഷക തൊഴിലാളി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് അന്നത്തെ സ്ത്രീകൾ അനുഭവിച്ച യാതനകളും പീഡനങ്ങളും വ്യക്തമാവും.

സമകാലീന സാമൂഹ്യരംഗത്തും സ്ത്രീയുടെ സ്ഥാനം ഒട്ടും പിന്നിലല്ല. സമരനേതൃത്വത്തെ കൈ മെയ് മറന്നു സഹായിക്കുക എന്ന നിലവിട്ട് നേതൃത്വം ഏറ്റെടുത്തുകൊണ്ട് മുന്നിട്ടിറങ്ങാൻ ഇന്നത്തെ അടിസ്ഥാന വർഗ്ഗസ്ത്രീകൾ ധൈര്യം കൈവരിച്ചിരിക്കുന്നു. മുൻകാലത്ത് എന്നപോലെ ജൈവികമായ അടിസ്ഥാനാവശ്യങ്ങളെ മുൻനിർത്തിയാണ് ഇന്നത്തെ സമരങ്ങളും. പേരും പ്രശസ്തിയുമല്ല, സ്വന്തം ജീവിത സാഹചര്യങ്ങളിൽ നിന്നുള്ള ഗതികേടാണ് സമര മുഖങ്ങളിലെ സ്ത്രീയുടെ പ്രധാന പ്രചോദനം. പരിസ്ഥിതി സംബന്ധിച്ച ഉൾഭയമാണ് സ്ത്രീ മുന്നിട്ടിറങ്ങുന്ന ഇന്നത്തെ വിവിധതരം സമരങ്ങളുടെ പൊതുസ്വഭാവം. സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ നടന്ന മുത്തങ്ങാ സമരം, സെലീന പ്രക്കാനം നേതൃത്വം നൽകിയ ചെങ്ങറ സമരം, കൊക്കൊക്കോള കമ്പനിക്കെതിരെ മയിലമ്മ നേതൃത്വം നൽകിയ പ്ലാച്ചിമട സമരം, ഈയടുത്ത് പാറമട ഖനിയ്ക്കെതിരെ വിജിത നടത്തുന്ന ഒറ്റയാൾ പോരാട്ടങ്ങൾ, മണൽ മാഫിയക്കെതിരെ കൊച്ചുകുഞ്ഞുങ്ങളുമായി

**സെലീന പ്രക്കാനം**






സ്ത്രീ മുന്നിട്ടിറങ്ങുന്ന ഇന്നത്തെ വിവിധതരം സമരങ്ങളുടെ പൊതുസ്വഭാവം. സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ നടന്ന മുത്തങ്ങാസമരം, സെലീന പ്രക്കാനം നേതൃത്വം നൽകിയ ചെങ്ങറ സമരം, കൊക്കൊക്കോള കമ്പനിക്കെതിരെ മയിലമ്മ നേതൃത്വം നൽകിയ പ്ലാച്ചിമട സമരം, ഈയടുത്ത് പാറമട ഖനിയ്ക്കെതിരെ വിജിത നടത്തുന്ന ഒറ്റയാൾ പോരാട്ടങ്ങൾ, മണൽ മാഫിയക്കെതിരെ കൊച്ചുകുഞ്ഞുങ്ങളുമായി ജസീറയുടെ പോരാട്ടങ്ങൾ തുടങ്ങിയ സമരങ്ങൾ ഒരേ സമയം പ്രകൃതി ചൂഷണത്തിനോടും അധികാര വർഗ്ഗത്തോടമുള്ള പ്രതിഷേധമായിരുന്നു.



ജസീറയുടെ പോരാട്ടങ്ങൾ തുടങ്ങിയ സമരങ്ങൾ ഒരേ സമയം പ്രകൃതി ചൂഷണത്തിനോടും അധികാര വർഗ്ഗത്തോടമുള്ള പ്രതിഷേധമായിരുന്നു. ഔദ്യോഗിക രംഗത്തെ പുരുഷാധിപത്യ മേൽക്കോയ്മക്കെതിരെ വിനയയുടെ പോരാട്ടങ്ങൾ, സാരംഗ് സ്കൂളിലൂടെ വിദ്യാഭ്യാസ രംഗത്തെ കുത്തകവൽക്കരണത്തിനെതിരെ വിജയലക്ഷ്മിയുടെ നിശ്ശബ്ദ വിപ്ലവം തുടങ്ങി സമരമുഖത്തെ സ്ത്രീയുടെ ബഹുവിധ പോരാട്ടങ്ങൾ അവസാനിക്കുന്നില്ല. ഇവ വരും തലമുറയ്ക്കും സ്വയം നിലനിൽക്കാനും വേണ്ടിയുള്ള സമരങ്ങളായി മാറും. അത് പുതിയകാഴ്ചപ്പാട് സൃഷ്ടിച്ച് പുതിയ സമൂഹത്തെ സൃഷ്ടിക്കുമെന്ന് പ്രത്യാശിക്കാം.

ഷീബ കെ.എം.

# സിസ്റ്റർ ആലീസ് ലൂക്കോസ് : സംഘാടനത്തിന്റേയും സമരത്തിന്റേയും ജീവിതത്തുടർച്ചകൾ



ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ കേരളത്തിന്റെ രാഷ്ട്രീയസാമൂഹ്യരംഗങ്ങളെ പിടിച്ചുകുലുക്കിയ വ്യക്തിത്വങ്ങളിൽ പ്രമുഖമായൊരു പേരാണ് സിസ്റ്റർ ആലിസിന്റേത്. മത്സ്യമേഖല കേന്ദ്രീകരിച്ച് അവർ നടത്തിയ പോരാട്ടങ്ങൾ കേരളത്തിന്റെ സമരചരിത്രപാതയിൽ തനതായ വീരമുദ്ര പതിപ്പിക്കുകയുണ്ടായി.

കന്യാസ്ത്രീപഠനത്തിനു ശേഷം കോഴിക്കോട് കടപ്പുറം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ബീച്ച് ബ്ലോസംസ് ആയിരുന്നു സിസ്റ്റർ ആലീസിന്റെ തട്ടകം. ഏറെയും മുസ്ലീം സമുദായത്തിൽപ്പെട്ടവരായിരുന്ന സ്ത്രീകളെ സംഘടിപ്പിച്ച് സമരത്തിനിറക്കിയ അവരുടെ ചെറുതല്ലാത്ത നേട്ടം ഓർക്കപ്പെടേണ്ടതാണ്. മത്സ്യത്തൊഴിലാളികൾ നേരിടുന്ന നാനാതരമായ പ്രശ്നങ്ങൾ-ക്ഷേമപദ്ധതികളുടെ അഭാവം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ രൂക്ഷമായ പിന്നോക്കാവസ്ഥ മത്സ്യമേഖലയെ തകർക്കുന്ന സർക്കാർ നയങ്ങൾ- ഇവയൊക്കെ മുൻനിർത്തി സമരം ചെയ്യാൻ 1980കളിൽ രൂപം കൊണ്ട കേരളസ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ മുൻനിരപോരാളിയായിരുന്നു സിസ്റ്റർ ആലീസ്. 1984ൽ കോഴിക്കോട് അവർ നടത്തിയ നിരാഹാരസമരം ഏറെ ജനശ്രദ്ധ ആകർഷിച്ചിരുന്നു. സമരത്തെത്തുടർന്ന് സ്ഥലം മാറ്റം ലഭിക്കുകയും തുടർന്ന് താൻ അംഗമായ ക്രിസ്തീയസഭ വിടുകയും ചെയ്തശേഷം 1991ൽ മറ്റു നാലു കന്യാസ്ത്രീകളുടെ സഹായത്തോടെ അവർ ആലപ്പുഴയിലെ എരുമല്ലൂരിൽ വിമൻസ് ഇനീഷ്യേറ്റീവ് നെറ്റ്വർക്ക് (Win) Society സ്ഥാപിച്ചു.

കേരളമൊട്ടാകെയുള്ള മത്സ്യ ത്തൊഴിലാളിസമൂഹത്തിന് സുപരി ചിതയായതിനാൽ എറണാകുളം ആലപ്പുഴ ജില്ലകളുടെ തീരദേശ ത്തുള്ള പ്രവർത്തനങ്ങൾ ഏറെ ആയാസകരമായിരുന്നില്ല. എന്നാൽ വർഗ്ഗം, തൊഴിൽ തുട ങ്ങിയ സംവർഗ്ഗങ്ങൾക്കകത്ത് സ്ത്രീ എന്ന അസ്ഥിത്വത്തെ സ്ഥാപിച്ചെടുക്കാൻ പരിശ്രമിക്കേ ണ്ടിവന്നതായി സിസ്റ്റർ ആലീസ് സാക്ഷ്യപ്പെടുത്തുന്നു. മത്സ്യമേഖ ലയിലെ പ്രശ്നങ്ങൾ ധാരാളം ഏറ്റെടുക്കപ്പെട്ടിരുന്നുവെങ്കിലും മത്സ്യത്തൊഴിലാളിസ്ത്രീകളുടെ സവിശേഷമായ പ്രശ്നങ്ങൾ അവ ഗണിക്കപ്പെട്ടുകിടക്കുകയായിരു ന്നു. ഭർത്താക്കൻമാരുടെ മദ്യപാ നം, ഗാർഹികപീഡനം, തൊഴിലി ല്ലായ്മ, ദാരിദ്ര്യം, ആരോഗ്യംപ്ര ശ്നങ്ങൾ, സാമൂഹ്യരാഷ്ട്രീയരംഗ ങ്ങളിൽ പങ്കാളിത്തമില്ലായ്മ എല്ലാം ഇവിടുത്തെ സ്ത്രീകൾ നേരിട്ടുകൊണ്ടിരുന്ന പ്രശ്നങ്ങളാ യിരുന്നു.

വൈവിധ്യമാർന്ന ഇടപെടൽ രീതികളായിരുന്നു വിൻ സൊസൈറ്റിയുടേത്. 17000ത്തോളം വരുന്ന സ്ത്രീകളും അവരിലൂടെ അവരുടെ കുടുംബാംഗങ്ങളും ചേർന്നാണ് സൊസൈറ്റി നില കൊള്ളുന്നത്. ജീവനോപാധികളാ കുന്ന തൊഴിൽ പരിശീലനങ്ങൾ, മൈക്രോക്രെഡിറ്റ് സൗകര്യങ്ങൾ തുടങ്ങി അടിസ്ഥാനശാക്തീകരണ സാഹചര്യങ്ങൾ ഒരുക്കപ്പെടുക യാണ് ചെയ്യുന്നത്. ഇങ്ങനെ ചെറിയ സ്വയം തൊഴിൽ സംരംഭ ങ്ങൾ ഉണ്ടാവുകയും അവ ക്രമേണ വളരുകയും അനവധി കുടുംബങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് കരകയറുകയുമുണ്ടായി.

വിദ്യാഭ്യാസം, ആരോഗ്യം തുട ങ്ങിയ മേഖലകളിൽ ധാരാളം ചുവടുവെപ്പുകൾ നടത്താൻ കഴി ഞ്ഞത് സൊസൈറ്റിയുടെ മറ്റൊരു നേട്ടമാണ്. ആരോഗ്യക്യാമ്പുകൾ നേരത്തെ സൊസൈറ്റിയായിരുന്നു സംഘടിപ്പിച്ചിരുന്നതെങ്കിൽ പിന്നീട് സ്ത്രീകളുടെ കൂട്ടായ്മ കൾ തന്നെ ഇതിന് മുൻകൈ എടു ക്കാൻ തുടങ്ങി. മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽക്കൂടി ഉൾപ്പെട്ടതോടെ ഓരോ അംഗ ത്തിനും ആരോഗ്യപരിരക്ഷ വിദൂര മല്ലാത്ത യാഥാർത്ഥ്യമായി.




സ്ത്രീകൾ ഏർപ്പെട്ട തൊഴിലു കളിലുമുണ്ടായിരുന്നു വൈവിധ്യം. സ്ത്രൈണമെന്ന വാർപ്പുമാതൃക കകൾക്കകത്തു നിൽക്കുന്ന പാചകം, ഭക്ഷണസാധനങ്ങളുടെ വില്പന, തയ്യൽ തുടങ്ങിയ വയ്ക്കു പുറമെ ഫർണിച്ചർ നിർമ്മാണം സുഗന്ധദ്രവ്യ വ്യാപാരം തുടങ്ങിയവയും ചെയ്യു ന്നുണ്ട് സ്ത്രീകൾ.

1960കളിൽ സ്ത്രീവാദരാ ഷ്ട്രീയം മുന്നോട്ടുവെച്ച പ്രധാന ഇടങ്ങളിലൊന്നായിരുന്നു ബോധവ ത്ക്കരണ കൂട്ടായ്മകൾ (con- sciousness raising groups). സ്ത്രീകൾ ഒന്നിച്ചു കൂടുകയും പര സ്പരം ജീവിതാനുഭവങ്ങൾ പങ്കു വെക്കുകയും ചെയ്യുന്നതിലൂടെ നേടുന്ന കരുത്ത് സ്വന്തം ജീവിത പ്രശ്നങ്ങളെ നേരിടാൻ പോലും ഉതകുന്നതാവുന്നതായിരുന്നു. വിൻ സൊസൈറ്റിയുടെ ആഴ്ചതോറു മുള്ള ഒത്തുചേരൽ പ്രതീക്ഷ യോടെ കാത്തിരിക്കുന്ന അംഗ ങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു ബോധവത്ക്കരണപ്രക്രി യയുടെ ദൗത്യം തന്നെയാണ് നിർവ്വഹിക്കുന്നത്.

സർക്കാറിന്റെ ശാക്തീ കരണവ്യവഹാരങ്ങളിൽ നിന്നും തീർത്തും വ്യത്യ സ്തമായി സ്ത്രീകൾക്ക് കേവലം തൊഴിലും വരു മാനവും ഉറപ്പുവരുത്തു ന്നതിനപ്പുറം സ്വന്തം ജീവിതത്തിലെ ആധിപ ത്യവ്യവസ്ഥകളെയും സദാചാരനിർമ്മിതിക ളെയും ചോദ്യം ചെയ്യാനും പ്രതിരോധി ക്കാനും സ്ത്രീകളെ ശേഷിയുള്ളവരാക്കുന്ന പദ്ധതികളാണ് ആവി ഷ്കരിക്കപ്പെട്ടത്. മുക ളിൽ നിന്ന് താഴോട്ടേക്ക് ഇറങ്ങിവരുന്ന സാമൂഹ്യ സേവന ജീവകാരുണ്യമാ തൃകകളെ അപേക്ഷിച്ച് സ്ത്രീകളെ സ്വയം സംഘടിക്കാനും സമരമേ റ്റെടുക്കാൻ സജ്ജരാകാനും പ്രേരി പ്പിക്കുന്നതാകുന്നു പ്രവർത്തന ങ്ങൾ. ഈ സ്ത്രീകൾ ആ പ്രദേ ശത്തെ കള്ളുഷാപ്പുകൾ അടപ്പി ക്കാൻ മുൻകൈ എടുത്തതും ഗർഹികപീഡനമനുഭവിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളിൽ ഇട പെട്ട് അത്തരം പുരുഷന്മാരെ നേരി ട്ടതും ഇതിനുദാഹരണങ്ങളാണ്. കുടുംബത്തിനകത്തും പുറത്തും ഒരുപോലെ ഇടപെടാൻ

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയെന്നത് സിസ്റ്റർ ആലീസിന്റെ സുപ്രധാന അജണ്ട കളിലൊന്നാണ്. സ്വയംപര്യാപ്തമാകുന്ന രീതിയിൽ തങ്ങൾക്കുവേണ്ടത് തങ്ങൾ തന്നെ കൃഷി ചെയ്തുണ്ടാക്കുക എന്ന ലക്ഷ്യം പുത്തൻ വികസനമാതൃകയിലേ ക്കുള്ള ചൂണ്ടുപലകയാണ്.



സ്ത്രീകൾക്ക് സാധിക്കുമ്പോൾ മാത്രമേ യഥാർത്ഥ ശാക്തീകരണം സാധ്യമാവുന്നുള്ളൂ. ഇതാകട്ടെ സമൂഹത്തിന്റെ ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമാണുതാനും. അതിനാൽ സമരങ്ങളുടെ ഭൂമിക പൊതു ഇടങ്ങൾ കൂടിയാണ്.

ഉപജീവനം നിർണ്ണയിക്കുന്ന ഉത്പാദനവ്യവസ്ഥകൾ, ആവാസ പരിസരങ്ങൾ, ആരോഗ്യവിദ്യാഭ്യാ സസൗകര്യങ്ങൾ, സർക്കാർ നയ ങ്ങൾ, പദ്ധതികൾ ഇവയൊക്കെ നിരന്തരമായ ഇടപെടലുകൾ ആവ ശ്യപ്പെടുന്ന മേഖലകളാണെന്ന തിരിച്ചറിവ് ഇന്ന് വിൻ സൊസൈറ്റി അംഗങ്ങൾക്കുണ്ട്. ചെമ്മീൻ കൃഷി നടത്തി ഉപ്പു വെള്ളം നിറഞ്ഞ നെൽപ്പാടങ്ങൾ ശുദ്ധജലലഭ്യതക്കും പരിസ്ഥി തിക്കും നേരെ ഉയർത്തിയ വെല്ലു വിളികൾ തിരിച്ചറിഞ്ഞ് നീണ്ടകര പ്രദേശത്ത് ഉയർന്ന 'ഒരു നെല്ല് ഒരു മീൻ' എന്ന സമരാഹ്വാനം ഒടുവിൽ സുപ്രധാനമായ ഒരു ഓർഡിനൻസ് പാസ്സാകുന്നതിന് കാരണമായത് എടുത്തുപറയേണ്ട സംഭവമാണ്. ആറുമാസം ചെമ്മീൻകൃഷി നടക്കുമ്പോൾ ബാക്കി ആറുമാസം കൃഷിക്കു വേണ്ടി പാടങ്ങൾ ഒഴിച്ചിടണമെന്ന തായിരുന്നു

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തു കയെന്നത് സിസ്റ്റർ ആലീസിന്റെ സുപ്രധാന അജണ്ടകളിലൊന്നാ ണ്. സ്വയംപര്യാപ്തമാകുന്ന രീതി യിൽ തങ്ങൾക്കുവേണ്ടത് തങ്ങൾ തന്നെ കൃഷി ചെയ്തുണ്ടാക്കുക എന്ന ലക്ഷ്യം പുത്തൻ വികസന മാതൃകയിലേക്കുള്ള ചൂണ്ടുപലക യാണ്.

കുമ്പളങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എല്ലാ ചികി ത്സാവിഭാഗങ്ങളിലുമുള്ള ഡോക്ടർമാരെ കൊണ്ടുവരാൻ നടത്തിയ സമരത്തിൽ രാഷ്ട്രീയ പ്രതിനിധികളോടൊപ്പം വീറോടെ സമരം ചെയ്യുകയുണ്ടായി സൊസൈറ്റിയിൽ അംഗങ്ങളായി രുന്ന സ്ത്രീകൾ എന്നതും ശ്രദ്ധേ യമാണ്. സാമൂഹ്യജീവിതത്തിന്റെ നാനാമേഖലകളിലുള്ള ഇടപെടലു കളുടെ അഭാവത്തിൽ സ്ത്രീജീവി തത്തിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയില്ല എന്ന വിശ്വാ സമാണ് സിസ്റ്റർക്കുള്ളത്. അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെര ഞ്ഞെടുപ്പുകളിൽ മത്സരിച്ച സൊസൈറ്റിയുടെ 79 അംഗങ്ങ ളിൽ 40 പേർ വിജയിച്ചു.

ഇങ്ങനെ നാൽപതുവാർഡുക ളിലെ രാഷ്ട്രീയപ്രതിനിധാനം സൊസൈറ്റിയെ വേറിട്ടുനിർത്തു ന്നുണ്ട്. സാമൂഹ്യവും രാഷ്ട്രീയ വുമായ സമഗ്രമായ ഇടപെടലു കൾക്ക് പാകപ്പെടുത്താനുള്ള ഇത്തരം ശ്രമങ്ങളാണ് വാസ്തവ ത്തിൽ സ്ത്രീകൾക്ക് ക്രിയാത്മക സഹായങ്ങളായി വർത്തിക്കുന്നത്.

രാഷ്ട്രീയസമരങ്ങളെക്കുറിച്ച് സിസ്റ്റർ ആലീസിന് വ്യക്തമായ ദിശാബോധമുണ്ട്. സമരമുറകൾ മെനയുന്നതിലും അവ പ്രയോഗ ത്തിലാക്കുന്നതിലും വ്യവസ്ഥാ പിത രാഷ്ട്രീയപാർട്ടികളേക്കാൾ മുമ്പിലാണവർ പലപ്പോഴും. സ്വകാര്യ, പാർട്ടിഅജണ്ടകളില്ലാ ത്തതിനാൽതന്നെ വിമർശനാത്മക മായ നിലപാടുകളെടുക്കാനും മടിക്കുന്നില്ല അവർ. സ്ത്രീകളാണ് സമരം ചെയ്യാൻ ഏറ്റവും ശേഷി യുള്ളവർ എന്ന് സിസ്റ്റർ ആലീസ് ശഠിക്കുന്നു. സമരത്തെ കൈവിടാതെ അങ്ങേറ്റംവരെ കൊണ്ടുചെന്നെത്തിക്കാനുള്ള അവരുടെ പ്രയത്നങ്ങൾ വലു താണ്. "പെണ്ണൊരുമ്പെട്ടാൽ എന്നു കേട്ടിട്ടില്ലേ...."? അവർ ചോദിക്കുന്നു. ●

സന്ധ്യ എം. ഉണ്ണികൃഷ്ണൻ

# സ്ത്രീകളുടെ ആമുഖങ്ങൾ; ചരിത്രത്തിലെ സന്ദേഹങ്ങൾ

'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി' എന്ന് കവി നമ്മുടെ സ്ത്രീകളെക്കുറിച്ചു പാടിയപ്പോൾ വിദേശീയരുടെ അഭിപ്രായത്തിൽ നമ്മുടെ സ്ത്രീകൾ വെറും വീട്ടുമൃഗങ്ങളായിരുന്നു. അവളെ താലി കെട്ടിയ പുരുഷന്റെ ജീവിതം തീരുന്നതു വരെയാണ് അവളുടെ ആയുസ്സ്. സതി സമ്പ്രദായത്തെ വിലയിരുത്തി സ്ത്രീകളെ ജീവനോടെ കത്തിക്കുന്ന നാട് എന്നാണ് വിദേശീയരായ എഴുത്തുകാരുടെ വിവരണം.

വിദ്യാഭ്യാസകേരളം പ്രബുദ്ധകേരളം എന്ന് വളരെ അഭിമാനത്തോടെ നാം പറയുമ്പോൾ ഏതെല്ലാം തലങ്ങളിലാണ് ഈ പ്രബുദ്ധതയുണ്ടായിട്ടുള്ളതെന്ന് വിലയിരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ശാസ്ത്ര സാങ്കേതിക വിദ്യ, എന്നീ തലങ്ങളിലെല്ലാം നാം പുരോഗതി നേടിയിട്ടുണ്ട്. ഇത് മാത്രമാണോ പ്രബുദ്ധതയുടെ മാനദണ്ഡം...? ഒരു സമൂഹത്തിന്റെ സംസ്കാരത്തെ വിലയിരുത്തുമ്പോൾ ആ സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം നിർണ്ണായകഘടകമാണ്. ഉന്നതവിദ്യാഭ്യാസം നേടുന്ന സ്ത്രീകൾ പുരുഷനോടൊപ്പം പ്രവർത്തനമേഖലകൾ പങ്കിടുന്നുണ്ട്. സാമൂഹ്യപ്രവർത്തനങ്ങളിലും രാഷ്ട്രീയപ്രവർത്തനങ്ങളിലും സ്ത്രീകൾ തുല്യത കൈവരിച്ചിട്ടുണ്ട്.

പക്ഷെ ഇപ്പോഴും ഗാർഹിക പീഡനങ്ങളും തെരുവു പീഡനങ്ങളും എന്തിന് തൊഴിലിടങ്ങളിൽ പോലും സ്ത്രീകൾക്ക് പീഡനങ്ങൾ സഹിക്കേണ്ടി വരുന്നു. എന്തു കൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്..? മൊത്തത്തിലൊന്നു നോക്കുമ്പോൾ സംസ്കാരസമ്പന്നമെന്ന് നമുക്ക് തോന്നിക്കുന്ന സമൂഹം അടിത്തട്ടിൽ ഇപ്പോഴും സംസ്കാരശൂന്യമാണ്. സമൂഹത്തിലെ ഉന്നതവിദ്യാഭ്യാസം നേടിയ വക്കീലന്മാരും മറ്റും സ്ത്രീയെ ഉപമിക്കുന്നത് 'മധുരക്കനി'യോടാണ്.

'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി' എന്ന് കവി നമ്മുടെ സ്ത്രീകളെക്കുറിച്ചു പാടിയപ്പോൾ വിദേശീയരുടെ അഭിപ്രായത്തിൽ നമ്മുടെ സ്ത്രീകൾ വെറും വീട്ടുമൃഗങ്ങളായിരുന്നു. അവളെ താലി കെട്ടിയ പുരുഷന്റെ ജീവിതം തീരുന്നതു വരെയാണ് അവളുടെ ആയുസ്സ്. സതി സമ്പ്രദായത്തെ വിലയിരുത്തി സ്ത്രീകളെ ജീവനോടെ കത്തിക്കുന്ന നാട് എന്നാണ് വിദേശീയരായ എഴുത്തുകാരുടെ വിവരണം. ഈ അഭിപ്രായം ഇപ്പോൾ ഏററവുമേറെ സ്ത്രീപീഡനം നടക്കുന്ന നാട് എന്നായി മാറിയിട്ടുണ്ട്, എന്നു മാത്രം. ഇതിന്റെ പേരിൽ ഇന്ത്യൻവംശജരായ ആൺകുട്ടികൾക്ക് ചില വിദേശ സർവകലാശാലകൾ പ്രവേശനം നിരോധിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്.

സ്ത്രീശാക്തീകരണം എല്ലാ മേഖലകളിലും എത്തി നിൽക്കുന്ന ഈ അവസരത്തിൽ സമരമുഖങ്ങളിലും സ്ത്രീസാന്നിദ്ധ്യം ശ്രദ്ധേയമാണ്. സ്ത്രീകൾ പങ്കെടുക്കുന്ന സമരങ്ങളെ നമുക്ക് 3 രീതിയിൽ കാണാൻ കഴിയും. സമൂഹത്തിൽ



സ്ത്രീ ആരെ 'സംബന്ധം' ചെയ്യണം ; ആ ബന്ധത്തിന്ന് എത്ര ആയുസ്സ് വേണം എന്നൊക്കെ തീരുമാനിക്കുന്നത് തറവാട്ടിലെ കാരണവരാണ്. ഫലത്തിൽ സ്ത്രീയുടെ ജീവിതം മൂന്നും നാലും 'സംബന്ധ'ക്കാരുമായി പങ്കുവെച്ചു തീർക്കേണ്ടി വരുന്നു. സ്ത്രീകൾ തറവാട്ടിലെ വിൽപനച്ചരക്കു പോലെയായിരുന്നു.

പൊതു താൽപര്യമുള്ള വിഷയങ്ങളിൽ പുരുഷനോടൊപ്പം ചേർന്നുള്ള സമരങ്ങൾ.

വിദ്യാഭ്യാസത്തിലും നിയമകാര്യങ്ങളിലും സ്ത്രീയുടെ അവസ്ഥ ശോചനീയമായിരുന്നു. സ്ത്രീക്ക് സ്വത്തവകാശം ഇല്ലായിരുന്നു. വിവാഹശേഷം ഭർത്താവിന്റെ കുടുംബാംഗമായി മാറിയാൽ പിന്നെ സഹോദരനും മാതാപിതാക്കൾക്കും സ്ത്രീ അന്യയായി മാറുന്നു. ഉത്തരേന്ത്യൻ സമൂഹം ഈ സ്ഥിതിക്ക് എളുപ്പത്തിൽ കണ്ടു പിടിച്ച ഒരു പരിഹാരമായിരുന്നു 'ഉടന്തടിചാട്ടം' അല്ലെങ്കിൽ 'സതി'. ഭർത്താവിനോടൊപ്പം എരിഞ്ഞടങ്ങുക. ഇക്കാര്യത്തിൽ കേരളീയസമൂഹം വ്യത്യസ്ഥത പുലർത്തി. ഇവിടെ അങ്ങനെ ഒരാചാരം ഇല്ലായിരുന്നു.

19ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജാതി ഫ്യൂഡൽ വ്യവസ്ഥിതികളിൽ അധിഷ്ഠിതമായ കേരള സമൂഹത്തിലും സ്ത്രീകൾ അടിമത്തം അനുഭവിച്ചിരുന്നു. ജാതീയമായ അടയാളങ്ങളും ആചാരങ്ങളും നില നിന്നിരുന്നത് സ്ത്രീകളിലൂടെയായിരുന്നു. അവളുടെ വസ്ത്രധാരണം, വ്യക്തി സ്വാതന്ത്ര്യം, ലൈംഗിക ജീവിതം, ഇതെല്ലാം നിയന്ത്രിച്ചിരുന്നത്, ഫ്യൂഡൽ വ്യവസ്ഥിതിയിലെ മേലാളന്മാർ ആയിരുന്നു. എതിർത്താൽ അടിച്ചമർത്താൻ മാർഗ്ഗങ്ങൾ ധാരാളമായിരുന്നു.

നായർ തറവാടുകളിൽ കാരണവർക്കെതിരെ സംസാരിക്കുന്ന സ്ത്രീയെ പുറത്താക്കാൻ വിചിത്രമായ ചില ആചാരങ്ങൾ ഉണ്ടായിരുന്നു.

'പുലപ്പേടി' 'മണ്ണാപ്പേടി,' 'പറപ്പേടി' എന്നെല്ലാമാണ് ഇതിന് നൽകിയിരുന്ന പേര്.

വർഷത്തിൽ ചില ദിവസങ്ങളിൽ അധഃകൃതരായ പുരുഷന്മാർക്ക് രാത്രികാലങ്ങളിൽ തറവാടുകൾക്കു ചുറ്റും അലഞ്ഞു തിരിയുവാനും അവിടുത്തെ സ്ത്രീകളെ മറഞ്ഞു നിന്നു നോക്കുവാനും അവളുടെ മേൽ കല്ലോ ചെറുചുള്ളിക്കമ്പോ എടുത്തെറിയാനും അവകാശമുണ്ടായിരുന്നു.

ഏതെങ്കിലും സ്ത്രീക്ക് ഇങ്ങനെ സംഭവിച്ചാൽ പിന്നെ അവൾ തറവാടിനു പുറത്താകും. പിന്നീടുള്ള അവളുടെ ജീവിതം ആ അധഃകൃതനുമൊത്തായിരിക്കണം. മാത്രമല്ല, തറവാട്ടിലെ സ്വത്തിൽ യാതൊരവകാശവും ഉണ്ടാകില്ല. ഈ ആചാരത്തിന് തെളിവെടുപ്പോ ചോദ്യം ചെയ്യലോ ഒന്നുമില്ലായിരുന്നു. താഴ്ന്ന ജാതിക്കാരനായ പുരുഷന്റെ പ്രസ്താവനമാത്രം മതിയായിരുന്നു ഈ ആചാരം നടപ്പാക്കാൻ.

ഇതിനേക്കാൾ മോശമായ അപമാനം സ്വന്തം തറവാട്ടിൽനായർ സ്ത്രീക്ക് നേരിടേണ്ടി വന്നിരുന്നു; 'സംബന്ധം' എന്ന ആചാരത്തിലൂടെ. പരദേശിയായി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഏതൊരു ബ്രാഹ്മണനും ക്ഷേത്രത്തിന്നടുത്തുള്ള നായർ തറവാട്ടിൽ നിന്ന് 'സംബന്ധം' ചെയ്യാം. ക്ഷേത്രം വിട്ടു പോകുമ്പോൾ ആ ബന്ധവും തീരും.

സ്ത്രീ ആരെ 'സംബന്ധം' ചെയ്യണം ; ആ ബന്ധത്തിന്ന് എത്ര ആയുസ്സ് വേണം എന്നൊക്കെ തീരുമാനിക്കുന്നത് തറവാട്ടിലെ കാരണവരാണ്. ഫലത്തിൽ സ്ത്രീയുടെ ജീവിതം മൂന്നും നാലും 'സംബന്ധ'ക്കാരുമായി പങ്കുവെച്ചു തീർക്കേണ്ടി വരുന്നു. സ്ത്രീകൾ തറവാട്ടിലെ വിൽപനച്ചരക്കു പോലെയായിരുന്നു.

സമൂഹത്തിലെ സമ്പന്നരായ നമ്പൂതിരിമാരും സാമന്തന്മാരുമായും തറവാടിനു ബന്ധമുണ്ട് എന്നു വരുത്തിത്തീക്കാൻ കാരണവർ ഉപയോഗിച്ചിരുന്നത് തറവാട്ടിലെ സ്ത്രീജനങ്ങളേയായിരുന്നു. ഇത് കൊണ്ടു തന്നെ തറവാട്ടിലെ സ്ത്രീകളുടെ ലൈംഗികതയുമായി ബന്ധപ്പെട്ട് ധാരാളം ആചാരങ്ങളും ആഘോഷങ്ങളും കാരണവർ നടത്തിയിരുന്നു.

താലികെട്ടുകല്ല്യാണം, തിരണ്ടുകല്ല്യാണം, ഇവ ആ ആചാരങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു. താലി കെട്ടുകല്ല്യാണം അർത്ഥമില്ലാത്ത ഒരാചാരമായിരുന്നു. ഒരേ വേദിയിൽ ഒരാൾ തന്നെ 10-15 പെൺകുട്ടികളെ താലി കെട്ടുന്നു. കൈ കഴുകി പ്രതിഫലം വാങ്ങുന്നതോടെ കെട്ടുബന്ധം തീരുന്നു.

പക്ഷെ ഈ ആചാരത്തിന്നു ശേഷം മാത്രമെ പെൺകുട്ടിക്ക് പുരുഷനുമായി ലൈംഗികബന്ധം പുലർത്തുവാൻ കഴിയുമായിരുന്നുള്ളു.

പെൺകുട്ടി പ്രായമായി എന്ന് സമൂഹത്തെ അറിയിക്കുന്ന മറ്റൊരാചാരമായിരുന്നു തിരണ്ടുകല്ല്യാണം.

ആദ്യ കാല S. N. D. P. പ്രവർത്തകനായ കുഞ്ഞിരാമൻ ഇതിനെ വിശേഷിപ്പിച്ചത് ഏതാണ്ട് ഇപ്രകാരമായിരുന്നു, വിത്തു വിതക്കുവാൻ നിലമൊരുങ്ങിയിരിക്കുന്നു എന്ന ഒരു വിളംബരമാണ് ഈ ചടങ്ങ്. 'സംബന്ധ'ത്തിലൂടെ തറവാടിന്റെ സമ്പത്തും പ്രതാപവും വർദ്ധിപ്പിക്കുവാനുള്ള കുറുക്കുവഴികളായിരുന്നിരിക്കണം ഈ ആചാരങ്ങൾ.

ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ കേരളത്തിൽ വേറെയും ചില രസകരമായ ആചാരങ്ങൾ ഉണ്ടായിരുന്നു. നായർസമുദായത്തിന്നു താഴോട്ടുള്ള സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അനുവാദമില്ലായിരുന്നു. ഉയർന്ന സമുദായാംഗങ്ങളുടെ മുമ്പിൽ നഗ്നത പ്രദർശിപ്പിക്കാൻ അവർ ബാധ്യസ്ഥരാകുകയായിരുന്നു ഇതിലൂടെ.

ഒരു നായർസ്ത്രീക്കനുഭവപ്പെട്ട അപമാനത്തെക്കുറിച്ച് K.G.കൃഷ്ണൻ അദ്ദേഹത്തിന്റെ 'ഈഴവ-തീയ്യ ചരിത്ര പഠനം' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്.

കൊച്ചിരാജകുടുംബാംഗമായ ഒരു സ്ത്രീ തൃപ്പൂണിത്തുറ ക്ഷേത്രദർശനത്തിനെത്തിയപ്പോൾ അവിടെയുണ്ടായിരുന്ന ഒരു നായർപെൺകുട്ടിയോട് മേൽവസ്ത്രം ഊരാൻ ക്ഷേത്ര പരിപാലകർ ആവശ്യപ്പെട്ടെങ്കിലും അവൾ നിഷേധിച്ചു. അവളെ ക്ഷേത്രത്തിൽ നിന്ന് പുറത്താക്കിയ ശേഷമാണ് രാജകുടുംബാംഗം ക്ഷേത്ര ദർശനം നടത്തിയത്. പെൺകുട്ടി മഹാരാജാവിനോട് പരാതി ബോധിപ്പിച്ചതിനു പ്രതികരണമുണ്ടായില്ല എന്നു മാത്രമല്ല, ഭാവിയിൽ മാറുമറച്ചെത്തുന്ന ശൂദ്രസ്ത്രീകളെ ക്ഷേത്രദർശനത്തിന്ന് അനുവദിക്കേണ്ടതില്ല എന്ന് മഹാരാജാവ് ക്ഷേത്രാധികാരികൾക്ക് തിട്ടൂരം ചാർത്തിക്കൊടുക്കുകയും ചെയ്തു.

> മാറുമറയ്ക്കൽ സമരം ആദ്യം അരങ്ങേറിയത് ചാന്നാർസമുദായത്തിലായിരുന്നു. ചാന്നാർസമുദായത്തിലെ സ്ത്രീകൾ, ക്രിസ്ത്യൻ പാതിരിമാരുടെ നിർദ്ദേശപ്രകാരം മാറുമറയ്ക്കാൻ തുടങ്ങിയത് സാമൂഹികമായ അസ്വസ്ഥതക്ക് വഴിവെച്ചു. ഉയർന്ന സമുദായത്തിലെ സ്ത്രീകളെ പോലെ മേൽവസ്ത്രം ധരിച്ച് ചാന്നാത്തികൾ സാമൂഹികസമത്വം നേടാൻ ശ്രമിച്ചത് സാമുദായികലഹളക്ക് കാരണമായി. ലഹള അവസാനിച്ചത് ഒരു രാജവിളംബരത്തോടെയായിരുന്നു.

മാറുമറയ്ക്കൽ സമരം ആദ്യം അരങ്ങേറിയത് ചാന്നാർസമുദായത്തിലായിരുന്നു. ചാന്നാർസമുദായത്തിലെ സ്ത്രീകൾ, ക്രിസ്ത്യൻ പാതിരിമാരുടെ നിർദ്ദേശപ്രകാരം മാറുമറയ്ക്കാൻ തുടങ്ങിയത് സാമൂഹികമായ അസ്വസ്ഥതക്ക് വഴിവെച്ചു. ഉയർന്ന സമുദായത്തിലെ സ്ത്രീകളെ പോലെ മേൽവസ്ത്രം ധരിച്ച് ചാന്നാത്തികൾ സാമൂഹികസമത്വം നേടാൻ ശ്രമിച്ചത് സാമുദായികലഹളക്ക് കാരണമായി. ലഹള അവസാനിച്ചത് ഒരു രാജവിളംബരത്തോടെയായിരുന്നു. ചാന്നാർസമുദായത്തിലെ സ്ത്രീകൾക്കു മാറു മറയ്ക്കാം പക്ഷെ ഉയർന്ന സമുദായത്തിലെ സ്ത്രീകൾ മേൽക്കുപ്പായം ഉപയോഗിക്കുന്നതിൽ നിന്ന് ചെറിയ വ്യത്യാസമുണ്ടായിരിക്കണം.

സാമൂഹികസമത്വത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ആദ്യത്തെ സ്ത്രീസമരമായി ഇതിനെ കണക്കാക്കുന്നതിൽ തെറ്റില്ല.

പുലയസമുദായത്തിലെ സ്ത്രീകൾ മാറുമറച്ചിരുന്നത് കല്ലുമാലകൾ ഉപയോഗിച്ചായിരുന്നു. അയ്യങ്കാളിയുടെ നേതൃത്വത്തിൽ 'സാധുജനപരിപാലനയോഗം' സ്ഥാപിതമായതോടെ പുലയസമുദായവും മാറ്റങ്ങൾക്ക് വിധേയമായി. കല്ലുമാലകൾ വലിച്ചെറിഞ്ഞ് മാറുമറയ്ക്കാൻ മേൽവസ്ത്രം ധരിക്കണം എന്ന ആഹ്വാനം പെരിനാട് വെച്ചു നടന്ന ഒരു പൊതുയോഗത്തിലാണ് ഉണ്ടായത്.

അധഃകൃതസ്ത്രീകൾ ജാതി അടയാളങ്ങൾ എന്നെന്നേക്കുമായി ഉപേക്ഷിച്ചു. ഇതിനെതിരെ പ്രതികരിച്ച സവർണ്ണരെ നേരിടാൻ ഈ സ്ത്രീകൾ അവരുടെ അരിവാളാണ് ആയുധമായി ഉപയോഗിച്ചത്.

തിരുവിതാംകൂറിൽ അധഃകൃത സ്ത്രീകൾക്കെതിരെ ഉണ്ടായിരുന്ന മറ്റൊരു അനാചാരമായിരുന്നു 'മുലക്കരം.' സ്വന്തം മാറിടത്തിന്നു കരം കൊടുക്കണമായിരുന്നു. സ്ത്രീ തന്നെ മുന്നിട്ടിറങ്ങി പ്രതിഷേധിക്കേണ്ടി വന്നു ഈ കരം നിർത്തലാക്കാൻ. ഒരു ഈഴവസ്ത്രീ സ്വന്തം മാറിടം അരിവാൾ കൊണ്ട് അറുത്ത് മഹാരാജാവിനു നൽകിക്കൊണ്ടാണ് പ്രതിഷേധിച്ചത്.

ബ്രിട്ടീഷ് അധിനിവേശവും ഇംഗ്ലീഷ്വിദ്യാഭ്യാസവും, ക്രിസ്ത്യൻ പാതിരിമാരുടെ സാമൂഹ്യ പ്രവർത്തനങ്ങളും, അയ്യങ്കാളി, ശ്രീ നാരായണ ഗുരു, ചട്ടമ്പി സ്വാമികൾ, എന്നിവരുടെ ആഹ്വാനങ്ങളും, കേരളത്തിലെ സ്ത്രീകളെ മാറ്റങ്ങൾക്ക് വിധേയമാക്കി എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. സാമൂഹ്യ പരി

ഷ്കരണം എന്ന മുഖ്യലക്ഷ്യം നേടുന്നതിനു വേണ്ടി അവർ സ്ത്രീകളുടെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചു.

അയ്യങ്കാളിയും ശ്രീ നാരായണഗുരുവും ചട്ടമ്പി സ്വാമികളും സംസാരിച്ചത് സമൂഹത്തിനു വേണ്ടിയായിരുന്നു സ്ത്രീകൾക്കു വേണ്ടിയായിരുന്നില്ല. വാഴ നനയുമ്പോൾ ചീരയും നനഞ്ഞോട്ടെ എന്ന രീതിയിലായിരുന്നു അവർ സ്ത്രീകളുടെ വിഷയങ്ങൾ കൈകാര്യം ചെയ്തത്.

1920 ആകുമ്പോഴേക്കും കേരളത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്നു വേണ്ടി കോളേജുകളും സ്കൂളുകളും സ്ഥാപിച്ചു തുടങ്ങിയിരുന്നു. സമൂഹത്തിൽ വനിതാഡോക്ടർമാരും നഴ്സുമാരും അദ്ധ്യാപികമാരും പ്രവർത്തിച്ചിരുന്നു.

1898 ൽ മനോരമയിൽ വന്ന ഒരു പത്രവാർത്ത ശ്രദ്ധേയമാണ്. 'തിരുവിതാംകൂർ മഹാരാജാവിന്റെ സ്കോളർഷിപ്പോടെ മദ്രാസ് മെഡിക്കൽകോളേജിൽ നിന്ന് മെഡിക്കൽ ബിരുദം നേടിയ 41 വനിതാ ഡോക്ടർമാരെ തിരുവിതാംകൂർ ഭരണകൂടം നിയമിക്കാൻ തീരുമാനിച്ചു' എന്നതായിരുന്നു പത്രവാർത്ത.

വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ സാമൂഹികഅസമത്വങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ശബ്ദമുയർത്താനും വനിതാക്ലാസുകളും മഹിളാസമാജങ്ങളും രൂപീകരിക്കാനും തുടങ്ങിയിരുന്നു. സ്ത്രീകൾക്കു വേണ്ടി ലേഖനപരമ്പരകളും മുഖപ്രസംഗങ്ങളും പ്രസിദ്ധീകരിക്കാനും അവർക്ക് താൽപര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനും ധാരാളം വനിതാമാസികകൾ ഈ കാലഘട്ടത്തിൽ പ്രചരിച്ചിരുന്നതായി കാണാം. ഇവയുടെ അണിയറയിലും അരങ്ങത്തും സ്ത്രീകൾ തന്നെ പ്രവർത്തിച്ചിരുന്നുവെന്നത് ശ്രദ്ധേയമാണ്. വിവാഹം, ദാമ്പത്യം, സ്വത്തവകാശം ഇത്യാദി വിഷയങ്ങളെ കുറിച്ച് വ്യക്തമായ അഭിപ്രായങ്ങൾ ഇതിലെ പംക്തികൾ കൈകാര്യം ചെയ്യുന്നവർക്കും ലേഖികമാർക്കും ഉണ്ടായിരുന്നു.

ചാന്നാർ ലഹള, കല്ലുമാല സമരം, ഇതെല്ലാം അതിനുദാഹരണങ്ങളാണ്. 'മുലക്കര'ത്തിനെതിരെ സ്വന്തം മുല ചെത്തിക്കൊടുത്ത് പ്രതികരിച്ച ഈഴവസ്ത്രീയായിരുന്നിരിക്കണം, നമ്മുടെ സമൂഹത്തിലെ ആദ്യത്തെ വിപ്ലവവനിത.

ഇതിനോടകം സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളിലും പൊതു പ്രവർത്തനവേദികളിലും സ്ത്രീകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരുന്നു. അവർക്ക് പൊതു വേദിയിലേക്കുള്ള വഴി തുറന്നു കൊടുത്തത് വൈക്കം സത്യാഗ്രഹമായിരുന്നു എന്ന് വേണമെങ്കിൽ പറയാം.

വനിതാസമ്മേളനങ്ങൾ പ്രബുദ്ധരായ വനിതകളുടെ നേതൃത്വത്തിൽ പല സ്ഥലങ്ങളിലും നടന്നു.

സിവിൽ നിയമ ലംഘനസമരം, പയ്യന്നൂർ സത്യാഗ്രഹം, തൊഴിൽ സമരങ്ങൾ, കർഷക സമരങ്ങൾ, സാമൂഹ്യസേവനം, സർവ്വീസ്സംഘടനകൾ, എന്നിവയിലെല്ലാം സ്ത്രീ സാന്നിദ്ധ്യം ഉറപ്പാക്കുകയും അവരുടെ കഴിവുകൾ തെളിയിക്കുകയും ചെയ്തിരുന്നു.

അവസാനമായി അടുക്കളയിൽ നിന്നും അരങ്ങത്തേക്കെത്തിയത് അന്തർജ്ജനങ്ങൾ എന്നറിയപ്പെടുന്ന നമ്പൂതിരി സ്ത്രീകളായിരുന്നു. മറക്കുടയും പുതമുണ്ടും വലിച്ചെറിഞ്ഞ് പൊതു രംഗത്തേക്കെത്തിയ അവരുടെ പ്രവർത്തനങ്ങൾ വാർദ്ധയിലെ ആശ്രമം വരെ എത്തി. ദേവകി നരിക്കോട്ടിരി, ആര്യ പള്ളം, പാർവ്വതി നെന്മേനിമംഗലം, ഇവരെല്ലാമാണ് നമ്പൂതിരി സമുദായത്തിലെ പ്രമുഖ പ്രവർത്തകരായി തീർന്ന വനിതകൾ.

ബ്രിട്ടീഷ് അധിനിവേശം, ഇംഗ്ലീഷ് വിദ്യാഭ്യാസം, കൃസ്ത്യൻ പാതിരിമാരുടെ സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യ പരിഷ്കർത്താക്കളുടെ മുഖ്യ പങ്ക്, ഈ ഉപാധികളെല്ലാമാണ് കേരളത്തിൽ സ്ത്രീകളുടെ നില മെച്ചപ്പെടുത്തിയത് എന്നും, ഗാന്ധിജിയുടെ ആഹ്വാനമാണ് അവരെ സ്വാതന്ത്ര്യ സമര മുഖത്തെത്തിച്ചത് എന്നുമെല്ലാം, ചരിത്രകാരന്മാർ വിലയിരുത്തുമ്പോൾ നാം ഓർമ്മിക്കേണ്ട ഒരു കാര്യമുണ്ട്; വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധത നേടി മേലേക്കിടയിലുള്ള സ്ത്രീകൾ രംഗത്തിറങ്ങുന്നതിന്നു മുമ്പ് തന്നെ, അനീതിക്കും അസമത്വത്തിനുമെതിരെ സമരം ചെയ്യാൻ ഇവിടെ സ്ത്രീസാന്നിദ്ധ്യമുണ്ടായിരുന്നു.

ചാന്നാർ ലഹള, കല്ലുമാല സമരം, ഇതെല്ലാം അതിനുദാഹരണങ്ങളാണ്. 'മുലക്കര'ത്തിനെതിരെ സ്വന്തം മുല ചെത്തിക്കൊടുത്ത് പ്രതികരിച്ച ഈഴവസ്ത്രീയായിരുന്നിരിക്കണം, നമ്മുടെ സമൂഹത്തിലെ ആദ്യത്തെ വിപ്ലവവനിത.

പക്ഷെ ഈ സമരങ്ങൾ ചരിത്രത്താളുകളിൽ അർഹിക്കുന്ന സ്ഥാനം നേടിയതായി കാണുന്നില്ല. വെറും പരാമർശങ്ങളിൽ ഒതുങ്ങുകയായിരുന്നില്ലേ? ഈ സംശയങ്ങളാണ് ഇപ്പോഴും ബാക്കിയാവുന്നത്. ●



സ്മിത സാറാ പടിയറ

# തിരുവിതാംകൂറിലെ പെൺപോരാട്ടങ്ങൾ

ഇരുപതാംനൂറ്റാണ്ടിലെ പെൺപോരാട്ടങ്ങളുടെ ചരിത്രം, ആത്മശക്തികൊണ്ടും ഐക്യബോധം കൊണ്ടും പ്രതിബന്ധ ങ്ങൾ തട്ടിത്തകർത്തവരുടെ ചരിത്രമാണ്. അഥവാ അടുക്കള യ്ക്കുള്ളിൽ തളച്ചിടപ്പെട്ട സ്ത്രീത്വം ശക്തിയാർജ്ജിച്ച് സ്വാത ന്ത്ര്യത്തിന്റെ മുൻനിര പോരാളിയായി മാറിയ ചരിത്രമാണ്. വള രെക്കാലം അനുഭവിച്ചു വന്നിരുന്ന ദാരിദ്ര്യം, അടിമത്തം, ചൂഷണം തുടങ്ങിയ പൗരസ്വാതന്ത്ര്യപരവും സംഘടനാ പരവുമായ പല അവശതകൾക്കും പരിഹാരം നേടാൻ സ്ത്രീക ളുടെ സംഘടിതമായ പ്രക്ഷോഭങ്ങൾക്കും വീരോചിതമായ സമ രങ്ങൾക്കും സാധിച്ചിട്ടുണ്ട്. സാമൂഹ്യമാറ്റത്തിന് വിപ്ലവകരമായ വേഗത നൽകിയത്, പാർശ്വവൽക്കരിക്കപ്പെട്ടവരെന്നു മുദ്രകു ത്തപ്പെട്ട സ്ത്രീകളുടെ ആവേശകരമായ രാഷ്ട്രീയ പങ്കാളിത്ത മായിരുന്നു.

**കെ.ആർ.ഗൗരിയമ്മ**

ഒരു കമ്മ്യൂണിസ്റ്റ് എന്ന നിലയിലും സ്ത്രീ എന്ന നിലയിലും പൊള്ളുന്ന ജീവിതാനുഭവ ങ്ങളെ നിശ്ചയദാർഢ്യ ത്തോടെ നേരിട്ട വനിതാര ത്നമാണ് കെ.ആർ.ഗൗരിയ മ്മ. ചേർത്തല താലൂക്കിലെ എസ്.എൻ.ഡി.പി പ്രവർത്തകനായിരുന്ന അച്ഛനിൽ നിന്നും പകർന്നു കിട്ടിയ സ്വാത ന്ത്ര്യം, സമത്വം, സാഹോ ദര്യം തുടങ്ങിയ ആശ യങ്ങൾ ഗൗരിയമ്മയുടെ ഉള്ളിൽ കമ്മ്യൂണിസ്റ്റ് ആശ യങ്ങളോടുള്ള ആഭിമുഖ്യ മായി രൂപപ്പെട്ടു. കൂടാതെ



ഗൗരിയമ്മയുടെ ഒരു സഹോദരൻ കെ.ആർ.സുകുമാരൻ വയലാർ സമരത്തിന്റെ, ഒരു നേതാവായിരു ന്നു. എറണാകുളം മഹാരാജാസ് കോളേജിൽ നിന്നു ബി.എ.യും തിരുവനന്തപുരം ലോകോളേജിൽ നിന്നു ബി.എല്ലും പാസായ ഗൗരി യമ്മ, ഈഴവസമുദായത്തിൽ നിന്ന് ബി.എൽ പാസ്സായ ആദ്യ

വളരെക്കാലം അനുഭവിച്ചു വന്നിരുന്ന ദാരിദ്ര്യം, അടിമ ത്തം, ചൂഷണം തുടങ്ങിയ പൗരസ്വാതന്ത്ര്യപരവും സംഘടനാപരവുമായ പല അവശതകൾക്കും പരി ഹാരം നേടാൻ സ്ത്രീക ളുടെ സംഘടിതമായ പ്രക്ഷോഭങ്ങൾക്കും വീരോചിതമായ സമര ങ്ങൾക്കും സാധിച്ചിട്ടുണ്ട്.

വനിതയായിരുന്നു. പുന്നപ്ര-വയലാർ സമരങ്ങൾക്കു ശേഷം അധികാരികൾ അഴിച്ചുവിട്ട ക്രൂരമർദ്ദനങ്ങൾ, പാവപ്പെട്ടവരുടെ ജീവിതത്തിന്റെ ബുദ്ധിമുട്ടുകൾ തുടങ്ങിയവ നേരിൽ കണ്ടറിഞ്ഞാണ് ഗൗരിയമ്മ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്കും രാഷ്ട്രീയത്തിലേക്കും കടന്നുവന്നത്. ചേർത്തല കോടതിയിൽ പ്രാക്ടീസ് ചെയ്തകാലത്ത് കയർ ഫാക്ടറി തൊഴിലാളികൾ, കർഷകതൊഴിലാളികൾ തുടങ്ങിയവരുടെ ഇടയിൽ പ്രവർത്തിക്കുകയും വക്കീൽപണിയിലൂടെ ലഭിച്ച വരുമാനത്തിന്റെ നല്ലൊരു ഭാഗം പാർട്ടി പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുകയും ചെയ്തു. പാർട്ടി പ്രവർത്തനത്തിന്റെ ഭാഗമായി ജയിൽവാസമനുഷ്ഠിക്കുവാനും മർദ്ദനങ്ങൾ ഏൽക്കുവാനും ഗൗരിയമ്മയ്ക്ക് മടിയുണ്ടായിരുന്നില്ല. ആദ്യമായി ഗൗരിയമ്മ നിയമസഭയിൽ എത്തുന്നത് 1951 ലാണ്. 1951 മുതൽ 2001 വരെ നിരവധി തവണ അവർ എം.എൽ. എയും മന്ത്രിയുമൊക്കെ ആയി. ജന്മിത്വം അവസാനിപ്പിക്കാനും കുടികിടപ്പുകാരന് ഭൂമിയിൽ അവകാശം സ്ഥാപിച്ചു കിട്ടാനുമുള്ള പോരാട്ടത്തിന് അവർ ശക്തമായ നേതൃത്വം നൽകി. കേരളചരിത്രം തിരുത്തിക്കുറിച്ച 1957ലെ ഭൂപരിഷ്കരണ ബില്ലുമായി ബന്ധപ്പെട്ടാണ് ഗൗരിയമ്മ മലയാളി മനസുകളിൽ നിറഞ്ഞു നിൽക്കുന്നത്.

**കൂത്താട്ടുകുളം മേരി**



ചരിത്രത്തിൽ കൂത്താട്ടുകുളം ഓർമ്മിക്കപ്പെടുന്നത് ഒരു പക്ഷേ കൂത്താട്ടുകുളം മേരിയുടെ പേരിലായിരിക്കും. കൊച്ചുപറമ്പിൽ പത്രോസിന്റേയും കൂത്താട്ടുകുളം ചൊള്ളമ്പേൽ ഏലിശുബായുടെയും മകളായ പി.ടി.മേരി, സർ സി.പിയ്ക്കെതിരേ പ്രതിഷേധിച്ചു കൊണ്ട് സ്കൂൾവിട്ടിറങ്ങി. കൂത്താട്ടുകുളംമേരി എന്ന ധീരയായ പ്രക്ഷോഭകാരി അവിടെ ഉദയം കൊള്ളുകയായിരുന്നു. പി.എ സ്.സി പരീക്ഷ റാങ്കോടെ പാസായെങ്കിലും ദിവാൻ ഭരണത്തോടുള്ള എതിർപ്പു കാരണം ടെലിഫോൺസിൽ ലഭിച്ച ജോലി സ്വീകരിച്ചില്ല. കോട്ടയം മഹിളാസദനത്തിൽ കുറച്ചുകാലം കഴിഞ്ഞ മേരി നൂൽനൂൽപ്പ്, ഖാദിനെയ്ത്ത്, ഹിന്ദിപ്രചാരണം തുടങ്ങിയ ഗാന്ധിയൻ നിർമ്മാണയജ്ഞങ്ങളിൽ പങ്കുകൊണ്ടു. പിന്നീട് 1945 –46 കാലഘട്ടത്തിൽ–മദിരാശി സർക്കാരിനു കീഴിൽ വിമൻസ് വെൽഫയർ ഓഫീസറായി പ്രവർത്തിച്ചു.1948ൽ മേരി നാട്ടിൽ തിരിച്ചെത്തി സജീവ പാർട്ടിപ്രവർത്തനത്തിൽ മുഴുകി. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കൂത്താട്ടുകുളം ലോക്കൽ സെക്രട്ടറിയായി. പല ദിവസങ്ങളിലും തിരിച്ചറിയാത്ത വിധം പുരുഷവേഷം ധരിച്ചും ഇളനീർ മാത്രം കഴിച്ചുമായിരുന്നു പ്രവർത്തനം. ഈ കാലഘട്ടത്തിലാണ് മറ്റൊരു പാർട്ടിപ്രവർത്തകനായിരുന്ന സി.എസ്. ജോർജിനെ ജീവിതപങ്കാളിയാക്കിയത്. ചടങ്ങുകളില്ലാതെ, ഒരു ഒളിത്താവളത്തിൽ, ലളിതമായ രീതിയിൽ 'വിവാഹം' നടന്നു. വീണ്ടും ഇരുവരും രണ്ടുവഴികളിൽ, ഒളിവുജീവിതത്തിലേക്ക് മടങ്ങി. അധികം താമസിയാതെ മേരി രഹസ്യപ്പോലീസുകാരുടെ കരങ്ങളിൽ അകപ്പെട്ടു. മരണപീഡനങ്ങളെന്നു തോന്നുന്ന മർദ്ദനമുറകൾക്ക് ഇരയാക്കപ്പെട്ടു. രഹസ്യ സംഘടനയുടെ പ്രവർത്തനമേഖലകൾ മനസ്സിലാക്കാൻ മർദ്ദകരായ പോലീസുകാർ ഏറ്റവും കടുത്തപീഡനമുറകൾ പുറത്തെടുത്തു. ചോരയും മാംസവും ലോക്കപ്പിൽ ചിതറി. മർദ്ദിച്ചു കൈ കുഴഞ്ഞ പോലീസുകാർ പിൻവാങ്ങിയെങ്കിലും മേരിയുടെ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണീർ പോലും പുറത്തു വന്നില്ല. വായിൽ നിന്ന് ഒരു വിവരവും അവർക്ക് ലഭിച്ചതുമില്ല.

പോലീസ്-ഗുണ്ടാ ഭരണത്തെ വെല്ലുവിളിച്ചു കൊണ്ട് പി.ടി.മേരി എന്ന കൂത്താട്ടുകുളം മേരി മുൾമുനയിൽ ജീവിച്ചു. മേരി-ജോർജ്ജ് ദമ്പതികൾ പാലക്കാട്ടേക്ക് കുടിയേറി. പിൽക്കാലത്ത് മേരി സർക്കാർ സ്കൂളിലെ അധ്യാപികയായി. മരണം വരെ യഥാർത്ഥ മനുഷ്യസ്നേഹിയായി ജീവിച്ചു.

**തങ്കമ്മ കൃഷ്ണപിള്ള**



കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഒരിക്കലും മറക്കുവാൻ കഴിയാത്ത വിസ്മയമായിരുന്ന സഖാവു കൃഷ്ണപ്പിള്ളയുടെ പത്നിയായിരുന്നു തങ്കമ്മ കൃഷ്ണപ്പിള്ള. ഏഴുവർഷത്തെ കഠിനമായ ദാമ്പത്യം നിരവധി രോമാഞ്ചജനകമായ സാഹസിക പ്രവർത്തനങ്ങൾക്ക് തങ്കമ്മയെ പ്രാപ്തയാക്കി. മാന്തോട്ടിൽ ലക്ഷ്മിക്കുട്ടിയമ്മയുടെയും ജനാർദ്ദനൻ പോറ്റിയുടെയും മകളായി 1924ൽ തങ്കമ്മ ജനിച്ചു. ശുചീന്ദ്രം ക്ഷേത്രത്തിലെ ശാന്തിക്കാരനായ അച്ഛനോടൊപ്പം തങ്കമ്മ ശുചീന്ദ്രത്തെത്തി. അയൽക്കാരിയോടൊപ്പം ഹിന്ദിപഠനത്തിനു പോയ തങ്കമ്മയോട് ഒരു പോലീസുകാരൻ ഒരു ജയിൽപ്പുള്ളിക്കു വേണ്ടി ഹിന്ദി പുസ്തകം വാങ്ങി. ആ 'അജ്ഞാത രാജ്യസ്നേഹി'യും തങ്കമ്മയും ഹിന്ദി പുസ്തകങ്ങളിൽക്കൂടി കുറിപ്പുകൾ കൈമാറി. ആ കുറിപ്പുകളി

ലൂടെ കൃഷ്ണപ്പിള്ള ധാരാളം രാഷ്ട്രീയകാര്യങ്ങൾ തങ്കമ്മയെ പഠിപ്പിച്ചു. സർ സി.പി, സോഷ്യലിസം, സോവിയറ്റ് യൂണിയൻ അങ്ങനെ പല കാര്യങ്ങൾ. കൃഷ്ണപ്പിള്ളയുമായുള്ള രാഷ്ട്രീയബന്ധം തങ്കമ്മയിൽ ഏറെ മാറ്റങ്ങൾ വരുത്തി. “എന്നോടൊപ്പം എന്റെ പാർട്ടിക്കുവേണ്ടി പ്രവർത്തിക്കുവാനും കഷ്ടപ്പെടാനും ത്യാഗം സഹിക്കാനും തയ്യാറാണെങ്കിൽ” തന്റെ ഭാര്യയാവാൻ കൃഷ്ണപിള്ള തങ്കമ്മയെ ക്ഷണിച്ചു. ധാരാളം തടസ്സങ്ങൾ ഉണ്ടായെങ്കിലും ഒടുവിൽ അവർ വിവാഹിതരായി. “പാർട്ടി കഴിഞ്ഞാൽപ്പിന്നെ എനിക്കേറ്റവും ഇഷ്ടം നിന്നെയാണ്” എന്നതായിരുന്നു കൃഷ്ണപിള്ളയുടെ നിലപാട്. “സ്ത്രീകൾക്കിടയിൽ പ്രവർത്തിക്കാൻ ഒരാളെ കിട്ടി...” എന്ന കൃഷ്ണപിള്ളയുടെ പരാമർശം തങ്കമ്മ വ്യക്തമായി മനസ്സിലാക്കി. കയർ വർക്കേഴ്സ് യൂണിയനിലായിരുന്നു തങ്കമ്മയുടെ ആദ്യത്തെ പ്രവർത്തനം. അതോടൊപ്പം പല സ്ഥലങ്ങളിലും മഹിളാസമാജത്തിന്റെ ശാഖകൾ വളർത്തി. 1942ൽ കോഴിക്കോട് പുതിയറയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കമ്മ്യൂണിൽ കൃഷ്ണപിള്ളയോടൊപ്പം താമസിച്ചു. ഈ താമസം രാഷ്ട്രീയമായും സംഘടനാപരമായും തങ്കമ്മ എന്ന പ്രവർത്തകയെ ‘സഖാവിന്റെ ഭാര്യ’ എന്ന പദവിയിലേക്ക് വളർത്തി. ജവഹർലാൽ നെഹ്റുവിന്റെ ‘വിശ്വചരിത്രാവലോകനം’ ഹിന്ദിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനുള്ള ജോലി സഖാവ് തങ്കമ്മയെ ഏല്പിച്ചു. 1943 നവംബറിൽ കോഴിക്കോട്ടു നടന്ന ആദ്യ മഹിളാസമ്മേളനം തങ്കമ്മയെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. പിന്നീട് തങ്കമ്മ ദേശാഭിമാനിയിലെ പ്രൂഫ് റീഡറായും പ്രവർത്തിച്ചു. പുന്നപ്ര വയലാർ സമരങ്ങളുടെ കാലഘട്ടത്തിൽ സമരപ്രചാരകയായും കലാപ്രവർത്തനങ്ങളുടെ സംഘാടകയായും തങ്കമ്മ പ്രവർത്തിച്ചു. പുന്നപ്ര-വയലാർ സമരമുഖങ്ങളിൽ ജീവൻബലികൊടുത്തവരുടെ ഭവനങ്ങളിൽ തങ്കമ്മയും മഹിളാസംഘം പ്രവർത്തകരും സാന്ത്വനമായി ഓടിയെത്തി. 1948 ആഗസ്റ്റിൽ സഖാവിന്റെ മരണം വരെ ‘സഖാവിന്റെ ഭാര്യ’ എന്ന പദവിക്കനുസൃതമായ സംഘടനാ ജീവിതമാണ് തങ്കമ്മ കൃഷ്ണപിള്ള നയിച്ചത്.

**കെ.ദേവയാനി**



പതിനഞ്ചാം വയസ്സിൽ ആലപ്പുഴയിലെ ആത്മവിദ്യാസംഘത്തിന്റെ മഹിളാവിഭാഗം സെക്രട്ടറിയായി നിയമിക്കപ്പെട്ടതോടെയാണ് കെ.ദേവയാനിയുടെ സാമൂഹ്യജീവിതം ആരംഭിക്കുന്നത്. സ്ത്രീകളെ സംഘത്തിന്റെ സന്ദേശങ്ങൾ ബോധ്യപ്പെടുത്തുക, സംഘത്തിൽ ചേർക്കുക, പിടിയരി ശേഖരിക്കുക, ജാതിവ്യവസ്ഥയ്ക്കും ഉച്ചനീചത്വങ്ങൾക്കുമെതിരെ പോരാടുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ദേവയാനി മുന്നിട്ടിറങ്ങി. പിന്നീട് ആർ സുഗതന്റെ പ്രേരണയിൽ കയർമേഖലയിലെ സംഘാടകരിലൊരാളായി ചകിരിപിരി തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി വരെയായി. അമ്പലപ്പുഴ താലൂക്ക് മഹിളാസംഘം സെക്രട്ടറിയായി. കൂലി കൂടുതലിനും വിശ്രമസമയത്തിനുമായി നടന്ന കളർകോട് സമരത്തിലും ദേവയാനി നേതൃത്വം നൽകി. ഭർത്താവ് എ.വി.കുഞ്ഞമ്പുവിനൊപ്പം കോഴിക്കോട്ടെ കമ്മ്യൂണിൽ കുറച്ചുകാലം താമസിച്ചത് അവരിലെ പ്രവർത്തകയെ കൂടുതൽ ഊർജ്ജസ്വലയാക്കി. കുഞ്ഞമ്പു ജയിലിലായ കാലത്ത് കരിവെള്ളൂർ സമരത്തിൽ ധീരയായി പങ്കെടുത്ത ദേവയാനി ധാരാളം തവണ ദാരിദ്ര്യം, ഒറ്റപ്പെടൽ, പോലീസ് ഭീകരത എന്നിവയെ ഒറ്റക്കു നേരിട്ടു. തുടർച്ചയായ പട്ടിണിയുടേയും അലച്ചിലുകളുടേയും ഫലമായി അവരുടെ കുഞ്ഞുമകൾ രാധമോൾ മരണത്തിനു കീഴടങ്ങി. “ചോരയും കണ്ണീരും നനഞ്ഞ വഴികൾ” എന്ന ഓർമ്മക്കുറിപ്പുകൾ അവരുടെ സഹനങ്ങളെ അടയാളപ്പെടുത്തുന്നു.

**പി.കെ.മേദിനി**



തണ്ണീർമുക്കം കങ്കാളിയുടെയും ഇടപ്പള്ളി പാപ്പിയുടെയും മകളായി ആലപ്പുഴ പുത്തൻപുരയ്ക്കൽ ജനിച്ച മേദിനി പുരോഗമന ചിന്താഗതിക്കാരനായ ഒരച്ഛന്റെ മകളായിരുന്നു. ജോലി കൊണ്ട് ബാർബറായിരുന്നുവെങ്കിലും സംസ്കൃതം പഠിച്ച ‘മലയാളരാജ്യം’ , ‘തൊഴിലാളി’ തുടങ്ങിയ പത്രങ്ങൾ സ്ഥിരമായി വായിക്കുന്ന ഒരാളായിരുന്നു കങ്കാളി. അമ്മ അറിയപ്പെടുന്ന ഒരു പാട്ടുകാരിയായിരുന്നു. തെരഞ്ഞെടുപ്പു യോഗങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടിയുള്ള ഗാനങ്ങളും നാടകങ്ങളും എഴുതുകയും പലതവണ പോലീസ് മർദ്ദനമേൽക്കുകയും ചെയ്ത സഹോദരൻ ശാരംഗപാണിയായിരുന്നു കലാജീവിതത്തിൽ മേദിനിയുടെ വഴികാട്ടി. ആറാംക്ലാസ്സിൽ പതിനഞ്ചു ചക്രം ഫീസുകൊടുക്കാനില്ലാത്തതിനാൽ മേദിനി പഠനം നിർത്തി. പിന്നീട് കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ യോഗങ്ങ

ളിൽ പാടാൻ പോയിത്തുടങ്ങി. ദിവാൻ ഭരണത്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരായി തിരുവാതിര രൂപത്തിലായിരുന്നു പാട്ടുകൾ. ജനക്കൂട്ടത്തെ സമരസജ്ജമാക്കുവാനും അധികാരികളെ പ്രകോപിതരാക്കുവാനും ഉതകുന്ന പാട്ടുകളായിരുന്നു മേദിനി പാടിയത്. നിരോധിക്കപ്പെട്ട പാട്ടുകൾ പാടിയതിന് ഭരണകൂടത്തിന്റെ മർദ്ദനവും മേദിനി ഏറ്റുവാങ്ങി. കെടാമംഗലം സദാനന്ദന്റെ 'സന്ദേശം', പി.ജെ.ആന്റണിയുടെ 'ഇങ്കിലാബിന്റെ മക്കൾ' തുടങ്ങിയ നാടകങ്ങളിലും അവർ അഭിനയിച്ചിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമിയുടെ 'ജനകീയ ഗായിക' അവാർഡു മുതൽ ഒട്ടേറെ അവാർഡുകളും അംഗീകാരങ്ങളും നേടിയ മേദിനി കേരളത്തിലെ ജനമനസ്സുകളിൽ എന്നും നിറഞ്ഞു നിൽക്കും.

**കെ.മീനാക്ഷി**

ആലപ്പുഴയിലെ കയർത്തൊഴിലാളി സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിക്കൊണ്ടാണ് കെ.മീനാക്ഷി പ്രക്ഷോഭരംഗത്ത് എത്തുന്നത്. പിന്നീടവർ കർഷകത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും ഇടയിൽ നേതൃത്വം നൽകി പ്രവർത്തിച്ചു. സംഘടനയിൽ സ്ത്രീകളെ മാത്രമല്ല പുരുഷന്മാരെയും ചേർക്കുന്നതിൽ അവർക്കു പ്രാഗത്ഭ്യം ഉണ്ടായിരുന്നു. തൊഴിലാളി പ്രശ്നങ്ങളിൽ തലയുയർത്തി, നട്ടെല്ലു നിവർത്തി, കൈചൂണ്ടി വാദിക്കുന്ന മീനാക്ഷിയുടെ കൂസാത്ത പ്രകൃതം ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. 1941-ൽ ഫാക്ടറി കമ്മറ്റികൾ രൂപീകരിക്കപ്പെട്ടപ്പോൾ അതിന്റെ നേതൃത്വരംഗത്തും മീനാക്ഷി പ്രവർത്തിച്ചു. സ്ത്രീകളുടെ പിക്കറ്റിംഗിനും പ്രക്ഷോഭങ്ങൾക്കും മുൻനിരയിൽ അവരുണ്ടായിരുന്നു. ആലപ്പുഴ തൊഴിലാളി സാംസ്കാരിക കേന്ദ്രത്തിന്റെ ആദ്യ സംഘാടകരിൽ ഒരാളായിരുന്നു മീനാക്ഷി. കുട്ടനാട്ടിലെ പല സ്ഥലങ്ങളിലും അവർ ഒറ്റയ്ക്ക് വള്ളത്തിൽ പോയി സ്ത്രീകളെ വിപ്ലവഗാനങ്ങൾ പഠിപ്പിച്ചു. പി.കെ.മേദിനി ഉൾപ്പെടെ പലരെയും കലാലോകത്ത് എത്തിച്ചത് മീനാക്ഷിയാണ്. 2002 ഫെബ്രുവരി 25ന് മരിക്കും വരെ വിവിധ പ്രക്ഷോഭണരംഗങ്ങളിൽ സജീവമായിരുന്ന മീനാക്ഷി ആത്മവിശ്വാസത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും പ്രതീകമായിരുന്നു.

**കാളിക്കുട്ടി ആശാട്ടി**

എസ്.എൻ.ഡി.പി യോഗത്തിന്റെ വനിതാ സംഘടനയിലൂടെയാണ് കാളിക്കുട്ടി ആശാട്ടി ആലപ്പുഴയുടെ പൊതുരംഗത്തേക്ക് കടന്നുവരുന്നത്. സ്ത്രീകളുടെ ഐക്യം, ശുചിത്വം, കുടുംബപരിപാലനം തുടങ്ങി ക്ഷേത്രപ്രവേശനം, മിശ്രഭോജനം തുടങ്ങിയ വിഷയങ്ങൾ വരെ ഈ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെട്ടു. ഭാര്യക്ക് ഇത്രയധികം സ്വാതന്ത്ര്യം നൽകിയതിന്റെ പേരിൽ കാളിക്കുട്ടിയുടെ ഭർത്താവും ഒട്ടേറെ വിമർശനങ്ങൾ നേരിട്ടു. പിന്നീടവർ കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുന്ന ആശാട്ടിയായി. കുട്ടികളെല്ലാം കയർ തൊഴിലാളികളുടെ മക്കളായിരുന്നു. നാല്പതുകളിൽ തൊഴിലാളി പ്രസ്ഥാനത്തിൽ ചേർന്നു തിരുവിതാംകൂർ കയർ ഫാക്ടറി തൊഴിലാളി യൂണിയൻ സ്ത്രീപ്രസ്ഥാനം രൂപീകരിക്കുന്നതിനു നേതൃത്വം നൽകി. 1943ൽ അമ്പലപ്പുഴ താലൂക്ക് മഹിളാസംഘം രൂപീകൃതമായി. കാളിക്കുട്ടിയായിരുന്നു പ്രസിഡന്റ്, ദിവാന്റെ അടിച്ചമർത്തലുകൾ, ഉത്തരവാദഭരണം, പ്രസവാനുകൂല്യങ്ങൾ തുടങ്ങിയവയെല്ലാം സംഘടനയുടെ പരിഗണനയിലെത്തി. അധ്യാപികമാരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് ധാരാളം അദ്ധ്യാപികമാരെ മഹിളാസംഘത്തിലേക്ക് ആകർഷിക്കുവാനും അവർക്കു കഴിഞ്ഞു. രാഷ്ട്രീയപ്രവർത്തകരുടെ മേൽ അഴിച്ചുവിട്ട മർദ്ദനമുറകൾക്കും ജയിൽ ജീവിതത്തിനും കാളിക്കുട്ടിയും ഇരയാക്കപ്പെട്ടു. പക്ഷേ അതിനെയെല്ലാം അതിജീവിച്ച് അടിച്ചമർത്തലിനും അടിമത്തത്തിനുമെതിരെ പ്രതികരണ ശേഷിയുള്ള സ്ത്രീസമൂഹത്തെ വാർത്തെടുക്കുവാനും തൊഴിലാളിവർഗ്ഗപ്രക്ഷോഭങ്ങളിൽ സ്ത്രീജന പങ്കാളിത്തം ഉറപ്പാക്കുവാനും കാളിക്കുട്ടി ആശാട്ടിക്കു കഴിഞ്ഞു.

**എ.കെ.അനസൂയ**

ആഞ്ഞിലിപ്പറമ്പിൽ കൃഷ്ണൻ അനസൂയ എന്ന എ.കെ.അനസൂയയും കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുവാൻ കലയെ മാധ്യമമാക്കിയ കലാകാരിയാണ്. ആലപ്പുഴയിലെ തൊഴിലാളി സാംസ്കാരികകേന്ദ്രത്തിന്റെ ആദ്യവിപ്ലവഗായികയാണ് അവർ. പി.കേശവദേവ്, അഭയദേവ് തുടങ്ങിയവരുടെ നാടകങ്ങളിലും നൃത്തപരിപാടികളിലും പങ്കെടുത്ത് അവയിലൂടെ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കാൻ അവർക്കു കഴിഞ്ഞു. ഭർത്താവ് വി.കെ.ഭാസ്കരനൊപ്പം പുന്നപ്ര-വയലാർ സമരസഖാക്കളെ സഹായിക്കുവാനും അനസൂയയ്ക്കിടയായി. തിരു-കൊച്ചി മഹിളാസംഘം, കേരള മഹിളാസംഘം തുടങ്ങിയവയുടെ ഭാരവാഹിയായും അവർ പ്രവർത്തിച്ചിട്ടുണ്ട്.

**സുശീലാ ഗോപാലൻ**

സ്കൂൾ വിദ്യാർത്ഥിനിയായിരിക്കുന്ന കാലം മുതലേ കയർത്തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിച്ചു കൊണ്ടാണ് സുശീല സാമൂഹ്യപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. അമ്മാവനായ സി.കെ.കരുണാകരപ്പണിക്കരായിരുന്നു സുശീലയുടെ പ്രചോദനം. പാർട്ടി പ്രവർത്തനം മൂലം പലപല സ്കൂളുകളിൽ മാറി മാറി സുശീലയ്ക്കു പഠിക്കേണ്ടിവന്നു. ഭർത്താവ് എ.കെ.ഗോപാലനോടൊപ്പം എല്ലാ രംഗങ്ങളിലും അവർ ധീരമായി പ്രവർത്തിച്ചു.

കേരളത്തിന്റെ വ്യവസായമന്ത്രിയായും സുശീല ഗോപാലൻ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്.

**കോവിലകങ്ങളിൽ നിന്ന്**

തിരുവിതാംകൂറിലെ കോവില

കങ്ങളിൽ നിന്ന് സമരമുഖങ്ങളിലേക്ക് കടന്നുവന്ന സ്ത്രീകളുടെ കഥയും ആവേശോജ്ജ്വലമാണ്. കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്തെ കുഞ്ഞൂട്ടി, രമ, ഇന്ദിര, കൊച്ചിക്കാവ് എന്നീ തമ്പുരാട്ടിമാർ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടത് പാലിയം സത്യാഗ്രഹത്തിൽ പങ്കാളികളായിക്കൊണ്ടാണ്. പോലീസ് മർദ്ദനങ്ങളും ഭീകരതകളും നേരിടാൻ അവർക്കൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. ചെങ്ങന്നൂർ എണ്ണയ്ക്കാട്ട് തറയിൽ കൊട്ടാരത്തിലെ സുഭദ്രമ്മ തങ്കച്ചിയും രാധമ്മ തങ്കച്ചിയും കയർത്തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടേയും ഇടയിൽ പ്രവർത്തിച്ചു. രാധമ്മ പിന്നീട് കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ സി.ഉണ്ണിരാജയെ വിവാഹം കഴിച്ചു.

എണ്ണയ്ക്കാട്ട് പടിഞ്ഞാറ്റേതിൽ ശാരദാമ്മ കർഷകത്തൊഴിലാളികളായ താഴ്ന്ന ജാതിക്കാർക്കിടയിൽ തിരുവാതിരക്കളിയും മറ്റും പഠിപ്പിച്ചു കൊണ്ടാണ് രാഷ്ട്രീയപ്രവർത്തനം തുടങ്ങിയത്. തീരദേശത്തെ കയർതൊഴിലാളികൾക്കിടയിലും കാർത്തികപ്പള്ളി താലൂക്കിലെ കർഷകത്തൊഴിലാളികൾക്കിടയിലും ചെങ്ങന്നൂർ താലൂക്കിലെ എസ്റ്റേറ്റ് തൊഴിലാളികൾക്കിടയിലും ശാരദാമ്മ പ്രവർത്തന മികവുകാട്ടി.

ഭക്ഷണവും വിശ്രമവുമില്ലാത്ത അലച്ചിലുകൾ, മുതലാളിമാരുടെ ഭീഷണികൾ, ഗുണ്ടകളുടെ ആക്രമണങ്ങൾ, പോലീസിന്റെ ഭീഷണികൾ, ഇവയെല്ലാം തരണം ചെയ്ത് അതീവ ദുരിതപൂർണ്ണമായ ഒളിവുജീവിതമാണ് ശാരദാമ്മ അതിജീവിച്ചത്. മധ്യതിരുവിതാംകൂർ മഹിളാസംഘം, തിരു-കൊച്ചി മഹിളാസംഘം, കേരള മഹിളാ ഫെഡറേഷൻ, അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ തുടങ്ങിയ സംഘടനകളുടെയെല്ലാം മുൻനിരയിൽ ശാരദാമ്മ ഉണ്ടായിരുന്നു.

> പുന്നപ്രവയലാർ സമരസഖാക്കളെ സഹായിച്ച, ആലപ്പുഴ വലിയതൈയിൽ വാച്ചാക്കൽ പൗലോസിന്റെ മകളും കയർതൊഴിലാളി യൂണിയൻ പ്രവർത്തകനായ വിൻസെന്റിന്റെ ഭാര്യയുമായ ബിയാട്രീസ്, മഹിളാപ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകയായിരുന്ന ഭൈമി സദാശിവൻ, ഗോമതിദേവ്, ഗൗരിഗോപിനാഥ്, കുടിയാഞ്ചേരി എൽസീന, കെ.കെ.കമലാക്ഷി അങ്ങനെ ധാരാളം വനിതാപ്രക്ഷോഭകാരികളെ സൃഷ്ടിക്കുവാൻ ഇരുപതാംനൂറ്റാണ്ടിൽ തിരുവിതാംകൂറിനു കഴിഞ്ഞു.

പുന്നപ്രവയലാർ സമരസഖാക്കളെ സഹായിച്ച, ആലപ്പുഴ വലിയതൈയിൽ വാച്ചാക്കൽ പൗലോസിന്റെ മകളും കയർതൊഴിലാളി യൂണിയൻ പ്രവർത്തകനായ വിൻസെന്റിന്റെ ഭാര്യയുമായ ബിയാട്രീസ്, മഹിളാപ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകയായിരുന്ന ഭൈമി സദാശിവൻ, ഗോമതിദേവ്, ഗൗരിഗോപിനാഥ്, കുടിയാഞ്ചേരി എൽസീന, കെ.കെ.കമലാക്ഷി അങ്ങനെ ധാരാളം വനിതാപ്രക്ഷോഭകാരികളെ സൃഷ്ടിക്കുവാൻ ഇരുപതാംനൂറ്റാണ്ടിൽ തിരുവിതാംകൂറിനു കഴിഞ്ഞു. സ്വന്തം വ്യക്തിത്വവും സ്വാതന്ത്ര്യവും പ്രഖ്യാപിക്കുവാനുള്ള അഭിവാഞ്ഛയും ചങ്കുറപ്പും അവർക്ക് നൽകിയത് സംഘടനാപ്രവർത്തനമായിരുന്നു. അവരുടെ ആ നിശ്ചയദാർഢ്യത്തിനൊപ്പം നിൽക്കാൻ ഒരു കാലഘട്ടവും അവർക്കൊപ്പമുണ്ടായിരുന്നു.

ഗ്രന്ഥസൂചി


1. കെ.ആർ.ഗൗരിയമ്മ, ആത്മകഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട് 2010.
2. പി.ഗീത, പെൺകാലങ്ങൾ, കറന്റ് ബുക്സ്, തൃശൂർ 2010
3. പി.കെ.ദേവയാനി, ചോരയും കണ്ണീരും നനഞ്ഞ വഴികൾ, സമത, തൃശൂർ 2003.
4. ചന്തവിള മുരളി, സഖാവ് പി.കൃഷ്ണപിള്ള, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം 2008.
5. പി.കെ.മേദിനി, സംഘസ്മൃതി, ഐ ബുക്സ്, കോഴിക്കോട്, 2012
6. എ.വി.അനിൽകുമാർ, സ്വാതന്ത്ര്യത്തിന്റെ പെണ്ണകങ്ങൾ, എസ്.പി.സി.എസ്, കോട്ടയം, 2011

അഭിമുഖം

കെ.ആർ.ഗൗരിയമ്മ (20-10-2011)

പി.കെ.മേദിനി (15-1-2013)

കൂത്താട്ടുകുളം മേരി (16-3-2013)

കഥ



സുഭദ്രാ സതീശൻ

# വിഷം



ഉച്ചയ്ക്ക് ശേഷം രണ്ട് അവറും ക്ലാസില്ല. എന്തെങ്കിലും കാര്യമായ ഒരു പണിതീർക്കണം. “സാഹിത്യലോക” ത്തിലേക്കുള്ള പുസ്തകനിരൂപണം പാതിവഴിയിൽ നിൽപ്പാണ്. മുഴുവനാക്കാം. ആരെങ്കിലും ഇതിനിടെ വല്ല കുശലവും പറഞ്ഞ് വന്നാൽ തീർന്നു. ഒന്നും നടക്കില്ല. പരദൂഷണപ്രിയർ വല്ലവരുമാണെങ്കിൽ പറയുകയും വേണ്ട. മൂന്നാംനിലയിലെ ഈ മുറിക്ക് ഒരു പ്രത്യേകതയുണ്ട്. തുറന്നിട്ട ജനാലവഴി ചോദിക്കാനും പറയാനുമൊന്നും നിൽക്കാതെ മലങ്കാറ്റ് നേരെയിങ്ങ് കേറിവരും. പിന്നൊരു പുകിലാണ്. പേപ്പറൊക്കെ പറത്തിക്കളഞ്ഞ്, തറയിലെ പൊടിയാകെയുയർത്തി, ആഘോഷിക്കും കാറ്റ്. എങ്കിലും അതൊരു സുഖമാണ്. സമ്മതമില്ലാതെ കെട്ടിപ്പുണർന്നുമ്മതന്ന് കുറുമ്പൻചിരിയുമായി ജനൽവഴി തന്നെ ഇറങ്ങിയൊരൊറ്റപ്പോക്കാണ്.

ഊണുകഴിച്ചിട്ടാകാം എഴുത്ത്. വിശപ്പില്ലെങ്കിലും ആ പണിയങ്ങ് തീർക്കാം. പാത്രം തുറന്നില്ല. വല്ലാത്തൊരു ബഹളം കേട്ടാണ് സ്റ്റാഫ് റൂമിൽ നിന്ന് പുറത്തിറങ്ങിയത്. വരാന്തയിൽ ഒരു കൂട്ടം ആൺകുട്ടികൾ തമ്മിൽ പൊരിഞ്ഞ തല്ല്. പെട്ടെന്ന് അധ്യാപകരാരൊക്കെയോ ഇടപെട്ട് പിരിച്ചുവിട്ടു. നാലുപാടും ചിതറിപ്പോയ കുട്ടി

കൾക്കിടയിൽ പെടുന്നനെയാണ് ഗൗതമിനെ കണ്ടത്. മാറിപ്പോകാൻ ശ്രമിച്ചെങ്കിലും ഞാനവനെ കൈമാടി വിളിച്ചു. ഷർട്ടിന്റെ ബട്ടൺപൊട്ടിയിരിക്കുന്നു. മുഖം ചുവന്നിട്ടുണ്ട്. സങ്കടമാണ് ഉള്ളിലിരമ്പിയതെങ്കിലും അരിശമാണ് പുറത്തുവന്നത്.

"എന്താ നിന്റെ ഭാവം."

ഒരു മിനിറ്റ് തലതാഴ്ത്തിനിന്ന ഗൗതം പെട്ടെന്ന് മുഖം പൊക്കി പറഞ്ഞു.

"അവനൊക്കെ വെറുതേ മെക്കിട്ടുകേറാൻ വരുമ്പൊപ്പിന്നെ?"

"നിനക്ക് മാത്രമാണോ, ഗൗതം ഈ പ്രശ്നങ്ങളൊക്കെ?"

പരീക്ഷയടുക്കുന്നു. ധാരാളം പഠിക്കാനുണ്ട്. കഴിഞ്ഞ സെമസ്റ്ററിലെ അരിയർ പേപ്പേഴ്സും ചേർത്ത്. അതിനിടയിലാണ് ഈ അടിപിടി. കാര്യമുള്ള വല്ലതുമാണോ?

"ഇന്നെന്തിനായിരുന്നു ബഹളം? സത്യം പറ"

"ഒന്നൂല്ല, ടീച്ചറ് പോയി ഊണു കഴിച്ചോളൂ..."

പിടിതരാതെ ഗൗതം നടന്നു തുടങ്ങി. നാലടിവെച്ചതും അവൻ തിരിഞ്ഞു നിന്നു. കണ്ണുകൾ നിറഞ്ഞിട്ടുണ്ട്.

"ഞാൻ പാസാവ്വോന്നൂല്ല. എനിക്കൊന്നും പഠിക്കാനും പറ്റണില്ല."

തിടുക്കത്തിൽ പറഞ്ഞിട്ട് ഗ്രൗണ്ട്ഫ്ളോറിലേക്ക് ഇറങ്ങിപ്പോകുന്ന ഗൗതമിനെ അത്ഭുതത്തോടെ ഞാൻ നോക്കി. എന്തായീക്കുട്ടിക്ക്? ഫൈനലിയറാണ്. അമ്മയില്ല ഗൗതമിന്. പണക്കാരനായ അച്ഛൻ മകനു വേണ്ടി എന്തും ചെയ്യും. രണ്ടാംഭാര്യക്കും മക്കൾക്കുമൊപ്പം ആവുന്നതും അയാൾ അവനെ നിർത്താറില്ല. അഡ്മിഷൻ സമയത്ത് ഡീറ്റയിൽസ് എഴുതിവാങ്ങിയ എന്നോട് അയാൾ പറഞ്ഞു. "ഒന്നു ശ്രദ്ധിച്ചോളണേ മാഡം". എല്ലാവരും പറയാറുള്ളത് തന്നെ. ഞാൻ ഗൗതമിനെ നോക്കി. വല്ലാത്തൊരു ഭാവത്തിൽ അവൻ തിരിച്ചും.

"എന്താ നിന്റെ ഭാവം."
ഒരു മിനിറ്റ് തലതാഴ്ത്തി നിന്ന ഗൗതം പെട്ടെന്ന് മുഖം പൊക്കി പറഞ്ഞു.
"അവനൊക്കെ വെറുതേ മെക്കിട്ടുകേറാൻ വരുമ്പൊപ്പിന്നെ?"
"നിനക്ക് മാത്രമാണോ, ഗൗതം ഈ പ്രശ്നങ്ങളൊക്കെ?"
പരീക്ഷയടുക്കുന്നു. ധാരാളം പഠിക്കാനുണ്ട്. കഴിഞ്ഞ സെമസ്റ്ററിലെ അരിയർ പേപ്പേഴ്സും ചേർത്ത്. അതിനിടയിലാണ് ഈ അടിപിടി. കാര്യമുള്ള വല്ലതുമാണോ?

മുഖത്ത് ചിരിയുടെ ഒരടയാളം പോലുമില്ല. ലാംഗ്വേജ് ഹിന്ദിയായതിനാൽ എനിക്കവനുമായി അടുപ്പമേ ഉണ്ടായിരുന്നില്ല. രണ്ടാം സെമസ്റ്റർ പരീക്ഷ നടക്കുന്ന സമയം. ഇൻവിജിലേഷന് ഹാളിൽ ചെന്നപ്പോൾ മുൻനിരയിൽ ഗൗതം. അപ്പോഴാണ് വീണ്ടും ഞാനവനെ ശരിക്ക് കാണുന്നത്. അരമണിക്കൂർ കഴിഞ്ഞതും പേപ്പർ മടക്കി അവനെന്റെ നേരെ നീട്ടി.

"പറ്റില്ല. അരമണിക്കൂർ മുമ്പ് മാത്രമേ പേപ്പർ വാങ്ങൂ. ഇനിയുമുണ്ട് ഒന്നരമണിക്കൂർ."

കർശനമായി ഞാൻ പറഞ്ഞു. വീണ്ടും സീറ്റിലിരുന്ന ഗൗതം മേശപ്പുറത്തേക്ക് ചാഞ്ഞു കിടന്നു. ദേഷ്യമാണ് എനിക്ക് തോന്നിയത്. ഞാനവന്റെ പേപ്പർ മറിച്ചു നോക്കി. ഒന്നും എഴുതിയിട്ടില്ല. "കഷ്ടം, കാശുള്ള വീട്ടിലെയല്ലേ. അതിശയിക്കാനില്ല." മനസ്സിൽ കരുതി. പരീക്ഷാസമയം കഴിഞ്ഞ് ബെല്ലടിച്ചിട്ടും ഗൗതം എഴുന്നേറ്റില്ല. ഞാൻ മേശയിൽ തട്ടി. പേപ്പർ തന്നതും അവൻ ഒരു വശത്തേക്ക് ചെരിഞ്ഞു. അമ്പരന്നുപോയ ഞാൻ കുട്ടികളുടെ സഹായത്തോടെ അവനെ താങ്ങി. നല്ല പനി. അവന്റെ റൂംമേറ്റ് ഓടിവന്നു. ഒരോട്ടോയിൽ അടുത്തുള്ള ആശുപത്രിയിലേക്ക് കുട്ടികൾ തന്നെ അവനെ കൊണ്ടുപോയി.

രാത്രി ഭക്ഷണം കഴിച്ച് പത്രം കയ്യിലെടുത്ത് ഉമ്മറത്തു വന്നിരുന്നപ്പോൾ പെട്ടെന്ന് ഗൗതമിനെ ഓർമ്മ വന്നു. വിവരമൊന്നന്വേഷിച്ചാലോ. നമ്പറില്ല. കുട്ടികളിൽ ആരുമായും അടുപ്പമില്ല. പിന്നെങ്ങനെ. വേണ്ട. കാലത്തറിഞ്ഞാമതി. ഗൗതം ഡിസ്ചാർജ്ജ് ആയിരുന്നു. കാമ്പസിനകത്തു തന്നെ ബോയ്സ്ഹോസ്റ്റൽ. കൊമേഴ്സ് ഡിപ്പാർട്ട്മെന്റിലെ അഞ്ജലിയെയും കൂട്ടി അങ്ങോട്ടു കേറുമ്പോൾ ചിലർ ഭവ്യതയോടെ എഴുന്നേറ്റു. മറ്റു ചിലർ അതിശയിച്ച് പരസ്പരം നോക്കി. ഒരുത്തന്റെ മൊബൈലിലേക്ക് കണ്ണുംകാതും നട്ട് ഒരു കൂട്ടം. ഞങ്ങളെ കണ്ടതേയില്ല. എന്തോ ആസ്വദിക്കുകയാണ്. ഗൗതം കിടപ്പാണ്. എന്നെക്കണ്ടതും അവന്റെ റൂംമേറ്റ് പുറത്തിറങ്ങി. . ഞാൻ ഗൗതമിനരികിലിരുന്നു. കയ്യിലിരുന്ന ഓറഞ്ച് ടേബിളിൽ വെച്ചു.

"എങ്ങനേണ്ട്...?" ഗൗതം ഒന്നും മിണ്ടിയില്ല. ഞാനവന്റെ നെറ്റിയിൽ കൈചേർത്തു നോക്കി. പനിയില്ല.

"അച്ഛനെ അറിയിച്ചോ ഗൗതം?" അതിനും ഉത്തരമില്ല.

എന്റെ മുഖത്ത് തറച്ചു നോക്കുന്ന അവന്റെ ചെന്നികളിലൂടെ കണ്ണീരിറങ്ങുന്നു.

"അയ്യേ... ഒരു പനി വരുമ്പോഴേക്കും ഇങ്ങനെ കരയ്യോ... ഡിഗ്രി സ്റ്റുഡന്റാണത്രേ!"

അകത്ത് ഒരു നേരിയ വേദന യുയർന്ന് തൊണ്ടയിൽത്തടഞ്ഞത് മറച്ചുകൊണ്ട് തമാശയായി ഞാൻ പറഞ്ഞത് അവൻ ശ്രദ്ധിച്ചില്ല. പുറത്തിറങ്ങിയപ്പോൾ അഞ്ജലി പറഞ്ഞു.

"ടീച്ചറെന്തിനാപ്പോ ഈ

ചെക്കനെ കാണാൻ വന്നത്? അഹങ്കാരത്തിന് കയ്യുംകാലും വെച്ച സാധനാണ്".

ഗൗതം എന്റെയുള്ളിൽ ഒരു നീറലായിപ്പടർന്നു. പതുക്കെ അവൻ അടുത്തുവരാൻ തുടങ്ങി. ആരുമായും കൂട്ടില്ല. ഒന്നും പഠിക്കില്ല. കാന്റീനിൽ ഭക്ഷണം പിടിക്കുന്നില്ലെന്നു പറഞ്ഞ് ഗൗതം ഒരുനാൾ ഉച്ചക്ക് ലൈബ്രറിയിലിരിക്കുന്നു. പിറ്റേന്ന് അപ്പുവിനിഷ്ടമുള്ള കൊഴുക്കട്ടയുണ്ടാക്കിയപ്പോൾ മൂന്നാലെണ്ണം ഒരു പാത്രത്തിലാക്കി. ഇന്റർവെല്ലിന് സ്റ്റാഫ്റൂമിൽ വിളിപ്പിച്ച് പാത്രം കൊടുത്തപ്പോൾ ഗൗതം ചിരിച്ചു. ആദ്യമായി. പിന്നെ അതൊരു പതിവായി. ഒരു ദിവസം അപ്പു ഇത്തിരി ദേഷ്യപ്പെട്ടെങ്കിലും...

"പാവല്ലേഡാ... അമ്മയില്ലല്ലോ ആ ഏട്ടന്..."

എന്നു പറഞ്ഞതും അടങ്ങി. ഗൗതം എനിക്കെന്റെ അപ്പുവിനെപ്പോലെ പ്രിയപ്പെടുകയായിരുന്നു. അഞ്ജലി ഒരിക്കൽ അരിശത്തോടെ ചോദിച്ചു...

"ടീച്ചർക്ക് വേറെ പണീല്ല്യേ...? എല്ലാ പിള്ളാരോടും വല്യ സ്ട്രിക്ടാണല്ലോ... ആ ചെക്കൻ നേര്യാവ്വോന്നീല്ല".

ഗൗതം പക്ഷേ അവളെ അതിശയിപ്പിച്ചു. അത്തവണത്തെ പരീക്ഷയ്ക്ക് ഗൗതമിന് ഫസ്റ്റ് ക്ലാസ് മാർക്കുണ്ടായിരുന്നു. പാർക്കറിന്റെ ഒരു പേന കയ്യിൽ വെച്ചു കൊടുത്തപ്പോൾ അവനെന്റെ കണ്ണുകളിലേക്കു നോക്കി നിന്നു. ഇളംചിരിയോടെ. ഞാൻ തിരിഞ്ഞ് നടന്നപ്പോഴും അവനവിടെത്തന്നെ നിന്നിരുന്നു.

വല്ലാത്ത ദേഷ്യക്കാരനായതിനാലും ഒറ്റയായതിനാലും ഇടയ്ക്കൊക്കെ ഇങ്ങനെ അടിപിടിയിൽപെടും. ഞാനത് കാര്യമാക്കാറില്ല. ഇപ്പോൾ പക്ഷേ അവൻ പറഞ്ഞിട്ടു പോയത്... പഠിക്കാൻ പറ്റുന്നില്ലത്രേ. ഒന്ന് സംസാരിക്കണം. ഇന്നിനി എഴുത്തൊന്നും നടക്കില്ല. കോളേജ് വിട്ടതും ഞാൻ അപ്പുവിനെ വിളിച്ചു. "അമ്മ ഇത്തിരി വൈകും. എന്തെങ്കിലും കഴിച്ച്

"പാവല്ലേഡാ... അമ്മയില്ലല്ലോ ആ ഏട്ടന്..."
എന്നു പറഞ്ഞതും അടങ്ങി. ഗൗതം എനിക്കെന്റെ അപ്പുവിനെപ്പോലെ പ്രിയപ്പെടുകയായിരുന്നു. അഞ്ജലി ഒരിക്കൽ അരിശത്തോടെ ചോദിച്ചു...
"ടീച്ചർക്ക് വേറെ പണീല്ല്യേ...? എല്ലാ പിള്ളാരോടും വല്യ സ്ട്രിക്ടാണല്ലോ... ആ ചെക്കൻ നേര്യാവ്വോന്നീല്ല".

പഠിയ്ക്കൂ."

ഗൗതമിന്റെ കൂടെയുള്ള കുട്ടി നാട്ടിൽ പോയിരിക്കുകയാണ്. പ്രതീക്ഷിക്കാതെ എന്നെ വാതിൽക്കൽ കണ്ടതും അവന്റെ മുഖം സന്തോഷത്താൽ വിരിഞ്ഞു. ബാഗ് മേശപ്പുറത്തു വെച്ച് ഞാൻ ചോദിച്ചു.

"എന്താ നീ ഉച്ചക്ക് അങ്ങനെ പറഞ്ഞത്? എന്താ ഗൗതം പ്രശ്നം..."

"ഒന്നൂല്ലേ..." ഗൗതം ഗൗരവത്തിലായി.

"വേണ്ട ഗൗതം. ഒഴിഞ്ഞുമാറണ്ട. നീയിങ്ങനെയല്ല. എന്തോ ഉണ്ട്. പറയൂ എന്നോട്. അറിയാലോ അപ്പുവും നീയും എനിക്കൊന്നാണ്..."

ആധിയായിരുന്നു എന്റെയുള്ളിൽ. ഹോസ്റ്റലിൽ നെറികെട്ട ചില പിള്ളാരുണ്ട്. സകലവൃത്തികേടുകളും നടത്തുന്നവർ. എന്തിലെങ്കിലും കുടുങ്ങിയിരിക്കുമോ... ഗൗതം എന്റെ നേരെ വന്നുനിന്നു. എന്റെ കൈകൾ കൂട്ടിപ്പിടിച്ചു. വല്ലാത്തൊരു ഇടർച്ചയുള്ള ശബ്ദത്തിൽ എന്നോടു ചോദിച്ചു.

"അതെങ്ങനെ..? അതെങ്ങനെ ഞാനും അപ്പുവും ഒന്നാവും. അപ്പു വേറെ. ഞാൻ വേറെ. എനിക്കെപ്പോഴും കാണണം. എന്റെയാണ് എന്റെ. ഇപ്പഴിപ്പഴായി എനിക്കൊറങ്ങാൻ പറ്റണില്ല. തലമുടിയിൽ തേക്കുന്ന എണ്ണേടെ മണവും കയ്യിലെ ചൂടും ഈ കണ്ണും മുഖവും തന്നെ മനസ്സിൽ. എനിക്കറിയാം എന്റെ അമ്മയുണ്ടായിരുന്നെങ്കിൽ ഇങ്ങനേണ്ടാവും. പക്ഷേ എനിക്കങ്ങനെ കാണാൻ വയ്യ. എന്റെ കൂടെവേണം. എന്നെ യാരും ഇങ്ങനെ കരുതീട്ടില്ല. സ്നേഹിച്ചിട്ടില്ല. ഒപ്പമുള്ള ഒരു പെൺകുട്ടിയോടും എനിക്ക് കൗതുകമില്ല. എന്റെയുള്ളിൽ ഈ രൂപമാണ്."

കുഞ്ഞുപ്രായത്തിൽ പൊക്കത്തിലൂഞ്ഞാലാടി താഴേക്കിറങ്ങി വരുമ്പോൾ തല മരവിക്കും. ഒരു അഗാധതയിലേക്ക് ഊളിയിടുമ്പോലെ തോന്നും. ഞാനാ പ്രായത്തിലല്ല. ഞാൻ ഊഞ്ഞാലിലുമല്ല... എങ്കിലും കാലുകൾ തളർന്ന് ഹൃദയം വിറച്ച്... ഇങ്ങനെ... അപ്പുവിനേക്കാൾ ഒരൊറ്റ വയസ്സുമാത്രം മൂപ്പുള്ളവൻ... ദേഹം വിയർപ്പിൽ നനയുന്നു... തൊണ്ട വരളുന്നു... പിന്നിൽ നിന്നും അവന്റെ വിളിയൊച്ച. കഷ്ടം...ഞാനിതറിഞ്ഞില്ലല്ലോ. ചിന്തകളിൽ കടന്നലുകൾ പോലെ അക്ഷരങ്ങൾ മൂളിത്തുടങ്ങിയ നാൾതൊട്ട്... എത്ര പുസ്തകങ്ങൾ. എത്ര അനുഭവങ്ങൾ... തിരിച്ചറിവുകൾ. എന്നിട്ടും ഞാനിതറിഞ്ഞില്ലല്ലോ. കവിളുകളിൽ വായുനിറച്ച ഫണം ഏതുനിമിഷവും വിടർത്തി, എന്നിലേക്കിറങ്ങാൻ ഒതുങ്ങിയിരുന്ന വിഷപ്പല്ലുമായി ഒരു സർപ്പമനസ്സ്. അതിൽപ്പതിഞ്ഞു പോയ എന്റെ രൂപം മാച്ചുകളയാൻ ഞാനെന്തു ചെയ്യണം...? ആരാണ് എന്റെയീയിരുട്ടകറ്റുക... ചെന്നുകേറിയതും സാരിപോലും മാറാതെ മുറിയിലെ ലൈറ്റണച്ച് കട്ടിലിൽ കയറിക്കിടന്നു. അപ്പു അരികത്തു വന്നിരുന്ന് തോളിൽ കൈവെച്ച് പതുക്കെ ചോദിച്ചു. "...ന്താമ്മേ....?" ശക്തമായി ഞാനവന്റെ കൈതട്ടിമാറ്റി പകയോടെ നോക്കി... പുറത്താക്കി വാതിലടച്ചു.

പെൺപക്ഷം



അജിത കെ.

# ഹിന്ദുത്വ–കോർപ്പറേറ്റ് ബാന്ധവം ഇന്ത്യയെ കൊണ്ടുപോകുന്നത് ഏത് ദിശയിലേക്ക്

രാജ്യത്ത് ജനദ്രോഹപരമായ ഒരുപാട് മാറ്റങ്ങൾ വന്നകൊണ്ടിരിക്കുന്ന കാലമാണിത്. കേന്ദ്രത്തിൽ നരേന്ദ്രമോഡി സർക്കാർ ഭരണത്തിലേറിയതോടെ ഹിന്ദുത്വശക്തികളുടെ രഹസ്യഅജണ്ടകൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഗോവധനിരോധത്തിന്റെ പേരിൽ രാജ്യത്ത് മാട്ടിറച്ചി കഴിക്കുന്ന വലിയൊരു ജനവിഭാഗ (മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, അവർണ്ണഹിന്ദുക്കൾ)ത്തിനെതിരായി ഭരണകൂടം യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. കോഴിയും മറ്റ് പക്ഷിമൃഗാദികളും കൊലക്കത്തി അർഹിക്കുന്നവരാണെന്നാണല്ലോ അതിന്റെ മറ്റൊരു അർത്ഥം. ബഹുസ്വരതയുടെ അടിസ്ഥാനത്തിൽ കെട്ടിയുയർത്തപ്പെട്ട വൈവിധ്യമാർന്ന ഇന്ത്യൻസംസ്ക്കാരത്തിന്റെ മുഖം മറ്റൊന്നാക്കിമാറ്റാൻ ഇവർ കിണഞ്ഞു ശ്രമിക്കുന്നു. പല സാംസ്കാരിക-ബൗദ്ധിക സ്ഥാപനങ്ങളും ആർ.എസ്.എസ് മേധാവികൾ കയ്യടക്കിക്കഴിഞ്ഞു. ഇനി പാഠപുസ്തകങ്ങളിൽ ഹിന്ദുത്വചരിത്രനിർമ്മിതി ത്വരിതഗതിയിൽ നടക്കും. നാഷണൽ ബുക്ട്രസ്റ്റ് ചെയർമാനായിരുന്ന പ്രശസ്തസാഹിത്യകാരൻ സേതു തന്റെ സ്ഥാനത്ത് ഒരു ആർ.എസ്.എസ്-വി.എച്ച്.പി ആശയങ്ങൾ പേറുന്ന വ്യക്തിയെ അവരോധിച്ചപ്പോൾ പ്രതിഷേധിച്ചുകൊണ്ട് രാജിവെച്ചകാര്യം ഓർക്കുക. ഡോ.കെ.എൻ. പണിക്കരെപ്പോലുള്ള ഇടതുപക്ഷ ചിന്തകർ പ്രകടിപ്പിക്കുന്ന ആശങ്ക അസ്ഥാനത്തല്ല.

നരേന്ദ്രമോഡിഭരണം വന്നതിനുശേഷം മറ്റ് പ്രധാനപ്പെട്ട സംഭവങ്ങൾ ഇതോടൊപ്പം ഒന്നുകൂട്ടി വായിച്ചുനോക്കാം. അമേരിക്കയുമായി അങ്ങേയറ്റം വിധേയത്വം നിറഞ്ഞ ആണവകരാർ ഒപ്പിട്ടു. ഇനി വിദേശരാജ്യങ്ങൾ ഇന്ത്യക്കുമേൽ ആണവറിയാക്ടറുകൾ അടിച്ചേൽപ്പിക്കുകയാണെങ്കിൽ അവയ്ക്ക് എന്ത് അപകടം സംഭവിച്ചാലും അതിന്റെ എല്ലാ ബാദ്ധ്യതകളും ഇന്ത്യൻ നികുതിദായകർ തന്നെ വഹിക്കണം. ബഹുരാഷ്ട്രകുത്തകകൾക്ക് എന്തൊരാശ്വാസകരമായ കരാറാണിത്. ഇന്ത്യൻ കോർപ്പറേറ്റുകൾക്ക് പരിസ്ഥിതി ആഘാതപഠനത്തിന്റെയോ മറ്റ് തടസ്സങ്ങളുടെയോ പേടി കൂടാതെ ഭൂമി ഏറ്റെടുക്കാവുന്ന പുതിയ ബിൽ പാസ്സാക്കാൻ പാർലമെന്റിനെ സജ്ജമാക്കിക്കഴിഞ്ഞു. ശക്തമായ പ്രതിഷേധങ്ങൾ ഉയരുന്നതുകാരണം തല്ക്കാലം അതൊന്ന് മാറ്റിവെച്ചിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖം അദാനിഗ്രൂപ്പിന് തീറെഴുതികൊടുക്കാനുള്ള ഒരുക്കത്തിലാണ് കേരളസർക്കാർ. അതിശക്തമായ ജനകീയ പ്രതിഷേധങ്ങളുണ്ടായിട്ടും ആറന്മുള എയർപോർട്ട് (അതും സ്വകാര്യമായത്) സമീപഭാവിയിൽ യാഥാർത്ഥ്യമാകുമെന്ന ഭീഷണി വീണ്ടും ഉയർന്നുകഴിഞ്ഞു. എടക്കാട് ആശുപത്രിക്കെതിരായ സമരം; മലബാർഗോൾഡിനെതിരായ കാക്കഞ്ചേരിയിലെ സമരം, അസംഖ്യം കരിങ്കൽ ക്വാറികൾക്കെതിരായ സമരങ്ങൾ തികച്ചും നീതിയുക്തമായ, നിലനില്പ്പിന്നായുള്ള ഇത്തരം ജനകീയസമരങ്ങളുടെ ഭാവി ഇനി എന്താകും?

ഇന്ത്യൻ മതേതരത്വവും ജനാധിപത്യവും ഒന്നൊന്നായി കശാപ്പുചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നമുക്കാശ്രയിക്കാൻ ഏത് ബദൽശക്തിയാണുള്ളതെന്നത് ഒരു പ്രസക്തമായ ചോദ്യമാണ്. സി.പി.എം. ജനറൽ സെക്രട്ടറിയായി പ്രകാശ്കാരാട്ടിനു പകരം സീതാറാം യെച്ചൂരിയായത് എത്രമാത്രം ഗുണകരമാണെന്ന് ഇനിയങ്ങോട്ടുള്ള കാലം തെളിയിക്കേണ്ട വസ്തുതയാണ്. പക്ഷേ, കണ്ണൂർലോബിക്ക് ഇതത്രയങ്ങ് പിടിച്ചിട്ടില്ല. ഡൽഹിയിൽ ഒരു ബദൽശക്തിയായി ഉയർന്നുവന്ന ആം ആദ്മി പാർട്ടിയിൽ നിന്ന് യോഗേന്ദ്ര യാദവ്, പ്രശാന്തിഭൂഷൺ തുടങ്ങിയ പ്രഗത്ഭമതികൾ പുറത്താക്കപ്പെട്ടതോടെ അരവിന്ദ് കേജരിവാളിന്റെ പ്രതിഛായയ്ക്ക് മങ്ങലേറ്റിട്ടുണ്ടെന്നത് നിഷേധിക്കാനാവില്ല. കോൺഗ്രസ്സ് ഇന്നെത്തിയ പതനം അതിദയനീയം തന്നെ. അതിഭീകരമായ അഴിമതിക്കഥകളോടൊപ്പം കേരളത്തിലും സോളാർ-ബാർ കോഴ തുടങ്ങിയ ചീഞ്ഞുനാറുന്ന വാർത്തകൾ കേട്ട് ആകെ മടുത്തിരിക്കുന്നു ജനങ്ങൾക്ക്.

മതനിരപക്ഷമായ, ജനാധിപത്യപരമായ ഒരു ജനകീയ ബദൽ ഇനിയെങ്കിലും ഉയർന്നുവരേണ്ടതുണ്ട്. അതിന് നമുക്കെന്ത് ചെയ്യാനാവും? അണ്ണാറക്കണ്ണനും തന്നാലായതുപോലെ...



# വാസ്തവം



ഡോ.ജാൻസി ജോസ്

ശിക്ഷാപരിധി പതിനാറ് വയസ്സാക്കി. കൊലപാതകം, മാനഭംഗം എന്നീ നീചകുറ്റകൃത്യങ്ങളിലേർപ്പെടുന്നവരെ ഉദ്ദേശിച്ചാണിത്. 16 വയസ്സിനു താഴെയുള്ളവരെ ഈ നിയമം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കാതിരുന്നാൽ മതി. ഡൽഹി സംഭവത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമങ്ങൾ കൊണ്ടുവന്നാലും തത്സംഭവങ്ങൾ രാജ്യത്ത് അടിക്കടി ഉണ്ടാവുന്നതിനെപ്പറ്റി ആരും ഒന്നും പറയുന്നില്ല. നിയമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് പ്രതികളെ സംരക്ഷിക്കാൻ മാത്രമാണ്. അധികാരത്തിലിരിക്കുന്നവരും അവരുടെ ആളുകളും ഇത്തരം കൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതും കാണാതെ പറ്റില്ല. അഭിമാനബോധത്തിലും നിർധനാവസ്ഥയിലുമൊക്കെ ആത്മഹത്യചെയ്താൽ അതിനെ ഭീരുത്വമെന്നു പറയുന്നു. കൊല്ലും കൊള്ളയും സ്ത്രീവാണിഭവുമൊക്കെ നടത്തി സധൈര്യം ജീവിക്കുന്നതിനെ എന്തു പേരിട്ടുവിളിക്കണം. ക്രൂരകൃത്യങ്ങൾ ആരു ചെയ്താലും ക്രൂരമായ ശിക്ഷ തന്നെ കൊടുക്കുകയാണ് ഇതിനുള്ള ഏക പോംവഴി. അതിനായി നിയമം വന്നില്ലെങ്കിൽ അനുഭവിക്കുന്നവനെങ്കിലും അതു നടപ്പാക്കാനുള്ള ധൈര്യം വേണം. ഒരു പെണ്ണിനെ പോലും സ്വതന്ത്രമായി ജീവിക്കാനനുവദിക്കാത്ത നമ്മുടെ നാട്ടിലെ ദുഷ്ടശക്തികൾ ഇതൊക്കെ എളുപ്പമാക്കിത്തീർക്കുമോ? മദ്യത്തിനൊപ്പം വിളമ്പുന്ന ലഹരിമാത്രമായി ജനം പെണ്ണിനെ കണ്ടുതുടങ്ങിക്കഴിഞ്ഞു. കാര്യങ്ങൾ നേടുന്നതിന് ഓരോ പെണ്ണിനേയും നോട്ടമിട്ടുകഴിഞ്ഞു ഇവർ. പണ്ടൊക്കെ അന്യന്റെ വീട്ടിലേക്കായിരുന്നു നോട്ടമെങ്കിൽ ഇപ്പോൾ സ്വന്തം വീട്ടിലുമെത്തി നോട്ടം.

തമാശകളുടെ കാലമാണല്ലോ കേരളത്തിനിത്. നിയമസഭാകോലാഹലങ്ങൾ അവിടെക്കിടക്കട്ടെ. പരീക്ഷയെഴുതാതെ ഗ്രേഡ് കൊടുക്കുന്ന വിദ്യാഭ്യാസസമ്പ്രദായമുള്ള ഏകനാട് കേരളം മാത്രമായിരിക്കും. വിവരമുണ്ടാക്കുന്ന ഏർപ്പാടാണ് വിദ്യാഭ്യാസമെങ്കിലും വകുപ്പിനതില്ല എന്ന് ആർക്കും തോന്നിപ്പോകും. ആലുമുളച്ച് തണലായപ്പോൾ വേണ്ടാത്തിടത്താണോ എന്ന തിരിച്ചറിവുപോലും നഷ്ടപ്പെട്ട കുറെ വകുപ്പുകളാണ് ഇവിടുള്ളത്. പ്രതിപക്ഷ ശക്തം ശല്യമാകാത്ത ഒരു ഭരണമാണല്ലോ നമ്മുടെ രാജ്യത്തുള്ളത്. സമരം ചെയ്യാൻ മാത്രമല്ല, ഓച്ഛാനിച്ചു നിൽക്കാനും അറിയാവുന്ന നേതാക്കന്മാരുള്ളതുകൊണ്ട് കേരളം ജീവിച്ചുപോകുന്നുവെന്നുമാത്രം. ●



വിജി

അസംഘടിതതൊഴിലാളിസ്ത്രീകളുടെ അധ്വാനത്തിനു മൂല്യമില്ല, കൂലിക്കും മൂല്യമില്ല. എന്തെങ്കിലും കൂലി കൊടുത്താൽ മതി. നഗരത്തിൽ എന്റെ അനുഭവത്തിൽ സ്ത്രീത്തൊഴിലാളിക്ക് പുരുഷത്തൊഴിലാളിക്ക് കൊടുക്കുന്ന കൂലിയുടെ മൂന്നിലൊരു ഭാഗം മാത്രമാണ് ഇന്നും കൊടുക്കുന്നത്.

# അസംഘടിതർ സംഘടിക്കുമ്പോൾ



ഒരുപാട് വർഷങ്ങളായി കേൾക്കുന്നൊരു കാര്യമുണ്ട്– സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യമുണ്ടെങ്കിൽ സ്ത്രീപ്രശ്നം പരിഹരിക്കാം എന്ന്. എന്നാൽ ഈ അടുത്തകാലത്ത് സ്ത്രീകൾ ചോറിനും പേറിനും പുറമെ സാമ്പത്തികകാര്യങ്ങളിലും നിർബന്ധമായി ഇടപെടേണ്ടി വരുന്നു.

ഇന്ന് അസംഘടിതമേഖലയിലെ ചൂഷിതർ അസംഘടിതരും ചൂഷകർ സംഘടിതരുമാണ്. അസംഘടിതമേഖലാ തൊഴിലാളികൾക്ക് സംഘടിക്കാൻ അവകാശമില്ല, എന്നാൽ മുതലാളിമാർ സംഘടിതരാണ്. വ്യാപാരിവ്യവസായി ഏകോപനസമിതി, വ്യാപാരിവ്യവസായിസമിതി, ഇടയിൽ ബി.എസ്.പി തുടങ്ങിയ അനേകം മുതലാളിസംഘടനകൾ നമുക്ക് കാണാം. എന്നാൽ ഈ കഴിഞ്ഞ ഡിസംബർ 30ന് തൃശ്ശൂർ കല്യാൺസാരീസിലെ 6 സ്ത്രീത്തൊഴിലാളികളെ നിർബന്ധമായി സ്ഥലംമാറ്റിയതിനു കാരണം അവർ സംഘടിക്കാൻ തീരുമാനിച്ചതാണ്. സംഘടിക്കാനോ, പ്രതികരിക്കാനോ, ഇരിക്കാനോ, മൂത്രം ഒഴിക്കാൻ പോകാനോ, അവധിയെടുക്കാനോ, വിശ്രമിക്കാനോ അവർക്ക് അവകാ

ശമില്ല. ഈ തൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനം കിട്ടുന്നില്ല. ജോലിസമയം നിജപ്പെടുത്തിയിട്ടില്ല. ജോലിസുരക്ഷിതത്വമോ(പിരിച്ചുവിടൽ ഭീഷണി) മറ്റ് ആനുകൂല്യങ്ങളോ ഇന്ന് തൊഴിലാളികളിൽ 99 ശതമാനം വരുന്ന അസംഘടിതമേഖലാ തൊഴിലാളികൾക്ക് കിട്ടുന്നില്ല.

അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് 2008ൽ ഒരു ബില്ല് സംസ്ഥാനഗവണ്മെന്റും കേന്ദ്രഗവണ്മെന്റും പാസ്സാക്കിയിട്ടുണ്ട്. ഈ ബില്ലിന്റെ ഗുണങ്ങൾ ഇന്ന് പത്തുശതമാനം തൊഴിലാളികൾക്കുപോലും അനുഭവിക്കാൻ കഴിയുന്നില്ല. ഇതിന്റെ ഗുണഭോക്താക്കളാവണമെങ്കിൽ എല്ലാ തൊഴിലാളികളെയും ലേബർ നിയമപ്രകാരം തൊഴിലാളികളായി അംഗീകരിക്കണം. പ്രസവാവധിവരെ ആ ബില്ലിൽ പറയുന്നു എന്ന് ഇലക്ഷൻ സമയത്ത് രാഷ്ട്രീയക്കാർ കൊട്ടിഘോഷിക്കാറുണ്ട്. എന്തെങ്കിലും അസുഖം വന്ന് ഒരു ദിവസം ലീവെടുത്താൽ പിറ്റേദിവസം ജോലിയില്ലാത്ത അവസ്ഥയാണ് തൊഴിലാളികളുടേത്. മാത്രമല്ല, ഒരുദിവസത്തെ ജോലി കഴിഞ്ഞാൽ പിറ്റേന്ന് ജോലിയുണ്ടാകുമോ എന്ന ഭീതിയിലാണ് അവർ. തൊഴിലാളികൾക്ക് വേണ്ടി നിലവിൽവന്ന ലേബർ ഡിപ്പാർട്ടുമെന്റും മാറിമാറിവരുന്ന സർക്കാരും, ഇവിടുത്തെ മുതലാളിമാരുടേയും കോർപ്പറേറ്റുകളുടേയും സംരക്ഷകരാണ്.ഈ ഒരു അന്തരീക്ഷത്തിലാണ് മിഠായിത്തെരുവിലെ കടകളിൽ, രാവിലെ 10 മണി മുതൽ രാത്രി 10 മണിവരെ ജോലി ചെയ്യുന്ന പുരുഷതൊഴിലാളികൾ അത് ഒഴിവാക്കി മാർബിൾ പണിക്കും കെട്ടിടനിർമ്മാണത്തിനുമായി പോകുന്നത്. ഇങ്ങനെയാണ് 2005–2006ൽ ഇവിടെ കൂടുതലായി സ്ത്രീ തൊഴിലാളികൾ ജോലിക്കെത്തുന്നത്; റെഡിമെയ്ഡ് ഷോപ്പ്, ഫാൻസി ഷോപ്പ്, ചെരുപ്പ് കട, ടെക്സ്റ്റൈൽ ഷോപ്പ്, പാത്രക്കട, സൂപ്പർമാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ. ഇവർ മനുഷ്യരാണെന്ന പരിഗണനയോ തൊഴിലാളികളാണെന്ന അംഗീകാരമോ ഇല്ലാതെ, അദ്ധ്വാനത്തിന് വിലയില്ലാതെ, സഹനത്തിന്റെ പാതയിലേക്ക് നിർബ്ബന്ധിതരായി കടന്നുവരുന്നു. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാൻ പറ്റാതെ, ഒന്നിരിക്കാൻ പോലും പറ്റാതെ അവർ പലതരം രോഗങ്ങൾക്ക് അടിമകളാവുന്നു.

**പെൺകൂട്ട് ഉണ്ടാകുന്നത്**

2008ൽ അസംഘടിതമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയുള്ള സമരത്തിലൂടെയാണ് പെൺകൂട്ട് രൂപമെടുക്കുന്നത്. രാവിലെ ഒമ്പതരമണിക്ക് ജോലിയിൽ പ്രവേശിച്ചാൽ 8മണിക്ക് ജോലികഴിഞ്ഞ് 9–10മണിക്ക് വീട്ടിൽ എത്തിയിട്ട് വേണം ഇവർക്ക് പ്രാഥമികകർമ്മങ്ങൾ നിറവേറ്റാൻ. ഉന്നയിച്ചു തുടങ്ങിയപ്പോൾ തന്നെ ഈ പ്രശ്നം ഒരു വലിയ സമരമായി മാറി. ഐക്യദാർഢ്യം പ്രഖ്യാപിച്ച് അജിതേച്ചി, വി.പി.സുഹറ തുടങ്ങിയവർ ഞങ്ങളോടൊപ്പമെത്തി. മൂത്രം ഒഴിക്കേണ്ടവർ വീട്ടിലിരുന്നാൽ മതിയെന്നും ജോലിക്ക് വരണ്ട എന്നുമാണ് വ്യാപാരിവ്യവസായി ഏകോപനസമതി പ്രസിഡണ്ട് നസറുദ്ദീൻ പറഞ്ഞത്. വീണ്ടും ഞങ്ങൾക്ക് സമരം ശക്തമാക്കേണ്ടി വന്നു. കളക്ടർ ഇടപെട്ടു. ബിൽഡിംഗ് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, പോലീസ് തുടങ്ങിയവർ ഉൾപ്പെട്ട് സ്ക്വോഡ് രൂപീകരിച്ച് കടകളിൽ പരിശോധന നടത്തി. കെട്ടിടങ്ങളിൽ മൂത്രപ്പുര വേണ്ട സ്ഥലത്ത് ഫാൻസികടയും ചെരുപ്പുകടയും മറ്റുമാണ് അധികാരികൾ കണ്ടത്. എന്നാൽ അധികാരികളുടെ ഭാഗത്തു നിന്ന് യാതൊരു നടപടിയും പിന്നീടുണ്ടായില്ല. ചില തൊഴിലാളികൾ പ്രതികരിച്ചതിന്റെ ഭാഗമായി നിലവിലുള്ള ബിൽഡിംഗിന്റെ ചെറിയസ്ഥലത്ത് സൗകര്യം ഒരുക്കിയിരുന്നു. പക്ഷേ, പുരുഷത്തൊഴിലാളികളുടെ സ്ഥിതി അതല്ല. അവർ പത്തും ഇരുപതും മിനുട്ട് നടന്നു പോയും മൂത്രമൊഴിക്കും. മുതലാളിമാർ പുരുഷന്മാരുടെ കാര്യം അവകാശമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പിന്നീട് സ്ത്രീത്തൊഴിലാളികളുടെ തൊഴിൽപ്രശ്നത്തിൽ ഞങ്ങൾക്ക് നിരന്തരമായി ഇടപെടേണ്ടിവരുകയും പുരുഷത്തൊഴിലാളികൾ ഞങ്ങളുടെ കൂട്ടായ്മയിൽ പങ്കുചേരുകയും ചെയ്തതോടെ ഞങ്ങൾക്ക് ഒരു യൂണിയൻ രൂപീകരിക്കേണ്ടി വന്നു. 2011ലാണ് അസംഘടിത മേഖല തൊഴിലാളി യൂണിയൻ രൂപീകരിച്ചത്. പക്ഷേ,

അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് 2008ൽ ഒരു ബില്ല് സംസ്ഥാനഗവണ്മെന്റും കേന്ദ്രഗവണ്മെന്റും പാസ്സാക്കിയിട്ടുണ്ട്. ഈ ബില്ലിന്റെ ഗുണങ്ങൾ ഇന്ന് പത്തുശതമാനം തൊഴിലാളികൾക്കുപോലും അനുഭവിക്കാൻ കഴിയുന്നില്ല. ഇതിന്റെ ഗുണഭോക്താക്കളാവണമെങ്കിൽ എല്ലാ തൊഴിലാളികളെയും ലേബർ നിയമപ്രകാരം തൊഴിലാളികളായി അംഗീകരിക്കണം. പ്രസവാവധിവരെ ആ ബില്ലിൽ പറയുന്നു എന്ന് ഇലക്ഷൻ സമയത്ത് രാഷ്ട്രീയക്കാർ കൊട്ടിഘോഷിക്കാറുണ്ട്.

രജിസ്ട്രർ ചെയ്യാൻ ശ്രമിച്ചപ്പോൾ അധികാരികൾ ഓരോ കാരണങ്ങൾ പറഞ്ഞ് തിരിച്ചയച്ചു കൊണ്ടിരുന്നു.

**ഞങ്ങളുടെ രാഷ്ട്രീയം**

അസംഘടിതതൊഴിലാളി സ്ത്രീകളുടെ അധ്വാനത്തിനു മൂല്യമില്ല, കൂലിക്കും മൂല്യമില്ല. എന്തെങ്കിലും കൂലി കൊടുത്താൽ മതി. നഗരത്തിൽ എന്റെ അനുഭവത്തിൽ സ്ത്രീത്തൊഴിലാളിക്ക് പുരുഷത്തൊഴിലാളിക്ക് കൊടുക്കുന്ന കൂലിയുടെ മൂന്നിലൊരു ഭാഗം മാത്രമാണ് ഇന്നും കൊടുക്കുന്നത്. ജോലി സുരക്ഷിതത്വമില്ല, മിനിമം വേതനം ഇല്ല, പിരിച്ചുവിടൽ ഭീഷണി, തൊഴിലാളികളായി രജിസ്ട്രർ ചെയ്യുന്നില്ല, തുല്യജോലിക്ക് തുല്യവേതനം ഇല്ല, മണിക്കൂറുകൾ നിജപ്പെടുത്തിയിട്ടില്ല, ചില സ്ഥാപനങ്ങളിൽ അവധി ദിനം പോലുമില്ല. ജോലിക്ക് വന്നില്ലെങ്കിൽ കൂലിയില്ല. ഇത്തരം പ്രശ്നങ്ങൾ അവർ നിത്യേന നേരിടുന്നു.

അസംഘടിതരായ സ്ത്രീകൾ ഏറ്റവും ദുരിതമനുഭവിക്കുന്ന മേഖലയാണ് ടെക്സ്റ്റൈൽ മേഖല. ഈയടുത്തകാലത്തു പൊന്തിവന്ന മാളുകളിലും വൻകിടഷോപ്പുകളിലും 300 ഉം 400 ഉം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടെങ്കിലും അൻപതോ അറുപതോ പേരെയാണ് തൊഴിലാളികളായി അംഗീകരിക്കുന്നത്. മാത്രമല്ല, ഈ തൊഴിലാളിസ്ത്രീകൾ മുഴുവൻസമയവും ക്യാമറാനിരീക്ഷണത്തിലാണ്. അവരുടെ ഏതുചലനവും ക്യാമറയിൽ പതിയും. ഇവരുടെ ജോലിസമയം രാവിലെ 9.30 മുതൽ രാത്രി 8-9 വരെയാണ്. ഹോസ്റ്റലിൽ താമസിക്കുന്ന തൊഴിലാളിസ്ത്രീക്കാണെങ്കിൽ സീസണിൽ കടയടയ്ക്കുന്നതിനനുസരിച്ചായിരിക്കും ജോലിസമയം. എന്നാൽ, ആ സമയം വരെയും ഇവർക്ക് ഇരിക്കാനുള്ള അവകാശമില്ല. ഇവർക്ക് ഭക്ഷണം കഴിക്കാനുള്ള സമയം 20 മിനുട്ടാണ്. എന്നാൽ, സമയത്തിന് ഭക്ഷണം കഴിക്കാൻ അവകാശമി

ഭരണഘടനാപരമായി ട്രേഡ് യൂണിയനിൽ ഒരു അജണ്ടയുണ്ട്, അതിനടിസ്ഥാനമായി പ്രവർത്തിക്കണം എന്നൊക്കെ പറയുമ്പോൾ ഞാൻ നയിക്കുന്ന യൂണിയൻ സ്ത്രീത്തൊഴിലാളി എന്ന രാഷ്ട്രീയം ഉയർത്തിപ്പിടിക്കും. കാരണം കർഷകത്തൊഴിലാളികളിൽ വരെ സ്ത്രീകർഷകത്തൊഴിലാളികളോട് കാണിക്കുന്ന വിവേചനം നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഇവിടെ സ്ത്രീകർഷകത്തൊഴിലാളിയായാലും അസംഘടിത മേഖലാ സ്ത്രീത്തൊഴിലാളിയായാലും ഇരട്ടച്ചൂഷണത്തിന് വിധേയരാകുന്നു.

ല്ല. ഒരു കച്ചവടം നടന്നുകൊണ്ടിരിക്കുമ്പോൾ ചിരിക്കണം. ചിരി മങ്ങാൻ പാടില്ല. കണ്ണിന്റെ ദൃഷ്ടി മാറരുത്. ദീർഘശ്വാസം വിടരുത്, വന്നവരുടെ ബാഗിലെ കാശ് മുതലാളിയുടെ പെട്ടിയിലാവുന്നത് വരെ ഈ തൊഴിലാളി സ്ത്രീകൾ സ്വന്തം വേദന മറക്കണം. അല്ലാത്തപക്ഷം 'പെർഫോർമൻസ് കുറവ്' പറഞ്ഞ് ജോലിയിൽ നിന്ന് പിരിച്ച് വിടും. കഷ്ടകാലത്തിന് കച്ചവടം നടന്നില്ലെങ്കിൽ ആ തൊഴിലാളിസ്ത്രീയുടെ കണ്ണിൽപ്പിന്നെ ചോരക്കണ്ണീരാണ്. കൂടാതെ താഴ്ന്നജാതിയിൽപ്പെട്ടവരോടും കറുത്തസ്ത്രീകളോടും കൂലിവിവേചനവും ജോലിവിവേചനവും കാണിക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൊഴിലാളികളിൽ സ്ത്രീത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ മുന്നോട്ടു കൊണ്ടുവരിക എന്നതാണ് ഞങ്ങളുടെ രാഷ്ട്രീയം. നിലവിൽ പല ട്രേഡ് യൂണിയനുകളും ഇവിടെയുണ്ട്. എന്നാൽ ഇവരൊന്നും സ്ത്രീത്തൊഴിലാളി പ്രശ്നത്തിൽ ഗൗരവമായി ഇടപെടാൻ ശ്രമിക്കുന്നില്ല. എന്തിനാണ് സ്ത്രീത്തൊഴിലാളി എന്ന് വേർതിരിച്ചു കാണുന്നത് എന്ന തർക്കമുണ്ടാകുന്നു. തീർച്ചയായും ഞാൻ നേതൃത്വം കൊടുക്കുന്ന യൂണിയന്റെ ലക്ഷ്യം സ്ത്രീപക്ഷപ്രവർത്തനം തന്നെയാണ്. ഭരണഘടനാപരമായി ട്രേഡ് യൂണിയനിൽ ഒരു അജണ്ടയുണ്ട്, അതിനടിസ്ഥാനമായി പ്രവർത്തിക്കണം എന്നൊക്കെ പറയുമ്പോൾ ഞാൻ നയിക്കുന്ന യൂണിയൻ സ്ത്രീത്തൊഴിലാളി എന്ന രാഷ്ട്രീയം ഉയർത്തിപ്പിടിക്കും. കാരണം കർഷകത്തൊഴിലാളികളിൽ വരെ സ്ത്രീതൊഴിലാളികളോട് കാണിക്കുന്ന വിവേചനം നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഇവിടെ സ്ത്രീ കർഷകത്തൊഴിലാളിയായാലും അസംഘടിതമേഖലാ തൊഴിലാളിയായാലും ഇരട്ടച്ചൂഷണത്തിന് വിധേയരാകുന്നു. ഇത് വെറുതെ പറഞ്ഞുപോയാൽ മാത്രം പോര. അസംഘടിതമേഖലയിലെ പുരുഷതൊഴിലാളിക്ക് പുറത്തെ ജോലിക്ക് മാത്രമാണ് ഉത്തരവാദിത്വം. എന്നാൽ സ്ത്രീത്തൊഴിലാളി പത്തുപതിനൊന്നു മണിക്കൂർ ഒരേ നിൽപ്പിൽ ജോലി ചെയ്ത് തിരിച്ച് വീട്ടിലെത്തി അവിടുത്തെ ജോലികളും ചെയ്തു വളരെ വൈകി ഉറങ്ങുന്നവളാണ്. ജോലികഴിഞ്ഞ് വീട്ടിലെത്തുന്ന പുരുഷതൊഴിലാളിക്ക് കിട്ടുന്ന പരിഗണന സ്ത്രീതൊഴിലാളിക്ക് കിട്ടുന്നില്ല. പുരുഷന് അസുഖം വന്നാൽ അവധിയെടുത്ത് വിശ്രമിക്കാം. എന്നാൽ സ്ത്രീകൾക്ക് അസുഖം വന്നാൽ അവധി കിട്ടാൻ വളരെയധികം പ്രയാസപ്പെടണം. കിട്ടിയാലോ വീട്ടിൽ വിശ്രമിക്കാൻ കഴിയുമോ? ഇങ്ങനെ വരുമ്പോൾ ഞങ്ങളുടെ യൂണിയന് പ്രാധാന്യമുണ്ട്, ലക്ഷ്യമുണ്ട്.

**നേട്ടങ്ങൾ, ലക്ഷ്യങ്ങൾ**

ടെക്സ്റ്റൈൽ മേഖലയിലെ

തൊഴിലാളിസ്ത്രീകൾക്ക് ഇരിക്കാനുള്ള അവകാശത്തിനുവേണ്ടിയാണ് 2014 അന്താരാഷ്ട്ര വനിതാദിനം ആചരിച്ചത്.

സർക്കാർതലത്തിലേക്കും ലേബർ ഉദ്യോഗസ്ഥരുടെ ഇടയിലേക്കും വിഷയമെത്തിച്ചപ്പോൾ അവർ പറയുന്ന മറുപടി ഇരിക്കാനുള്ള നിയമം ഇല്ല എന്നാണ്. ഞങ്ങൾ ചോദിക്കുന്നത് ഇരിക്കേണ്ട എന്ന നിയമം ഉണ്ടോ എന്നും. ഈ പ്രശ്നത്തിൽ തൊഴിൽവകുപ്പ് മന്ത്രി ഇടപെട്ടു, സർക്കാർ ഏജൻസി–യൂത്ത് കമ്മീഷൻ ഇടപെട്ടു. ഇവർക്കൊന്നും ഇരിക്കാനവകാശമില്ലാത്ത ഈ തൊഴിലാളി സ്ത്രീകൾക്ക് ഒരുമറുപടിയും കൊടുക്കാൻ കഴിഞ്ഞില്ല. ഇന്നും, കച്ചവടമില്ലാത്ത സമയത്തുപോലും, നാലുമണിക്കൂറിൽ ഒരു മണിക്കൂർ വിശ്രമം എന്ന് എഴുതിവെച്ച നിയമമുണ്ടായിട്ടും ഇവർക്ക് ഇരിക്കാൻ അനുവാദമില്ല.

കുടുംബശ്രീ എന്ന് ഓമനപ്പേരിട്ട് 16 കൊല്ലമായി അയൽക്കൂട്ടം വഴി സ്ത്രീകളെ പുറത്തിറക്കി കടബാധ്യത ഉണ്ടാക്കുകയും സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്യുന്ന പദ്ധതികൾ (ഖരമാലിന്യം തുടങ്ങിയവ) സർക്കാർ നടപ്പാക്കി. പദ്ധതികളുടെ 16–ാം വർഷം ആഘോഷിക്കാനും മഹത്വവത്ക്കരിക്കാനും ഭരണാധികാരികൾക്ക് സാധിച്ചു. എന്നാൽ ഇതിനു വേണ്ടി അദ്ധ്വാനിച്ച സ്ത്രീകളായ കമ്മ്യൂണിറ്റി ഓർഗനൈസർമാർ കോഴിക്കോട് കോർപ്പറേഷനിൽ പതിനാറുകൊല്ലമായി 1000 മുതൽ 1500 രൂപവരെ മാത്രം ശമ്പളത്തിലാണ് ജോലി ചെയ്തുകൊണ്ടിരുന്നത്. ശമ്പളം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഞങ്ങൾക്ക് 41 ദിവസം സമരം ചെയ്യേണ്ടി വന്നു. ഒടുവിൽ പത്തായിരം രൂപ ശമ്പളമായി അനുവദിച്ചുകിട്ടിയിരിക്കുന്നു. 'പെൺകൂട്ടി'ന്റേയും എ.എം.ടി.യുവിന്റേയും നേതൃത്വത്തിലായിരുന്നു സമരം.

ഇത്തരത്തിൽ പലതരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സ്ത്രീതൊഴിലാളികൾ സമരരംഗത്ത് വരുമ്പോൾ സ്ത്രീപക്ഷനിലപാടോടെ അവരെ നയിക്കാൻ കഴിയുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. കോഴിക്കോട് കൂപ്പൺമാൾ സമരത്തിൽ ഭൂരിപക്ഷം സ്ത്രീകൾ ആയിരുന്നു. 18 സ്ത്രീകളും 12 പുരുഷന്മാരും. സമരമുഖത്തനിന്ന് 7 മണി ആകുമ്പോഴേക്ക് വീട്ടിൽ പോകാൻ വെമ്പൽ കൊള്ളുന്ന സ്ത്രീതൊഴിലാളികളെ പുരുഷതൊഴിലാളികളെപ്പോലെ നിങ്ങളും തൊഴിലാളികളാണ്, ഒന്നിച്ചുനിന്ന് സമരം ചെയ്യണമെന്ന് ബോദ്ധ്യപ്പെടുത്തിയപ്പോൾ അവരത് ഉൾക്കൊണ്ടു. മുഴുവൻസമയം സമരത്തിൽ പങ്കാളികളാവുന്നതോടെ എന്തൊക്കെയോ തകർത്തെറിയുന്നതായി അവർക്ക് അനുഭവപ്പെടുന്നതും പിന്നീടുള്ള അവരുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കി ശക്തരാവുകയും ചെയ്യുന്നത് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. മിഠായിത്തെരുവിൽ ആറ് കെട്ടിടങ്ങൾ അടിച്ചുവാരിയാൽ ഞങ്ങളുടെ മെമ്പർ ഗിരിജേച്ചിക്കു കിട്ടുന്ന ശമ്പളം ആയിരം രൂപയാണ്. അടിച്ചുവാരുന്ന മാലിന്യത്തിന്റെ ഉത്തരവാദിത്വവും ഈ തൊഴിലാളിക്കാണ്. അവർ ഈ മാലിന്യം കോർപ്പറേഷന്റെ വണ്ടിയിൽ ഇടുന്നതിന് ഇരുന്നൂറ് രൂപയും കൊടുക്കണം. ഞങ്ങൾ ഇതിൽ ഇടപെടുകയും പരിഹരിക്കുകയും ചെയ്തു. ഇതുപോലെയുള്ള നിരവധി തൊഴിൽത്തർക്കങ്ങളിൽ ഇടപെടാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഞങ്ങൾ ഉണ്ടാക്കുന്ന പുതിയ യൂണിയൻ ഞങ്ങളുടെ സ്ത്രീ – തൊഴിലാളി രാഷ്ട്രീയം അംഗീകരിക്കുന്നവരെ മാത്രം അംഗത്വം നൽകി രജിസ്ട്രർ ചെയ്തതിനു ശേഷമേ ഇത്തരം സമരരംഗത്ത് ഇനി തുടരാൻ ഞങ്ങൾക്ക് കഴിയുകയുള്ളൂ.
മാത്രമല്ല പ്രതിപക്ഷക്കാരോടും തൊഴിലാളികളോടും എനിക്ക് പറയാനുള്ളത് സ്ത്രീതൊഴിലാളികൾ മുതലാളിത്തത്തേയും പുരുഷാധിപത്യത്തേയും ഒരുപോലെ ഭയക്കേണ്ടി വരുന്നു എന്നതാണ്.

ഇങ്ങനെ തൊഴിലാളിസ്ത്രീകൾക്കും മറ്റുള്ളവർക്കുമായി പലതും ചെയ്യാനാവും എന്ന് ഉറപ്പുള്ളതുകൊണ്ടാണ് ഞങ്ങളുടെ യൂണിയന്റെ രാഷ്ട്രീയം ഞാൻ പൊക്കിപ്പിടിക്കുന്നത്. തീർച്ചയായും തൃശ്ശൂർ കല്യാൺ സമരത്തിൽ ഞങ്ങൾക്ക് പോരായ്മകൾ ഉണ്ടായിട്ടുണ്ട്. ഇതൊരു സ്വയം വിമർശനമാണ്. മാത്രമല്ല A.M.T.U എന്ന യൂണിയൻ തൃശ്ശൂർ കേന്ദ്രീകരിച്ച് ആരോ നേരത്തെ രജിസ്റ്റർ ചെയ്ത വിവരം സമരത്തിലൂടെ അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ഞങ്ങൾ ഉണ്ടാക്കുന്ന പുതിയ യൂണിയൻ ഞങ്ങളുടെ സ്ത്രീ – തൊഴിലാളി രാഷ്ട്രീയം അംഗീകരിക്കുന്നവരെ മാത്രം അംഗത്വം നൽകി രജിസ്ട്രർ ചെയ്തതിനു ശേഷമേ ഇത്തരം സമരരംഗത്ത് ഞങ്ങൾ തുടരൂ.

പല സന്ദർഭങ്ങളിലും സ്ത്രീതൊഴിലാളികൾ മുതലാളിത്തത്തേയും പുരുഷാധിപത്യത്തേയും ഒരുപോലെ ഭയക്കേണ്ടി വരുന്നു. ഈ ഭയം ഇല്ലാതാക്കണമെങ്കിൽ ഇത്തരം പ്രശ്നങ്ങളിൽ കേരളത്തിലെ സ്ത്രീപക്ഷരാഷ്ട്രീയത്തിൽ അറിവുള്ളവരുടേയും അതിൽ വിശ്വസിക്കുന്നവരുടേയും ഇടപെടൽ അനിവാര്യമാണ്. ഞാനും പെൺകൂട്ട് പ്രവർത്തകരും യൂണിയൻ പ്രവർത്തകരും ഈ മുദ്രാവാക്യം മുൻനിർത്തി സ്ത്രീതൊഴിലാളികളേയും മറ്റുള്ളവരേയും നമ്മുടെ രാഷ്ട്രീയവും അവകാശവും ബോധ്യപ്പെടുത്തി ശക്തമായി മുന്നോട്ട് പോകുക തന്നെ ചെയ്യും. ●

ലേഖനം ഷക്കീല യു.വി.



# ടി.കെ.പത്മിനി എന്ന ബഹുത്വം

*കുടുംബത്തിനുള്ളിലെ മാനിഫെസ്റ്റോകളിൽ അവയവമുള്ള പെൺജീവിതത്തെ ആവിഷ്ക്കരിച്ച മലയാളി സ്ത്രീകളിൽ ആദ്യസ്ഥാനം അർഹിക്കുന്നത് ടി.കെ.പത്മിനി തന്നെയാണ്.*

**കേ**രളത്തിലെ ചിത്രകലാചരിത്രത്തിൽ പുരുഷസാന്നിധ്യങ്ങളെ മറികടന്നുകൊണ്ട് പെൺസാന്നിധ്യമുണ്ടായതായി രേഖപ്പെടുത്തിക്കാണുന്നില്ല. മ്യൂറലുകളിൽ നിന്ന് അജ്ഞാത നാമധേയധാരികളായ ആണുങ്ങളെ കണ്ടെത്താൻ ശ്രമിക്കുകയും അതിൽ നിന്ന് രാജാ രവിവർമയിലേക്കെത്തുകയും പിന്നീട് അത് കെ.സി.എസ് പണിക്കരിലേക്കെത്തുന്നതുമാണ് കാണാൻ കഴിയുന്നത്. ഇത് കലാചരിത്രത്തിന്റെ മാത്രം പ്രത്യേകത അല്ല. എല്ലാ അടയാളപ്പെടുത്തലുകളിലും ഇതുണ്ട്.

മലയാളിയും അതു തന്നെയാണ് തുടരുന്നത്. ഇപ്പോൾ സ്ത്രീ ചരിത്രത്തിന്റെ ഭാഗമാകുന്നതുമായി ബന്ധപ്പെട്ട് മാറ്റം ഉണ്ടായിട്ടുണ്ട്. ലോകവ്യാപകമായി മാറ്റം അടയാളപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും ഇന്ന് ആ മാറ്റം കാണുന്നുണ്ട്. അതുകൊണ്ടുതന്നെ ചിത്രകലയുടെ കേരള ചരിത്രത്തിലും





ഒരു കാലഘട്ടത്തിന്റെ സ്ത്രീ അവസ്ഥകളും പുരുഷപക്ഷത്തിന്റെ നിയതമായ ലക്ഷ്യങ്ങളും തിരിച്ചറിയാൻ പത്മിനി ചിത്രങ്ങൾ പരിശോധിച്ചാൽ മതി.നായർ സമൂഹത്തിലെ പുരുഷന്റെ നിസംഗതയാൽ 'സെൽഫി'നെ മൾട്ടി സെൽഫാക്കി മാറ്റേണ്ടിവന്ന സ്ത്രീകളുടെ അവസ്ഥകൾ ഏറ്റവും നന്നായി രേഖപ്പെടുത്തുന്ന ഒരു മ്യൂസിയം കൂടിയാണ് ടി.കെ.പത്മിനിയുടെ രചനകൾ.

പുനർവായന ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാജാ രവിവർമയെപ്പോലെ, കെ.സി.എസ്. പണിക്കരെപ്പോലെ ഔന്നത്യത്തിനുടമയാണ് ചിത്രകാരി ടി.കെ.പത്മിനിയും എന്നു വന്നിരിക്കുന്നു.

മലപ്പുറം ജില്ലയിൽ പൊന്നാനിക്കടുത്ത് കാടഞ്ചേരിയിൽ നാല്പതുകളിൽ ജനിച്ച ടി.കെ.പത്മിനി,കൂട്ടുകുടുംബത്തിന്റെയും ദാരിദ്ര്യത്തിന്റെയും ഇടയിൽ നിന്നാണ് ചിത്രകലയിലേക്കെത്തുന്നത്. ഒരു യാഥാസ്ഥിതിക നായർ തറവാട്ടിൽ നിന്ന് ഒരു ചിത്രകാരി അക്കാലത്തുണ്ടാകുക അത്ര എളുപ്പമുള്ള കാര്യമല്ല. പൊന്നാനി എവിഎം സ്കൂളിൽ പഠിച്ച ഒരു വിദ്യാർത്ഥിനിക്ക് എത്ര ദൂരം പോകാൻ കഴിയും എന്നത് മലബാറിന്റെ പാരമ്പര്യത്തിൽ നമുക്ക് ഊഹിക്കാവുന്നതേയുള്ളു. മലബാറിന്റെ പാരമ്പര്യത്തിനും 'ചിട്ട'യ്ക്കുമിടയിൽ നിന്ന് നിള കടന്നു പോയ പത്മിനിയെ അതിനാൽ തന്നെ ചിത്രകലയിൽ വേറിട്ട രീതിയിൽ അടയാളപ്പെടുത്തേണ്ടതുണ്ട്.


മലബാറിന്റെ പാരമ്പര്യത്തിൽ നിന്നു കുതറിമാറി ചിത്രകാരിയാകുക, അല്ലെങ്കിൽ കലാകാരിയാകുക എന്നത് തന്നെ ഒരു സമരമാണ്. ആ സമരം വീടും നാടും കുലുക്കിയിട്ടില്ലെങ്കിലും മദ്രാസിലെ ചിത്രകലാസ്ഥാപനത്തിൽ അന്നെത്തുക എന്നതിൽ ഒരു സമരം ഇല്ലാതില്ല. കലാകാരി ആകണോ ബിരുദധാരിയായി ജോലി നോക്കണോ അല്ലെങ്കിൽ ഹൈസ്കൂൾ പഠനത്തിന് ശേഷം വിവാഹിതയാകണോ? ഈ സമ്മർദ്ദങ്ങളെ തരണം ചെയ്തുകൊണ്ടാണ് ടി.കെ.പത്മിനി ചിത്രകലയിലെത്തുന്നത്. ഇന്ന് ഒരു ചിത്രകാരിയാകുകയോ എഴുത്തുകാരിയാകുകയോ അത്ര പ്രയാസം നിറഞ്ഞ കാര്യമല്ല. അന്ന് ഒരു ബിരുദധാരിക്കുണ്ടായിരുന്ന ഔന്നത്യം ചിത്രകാരിക്കോ/കാരനോ ഉണ്ടായിരുന്നില്ല. ഇടശ്ശേരി എഴുതിയ പോലെ ' ഒരു സമയംകൊല്ലി' പരിപാടിയായിട്ടേ, ചിത്രകലയേയും എഴുത്തിനേയും കണ്ടിരുന്നുള്ളു. ആ സമയംകൊല്ലി പരിപാടിയിൽ ഒരു പെൺകുട്ടി ചെന്നുചേരുക അതിലും ദുസ്സഹമായ കാര്യമായിരുന്നു. വീടിനേയും പൊതുബോധത്തേയും തന്നെത്തന്നെയും മാറ്റിക്കൊണ്ടു മാത്രമെ അക്കാലത്ത് ചിത്രകാരി ആകാൻ കഴിയുമായിരുന്നുള്ളു. സ്ത്രീ സമൂഹത്തിൽ ആ ഒരു അട്ടിമറിയാണ് ടി.കെ.പത്മിനി



നടത്തിയത്. അതാണ് പുതിയ തലമുറയിലെ സ്ത്രീ ചിത്രകാരികൾക്ക് അവസരമൊരുക്കിയത്.

എം.ഗോവിന്ദൻ, ഇടശ്ശേരി, അബ്ദുറഹ്മാൻ എന്നിങ്ങനെ വിവിധ മേഖലയിലുള്ളവരുടെ വിത നടന്ന മണ്ണായതുകൊണ്ട് ടി.കെ.പത്മിനിയുടെ കാഴ്ചപ്പാടിന് സ്വതന്ത്രമായ ഒരു ആവിഷ്കാര പ്രവണത കാണാമായിരുന്നു. എന്നാൽ വ്യക്തിപരമായി അവരുടെ ആവിഷ്ക്കാരങ്ങൾ സ്ത്രീ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുന്നതാണ്. അകത്തും അടുക്കളയിലും കഴിയുന്ന സ്ത്രീകളിലും കാവുകളിലും അമ്പലത്തിലും പോകുന്ന സ്ത്രീകളിലും എല്ലാം; തന്നെക്കുറിച്ചുള്ള ചിന്ത വ്യാപരിക്കുന്നത് കാണാം. താൻ സ്ത്രീയായതുകൊണ്ട് തന്റെ സ്വാതന്ത്ര്യം എന്നത് ഒരഭയാർത്ഥിയുടെ സ്വാതന്ത്ര്യമാണെന്ന് അവരുടെ ചിത്രങ്ങൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെ അതിനെ മാറ്റി പണിയേണ്ടതുണ്ടെന്ന് അവർ മനസ്സിലാക്കുന്നു. സ്ത്രീയുടെ ഉള്ളിലുള്ള പുകയും നീറ്റലും മലയാള ചിത്രകലയിൽ ദൃഢമായി ആവിഷ്ക്കരിച്ച ചിത്രകാരികൾ ഇല്ലെന്ന് തന്നെ പറയാം. അവർക്കെല്ലാമായി ചുരുങ്ങിയ കാലംകൊണ്ട് ചിത്രം വരച്ചു തീർത്ത കലാകാരിയുടെ പരിണാമം നവോത്ഥാന കാലഘട്ടത്തിന്റെ പരിണാമം കൂടിയാണ്.

മലബാറിലെ നവോത്ഥാനമെന്നത് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടായതുകൊണ്ട് ടി.കെ.പത്മിനിയുടെ ആവിഷ്ക്കാരസമരത്തെ ആരും അത്ര കണ്ട് വിലയിരുത്തിയിട്ടില്ല. സമുദായ ഉന്നമനമോ ജാതീയ ഉന്നമനമോ ആണ് നവോത്ഥാനത്തിന്റെ സ്ഥാനങ്ങളിൽ 'പരിഷ്കാരം' എന്ന നിലയിൽ



പട്ടം പറത്തുന്ന പെൺകുട്ടി

**അവസാനത്തെ രചനയായ 'പട്ടം പറത്തുന്ന പെൺകുട്ടി'യിൽ കാണുന്ന ലോകബോധത്തിലേക്കുള്ള വരവ്, അത് വരുംതലമുറയിലെ സ്ത്രീകൾ സഞ്ചരിക്കേണ്ട ദൂരത്തെ കൂടി അടയാളപ്പെടുത്തുന്നുണ്ട്. പട്ടം എന്നത് ദൂരങ്ങളിലേക്ക് വ്യാപിക്കേണ്ട ചിന്തയുടെ രൂപമെന്ന നിലയിൽ സിംബലിക്കായി വായിച്ചാൽ പോലും തെറ്റുണ്ടെന്നു തോന്നുന്നില്ല.**

അടയാളപ്പെടുത്തി കാണുന്നത്. എന്നാൽ കുടുംബത്തിനുള്ളിലെ മാനിഫെസ്റ്റോകളിൽ അവയവമുള്ള പെൺജീവിതത്തെ ആവിഷ്ക്കരിച്ച മലയാളി സ്ത്രീകളിൽ ആദ്യസ്ഥാനം അർഹിക്കുന്നത് ടി.കെ.പത്മിനി തന്നെയാണ്. കിളിമാനൂർ കൊട്ടാരത്തിലെ റാണിമാർ വരച്ച പ്രകൃതി ചിത്രങ്ങളിലോ പകർപ്പ് ചിത്രങ്ങളിലോ ഈ അവയവവൈകാരിക ജീവിതത്തെ അടയാളപ്പെടുത്തി കാണുന്നില്ല. സാഹിത്യത്തിൽ ബി.സരസ്വതി അമ്മയോ മാധവിക്കുട്ടിയോ അടയാളപ്പെടുത്തുന്ന ഇത്തരം ജീവിതത്തെ എത്രയോ മുൻപ് ടി.കെ.പത്മിനി അടയാളപ്പെടുത്തുന്നതായി കാണാം. മാധവിക്കുട്ടിക്ക് ലഭ്യമായ പെൺപര്യായപ്പെടൽ ടി.കെ.പത്മിനിക്ക് കിട്ടിയില്ല. 'സാഹിത്യ'ത്തിന്റെ നക്ഷത്രഖചിതമായ ആകാശത്ത് ടി.കെ.പത്മിനി എന്ന നക്ഷത്രത്തെ കാണാതെ പോകുകയായിരുന്നു. സാഹിത്യത്തിന് കേരളത്തിലുള്ള സ്ഥാനമാണ് അതിനു കാരണമായത്. അതുകൊണ്ടുതന്നെ ടി.കെ.പത്മിനിയെ യഥാവണ്ണം അടയാളപ്പെടുത്താതെ പോയി. കാത്തകോഡ്‌വിറ്റ്സിനെപ്പോലെയോ ഫ്രിദാ കാലയേപ്പോലെയോ അതല്ലെങ്കിൽ അമൃത ഷെർഗിലിനെ പ്പോലെയോ വ്യത്യസ്തയായ മലയാളത്തിന്റെ ചിത്രകാരി തന്നെയാണ് ടി.കെ.പത്മിനി. അവരുടെ ഉള്ളടക്കങ്ങൾ, പ്രാദേശീയ ഭാവങ്ങൾ, സമൂഹത്തിലെ ഒറ്റപ്പെടലുകൾ എല്ലാം തന്നെ

മലയാളി സ്ത്രീകൾ തിരിച്ചറിയേണ്ടതാണ്.

ഒരു കാലഘട്ടത്തിന്റെ സ്ത്രീ അവസ്ഥകളും പുരുഷപക്ഷത്തിന്റെ നിയതമായ ലക്ഷ്യങ്ങളും തിരിച്ചറിയാൻ പത്മിനി ചിത്രങ്ങൾ പരിശോധിച്ചാൽ മതി.നായർ സമൂഹത്തിലെ പുരുഷന്റെ നിസംഗതയാൽ 'സെൽഫി'നെ മൾട്ടി സെൽഫാക്കി മാറ്റേണ്ടിവന്ന സ്ത്രീകളുടെ അവസ്ഥകൾ ഏറ്റവും നന്നായി രേഖപ്പെടുത്തുന്ന ഒരു മ്യൂസിയം കൂടിയാണ് ടി.കെ.പത്മിനിയുടെ രചനകൾ. അവസാനത്തെ രചനയായ 'പട്ടം പറത്തുന്ന പെൺകുട്ടി'യിൽ കാണുന്ന ലോകബോധത്തിലേക്കുള്ള വരവ്, അത് വരുംതലമുറയിലെ സ്ത്രീകൾ സഞ്ചരിക്കേണ്ട ദൂരത്തെ കൂടി അടയാളപ്പെടുത്തുന്നുണ്ട്. പട്ടം എന്നത് ദൂരങ്ങളിലേക്ക് വ്യാപിക്കേണ്ട ചിന്തയുടെ രൂപമെന്ന നിലയിൽ സിംബലിക്കായി വായിച്ചാൽ പോലും തെറ്റുണ്ടെന്നു തോന്നുന്നില്ല.

29 വയസ്സുകൊണ്ട് തീർത്ത ദൂരങ്ങൾ ആധുനിക മലയാള ചിത്രകലക്കുണ്ടായ നവീനമായ ദൂരങ്ങളാണ്. അതുകൊണ്ടുതന്നെ രവിവർമയെക്കുറിച്ച് പറയുമ്പോഴും കെ.സി.എസ് പണിക്കർ ആധുനിക മലയാള ചിത്രകലയുടെ ശില്പി എന്നു പറയുമ്പോഴും ടി.കെ.പത്മിനിയെക്കുറിച്ച് പറയേണ്ടി വരുന്നു. അവർ ആധുനിക ചിത്രകലയിൽ മലയാളത്തിലെ സ്ത്രീ പ്രാതിനിധ്യം തന്നെയാണെന്നുള്ള കാര്യത്തിൽ ഒരു തർക്കവും വേണ്ട. അവർ അടയാളമിട്ട അവരുടെ ചിത്രങ്ങൾ അക്കാലത്തെ അവരുടെ പെൺസമരങ്ങൾ തന്നെയാണ്. അത് അടയാളപ്പെടുത്താതെ സമകാലിക മലയാള ചിത്രകലയ്ക്ക് മുന്നോട്ടു പോകാൻ കഴിയില്ല. പുതിയ ചിത്രകാരികൾക്ക് ശരീരത്തിന്റെ 'യൂണിവോക്കോസിറ്റി' എന്താണെന്നു തെളിയിച്ച ചിത്രകാരിയാണ് ടി.കെ.പത്മിനി. അവരുടെ ചിത്രങ്ങൾ 'ഡിഫറൻസി'ലൂടെ പുതിയ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നു. സ്ത്രീ ഒരു 'ഇവന്റ്' ആണെന്നും കാലം ആ 'ഇവന്റി'നെ അടയാളപ്പെടുത്തുമ്പോൾ 'ബഹുത്വം' ഉണ്ടാകുന്നുവെന്നും ടി.കെ.പത്മിനി നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. ●

# ട്രാൻസ്ജെൻഡർ അവകാശങ്ങൾ പിന്തുണയ്ക്കുന്ന സ്വകാര്യവ്യക്തിയുടെ ബിൽ രാജ്യസഭ പാസ്സാക്കി

മുപ്പത്താറുവർഷങ്ങൾക്കു ശേഷമാണ് ഒരു സ്വകാര്യവ്യക്തി അവതരിപ്പിച്ച ബിൽ രാജ്യസഭ പാസ്സാക്കുന്നത്. ട്രാൻസ്ജെന്റർ വിഭാഗങ്ങൾക്ക് തുല്യ അവകാശങ്ങൾ അനുവദിക്കുന്നതായിരുന്നു ബിൽ. സ്ത്രീയായോ പുരുഷനായോ ജനിക്കുകയും എതിർലിംഗാവസ്ഥ അഭികാമ്യമെന്ന് അനുഭവപ്പെടുന്നവരുമാണ് ട്രാൻസ്ജെൻഡറുകൾ.

റൈറ്റ്സ് ഓഫ് ട്രാൻസ്ജെൻഡർ പേർസൺസ് ബിൽ 2014 പ്രകാരം ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു ദേശീയനയം രൂപീകരിക്കപ്പെടും. ഇവർക്കു നേരെ നിരന്തരമുണ്ടാകുന്ന അതിക്രമങ്ങൾ തടയാനുള്ള വ്യവസ്ഥകൾ ഇതിലുണ്ടാകും. ഒരു ദേശീയ ട്രാൻസ്ജെൻഡർ കമ്മീഷന്റേയും പ്രത്യേക ട്രാൻസ്ജെൻഡർ കോടതിയുടേയും രൂപീകരണം ഇതിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഡി.എം.കെയുടെ തിരുച്ചി ശിവ എന്ന അംഗം അവതരിപ്പിച്ച ബിൽ ആണ് രാജ്യസഭ ഐകകണ്ഠമായി പാസ്സാക്കിയത്.


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ
( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | :20രൂപ |
| വാർഷിക വരിസംഖ്യ | :200രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | :1000 രൂപ |

ലേഖനം

ഷർമ്മിള

# സ്ത്രീകൾ:
# പുനരവലോകനവും പുനഃസ്ഥാപനവും



**ലിം**ഗവിവേചനമോ ജാതിവിവേചനമോ ഇല്ലാത്ത സമത്വസുന്ദരമായ ഭാരതീയസംസ്കാരത്തിന്റെ നഷ്ടസ്മൃതികൾ കൊണ്ടാടുന്ന ഒരു തരം വിഭ്രാന്തി ഇപ്പോഴുണ്ട്. ഇത് ഏതുതരം സാംസ്കാരിക അപചയത്തിന്റെ പേരിൽ ആയാലും ആവർത്തിക്കപ്പെടുന്നത് സാർവ്വത്രികമായിരിക്കുകയാണ്. സ്മൃതിയിൽ ആണ്ടുപോയ ഒരു സുവർണയുഗത്തിന്റെ തീരാനഷ്ടമായി പുരാതനഭാരതസംസ്ക്കാരം എന്ന വികാരം ഇന്നും നിലകൊള്ളുന്നു. ഭൗതീകസുഖങ്ങളുടെ പിന്നാലെ പോകാത്ത; തീർത്തും ലളിതജീവിതം നയിക്കുകയും ആദ്ധ്യാത്മികതയുടെ പാരമ്യത്തിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന ഒരു ജനത. ആശ്രമധർമ്മങ്ങൾ അതേപടി അനുസരിക്കുകയും നിഷ്കാമകർമ്മത്തിൽ മാത്രം മുഴുകുകയും ചെയ്ത ജനതതി. ഇതാണ് മൂവായിരം വർഷങ്ങൾക്ക് മുൻപത്തെ ചരിത്രം. എങ്ങും ശാന്തത, സമത്വം, സ്ത്രീ സമൂഹത്തോടുള്ള ആദരവ്. നഷ്ടപ്പെട്ടുപോയ സുവർണയുഗത്തെക്കുറിച്ച് വിലപിക്കാതിരിക്കുന്നതെങ്ങിനെ? ഈ നഷ്ട സംസ്കാരത്തിന്റെ ഊർജ്ജിതമായ തെളിവുകളുമായി ഉപനിഷത്തുകൾ ഇവിടെ ഹിമവാനെപോലെ നിലകൊള്ളുന്നു. ലിംഗസമത്വത്തിനുദാഹരണമായി ഗാർഗ്ഗിയും മൈത്രേയിയും, ജാതിഭേദങ്ങൾക്കതീതയായി ജാബലയും ഇന്നും മിക്ക സ്ത്രീപക്ഷ ചർച്ചകളിലും ഉയർന്നു വരുന്ന പേരുകളാണ്. ഇങ്ങനെ എല്ലാ അർത്ഥത്തിലും സംശുദ്ധവും പ്രഭാപൂർണ്ണവുമായിരുന്ന ഒരു സംസ്കാരം അതിന്റെ അധഃപതനത്തിന്റെ ആഴത്തിലാണ് ഇപ്പോൾ ഉള്ളത്, ഇതിൽനിന്നും കരകേറാത്തിടത്തോളം കാലം ഡൽഹി കൂട്ടബലാൽസംഗം പോലുള്ള ദുരിതക്കയങ്ങളിൽ നിന്ന് മോചനമില്ലെന്നും ഈ 'സുവർണയുഗവാദികൾ' പറയുന്നു. ഇന്നത്തെ ഈ അധമസമൂഹത്തിന് കാരണമായി നിലനിൽക്കുന്ന സാംസ്കാരിക അപചയത്തിൽ നിന്ന് കരകയറണമെങ്കിൽ മറഞ്ഞുപോയ സംസ്കാരത്തിന്റെ സംശുദ്ധത വീണ്ടെടുക്കാതെ നിവൃത്തിയില്ലെന്നും ഇവർ വാദിക്കുന്നു. അങ്ങനെയെങ്കിൽ ഈ പറയുന്ന മേൻമ ആ കാലഘട്ടത്തിനുണ്ടായിരുന്നോയെന്ന് ആത്മാർത്ഥമായി പരിശോധിക്കേണ്ടത് അനിവാര്യമാണ്.

സ്ത്രീകൾക്ക് നേരെ നടക്കുന്ന ഓരോ അക്രമസംഭവങ്ങളിലും ഈ സാംസ്കാരിക അപചയത്തിന്റെ ആവർത്തനങ്ങൾ നമ്മൾ കേൾക്കാറുണ്ട്. അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടാലും 'ഇരയെ' അവളുടെ 'തെറ്റു'കളുടെ മാത്രം തടവുകാരിയായി ചിത്രീകരിക്കുകയാണ് പതിവ്. അതിലൂടെ ഒരു പുരുഷാധിപത്യസമൂഹം തങ്ങളുടെ 'ശരി'കളിലൂടെ എങ്ങനെ ആശ്വാസം കൊള്ളുന്നുവെന്നതിന് തെളിവാണ് India's daughter (ഇന്ത്യയുടെ മകൾ) എന്ന

ലെസ്‌ലി ഉഡ്‌വിൻ ഡോക്യുമെന്ററി. ചെയ്തപ്രവൃത്തിയിൽ, ഒരു തരിപോലും മനഃസാക്ഷിക്കുത്തില്ലാത്ത (ജയൽശിക്ഷയനുഭവിക്കുന്ന) പ്രതിയുടെ മാനസികവൈകൃതങ്ങളുടെ നേർക്കാഴ്ചകൾ ഞെട്ടിപ്പിക്കുന്നതാണ്. തനിക്ക് മാത്രം അവകാശപ്പെട്ട രാത്രിയിൽ ഇറങ്ങിനടക്കുന്നവളെ ഒരു പുരുഷൻ എന്ന നിലയിൽ തനിക്ക് പ്രാപിക്കാമെന്നും, തയ്യാറല്ലെങ്കിൽ ഏതറ്റം വരെ പോകാമെന്നും (മരണം ആണെങ്കിൽ പോലും) അയാൾ വെളിപ്പെടുത്തുന്നു. സമകാലികഭാരതം കണ്ട ഏറ്റവും പൈശാചികവും സമാനകളില്ലാത്തതുമായ ഒന്നാണ് (പുറംലോകമറിഞ്ഞതിൽ) ഈ സംഭവം. പീഡനകൊലപാതക പ്രതിക്ക് ജയിൽവാസത്തിനു ശേഷവും  മാനസാന്തരം ഉണ്ടായില്ലയെന്നത് നമ്മെ നിരാശരാക്കുന്നു. തന്നെ പോലെത്തന്നെ മജ്ജയും മാംസവും രക്തവും വികാരവും സ്വാതന്ത്ര്യബോധവും സർവ്വോപരി ആത്മബോധമുള്ളവരുമാണ് തന്റെ സഹചാരികളായ സ്ത്രീകൾ. ഈ വസ്തുത പാതി വരുന്ന പുരുഷന്മാർ തിരിച്ചറിയാതിരിക്കുന്നിടത്തോളം കാലം വലിയൊരു പ്രതീക്ഷയ്ക്ക് വക ഇല്ല. ഈ സത്യമാണ് ഉഡ്‌വിൻ പുറത്തു കൊണ്ടുവന്നത്. അത് മനസ്സിലാക്കാതെ, ഡോക്യുമെന്ററി നിരോധിക്കുക വഴി, ഇന്ത്യൻ സമൂഹത്തിലെ പുരുഷാധിപത്യപ്രവണതകളുടെ ജീർണ്ണാവസ്ഥയെ ശക്തിപ്പെടുത്തുകയാണ് സർക്കാർ ചെയ്തത്. സ്ത്രീയെ പുറത്തിറക്കാതെ വീട്ടിനുള്ളിൽ ഇരുത്തുന്ന ഈ 'സംരക്ഷിതമനോഭാവം' കാലാകാലങ്ങളായി എല്ലാ ഭരണകർത്താക്കളും

> തനിക്ക് മാത്രം അവകാശപ്പെട്ട രാത്രിയിൽ ഇറങ്ങിനടക്കുന്നവളെ ഒരു പുരുഷൻ എന്ന നിലയിൽ തനിക്ക് പ്രാപിക്കാമെന്നും, തയ്യാറല്ലെങ്കിൽ ഏതറ്റം വരെ പോകാമെന്നും (മരണം ആണെങ്കിൽ പോലും) അയാൾ വെളിപ്പെടുത്തുന്നു. സമകാലികഭാരതം കണ്ട ഏറ്റവും പൈശാചികവും സമാനകളില്ലാത്തതുമായ ഒന്നാണ് (പുറംലോകമറിഞ്ഞതിൽ) ഈ സംഭവം. പീഡനകൊലപാതക പ്രതിക്ക് ജയിൽവാസത്തിനു ശേഷവും  മാനസാന്തരവും ഉണ്ടായില്ലയെന്നത് നമ്മെ നിരാശരാക്കുന്നു.

കൊണ്ടുനടക്കുന്നുണ്ട് കാണാം. ഈ പിതൃമനോഭാവത്തിനെതിരെ സ്ത്രീകൾ നടത്തുന്ന കലാപങ്ങൾ 'സാംസ്കാരികത്തകർച്ച'യുടെ ഫലമായ കയ്യാങ്കളികളായി ചിത്രീകരിക്കാനാണ് മറുപക്ഷത്തിന് താൽപര്യം. സർവ്വകലാശാലകളിലും കോളേജ് ക്യാമ്പസുകളിലും 6 മണിക്ക്ശേഷം ലൈബ്രറി ഉപയോഗിക്കാനുള്ള സമരം, സ്വതന്ത്രമായ വസ്ത്രധാരണത്തിനായുള്ള സമരം (അധ്യാപികമാർ ചുരിദാർ ധരിക്കാൻ വേണ്ടി നടത്തിയിട്ടുള്ള പ്രത്യക്ഷവും പരോക്ഷവുമായുള്ള സമരങ്ങൾ), ചുംബനസമരം തുടങ്ങി ഏത് പ്രക്ഷോഭങ്ങളിലും സ്ത്രീകൾ സാംസ്കാരികധർമ്മം മറന്നുകളയുന്നതാണ് കാരണമെന്ന് മറുപക്ഷം വാദിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ, ഇത്രയേറെ കൊട്ടിഘോഷിക്കപ്പെടുന്ന തിളക്കമാർന്ന ഭാരതസംസ്കാരത്തിന്റെ അടയാളങ്ങൾ ഹിന്ദുമതത്തിലും ബുദ്ധമതത്തിലും ജൈനമതത്തിലും, ക്രിസ്തു-ഇസ്ലാം  മതങ്ങളിലും നിലനിന്നിരുന്നോയെന്ന് പരിശോധിക്കേണ്ടതാണ്. ഉപനിഷത്തുക്കളിൽ ഏറ്റവും പ്രാധാന്യമേറിയ ദശോപനിഷത്തുക്കളിൽ പേരോട് കൂടി പ്രത്യക്ഷപ്പെടുന്ന സ്ത്രീ കഥാപാത്രങ്ങൾ 6 പേർ മാത്രമാണ്. ഗാർഗ്ഗി, വചക്നവി, മൈത്രേയി, കാത്യായനി, ജാബല, ഉമ, ബാലികാവധുവായ അതീകി എന്നിവർ. ഇവരിൽ ഗാർഗ്ഗിയാണ് പൊതുസമൂഹത്തിൽ പ്രത്യക്ഷപ്പെട്ട് വാദപ്രതിവാദങ്ങളിലേർപ്പെടുന്ന ഒരേയൊരു സ്ത്രീ.

രണ്ടേ രണ്ടു പ്രാവശ്യമാണ് അവർ രംഗപ്രവേശം ചെയ്യുന്നത്. ബ്രഹ്മവാദസംവാദത്തിൽ, യാജ്ഞവൽക്യന്റെ ശക്തമായ താക്കീതിനുമുമ്പിൽ ഗാർഗ്ഗി മിണ്ടാതെയിരിക്കുകയും ചെയ്യുന്നു. ബൃഹദാരണ്യകോപനിഷത്തിലെ മൂന്നാം അധ്യായത്തിലെ ആറാം ബ്രഹ്മണത്തിലാണ് പ്രസിദ്ധമായ ഈ സംവാദം നടക്കുന്നത്. എട്ടാം ബ്രഹ്മണത്തിൽ യാജ്ഞവൽക്യനിൽ നിന്ന് തന്നെ അക്ഷരബ്രഹ്മതത്വം ഗ്രഹിക്കുകയും സംതൃപ്തയാവുകയും ചെയ്തുവെന്ന് ഉപനിഷദ് വിവരിക്കുന്നു.

യാജ്ഞവൽക്യന്റെ ഭാര്യമാരായി പുരുഷവിധേയത്വം പുലർത്തുന്ന തികച്ചും സാധാരണ സ്ത്രീ മാതൃകകളാണ്

മൈത്രേയിയും കാത്യായനിയും. കൃത്യമായ ആശ്രമധർമ്മങ്ങൾ പൂർത്തിയാക്കി വാനപ്രസ്ഥത്തിനൊരുങ്ങിനിൽക്കുന്ന യാജ്ഞവൽക്യനോട് മറുത്തൊരക്ഷരം പറയാതെ വീതം കിട്ടിയ സ്വത്തിൽ തൃപ്തയായി കാത്യായനിയെന്ന അൽപവിദ്യസ്തയായ വീട്ടമ്മ നിൽക്കുമ്പോൾ, മൈത്രേയി അൽപം കൂടി വ്യത്യസ്തയായി ധനസമ്പാദനത്തിന്റെ നശ്വരതയെക്കുറിച്ചും, പാരമാർത്ഥികതത്ത്വത്തിന്റെ അനശ്വരതയെകുറിച്ചും ഭർത്താവിനോട് സംശയനിവൃത്തി വരുത്തുന്നുണ്ട്. എന്നാൽ യാജ്ഞവൽക്യന്റെ ഉന്നതാശയങ്ങൾ പൂർണമായി ഗ്രഹിക്കാൻ സാധിക്കാത്ത, ആശയക്കുഴപ്പത്തിലായ മൈത്രേയിയെയാണ് അവസാനം കാണുന്നത്. (ബൃഹ.IV.5.15) ബ്രഹ്മജ്ഞാനി എന്നറിയപ്പെടുന്ന മൈത്രേയിയുടെ കഥ ഇതാണ്. തന്റെ വൈജ്ഞാനിക തൃഷ്ണകൾ ശരിയായി ശമിപ്പിക്കാൻ സാധിക്കാതെ ഗാർഹസ്ഥ്യത്തിൽ ഉഴലേണ്ടിവരുന്ന അനേകം സ്ത്രീകളിൽ ഒരാളായിട്ടല്ലാതെ, പുരാതനഭാരതീയ സംസ്കാരത്തിലെ ധിഷണാശക്തിയുള്ള സ്ത്രീ പ്രതീകമായി മൈത്രേയി ഇവി ടെയും മാറുന്നില്ല.

മറ്റൊരു കഥാപാത്രം ഹിമവാന്റെ പുത്രി, സുന്ദരിയായ ഉമയാണ്. ബ്രഹ്മത്തെ അന്വേഷിച്ചുള്ള ദേവന്മാരുടെ യാത്രയിൽ, ഇന്ദ്രന്, ബ്രഹ്മദർശനം സാധ്യമാക്കുന്നത് ഉമയാണ്. ബ്രഹ്മത്തെ ആദ്യം അറിഞ്ഞ ആൾ എന്ന നിലയിൽ, ഇന്ദ്രന് രാജസ്ഥാനം ലഭിക്കുമ്പോൾ, ബ്രഹ്മത്തെ ഇന്ദ്രന് കാണിച്ചുകൊടുത്ത ഉമയ്ക്ക് യാതൊരു വിശേഷണവും ഉപനിഷദ് നൽകുന്നില്ല. ഉള്ളത് സുന്ദരിപട്ടം മാത്രം. ജബാലയാണ് മറ്റൊരു കഥാപാത്രം. ശൂദ്രസ്ത്രീ ആണെങ്കിലും തന്റെ പുത്രനെ വേദാധ്യയനത്തിനായി വിടുകയും പുത്രനായ സത്യകാമൻ ഗുരുവിന്റെ അടുത്തെത്തുകയും ചെയ്യുന്നു. തന്റെ പിതാവാരാണ് എന്ന ചോദ്യം അമ്മയോട് ആരായുന്നു. തനിക്കും അതറിയില്ലെന്നും നീ ജാബാലയുടെ പുത്രനാണ് എന്ന് ഗുരുവിനോട് പറയാൻ ഉപദേശിക്കുകയും ചെയ്യുന്നു. അതേപടി മറുപടി പറഞ്ഞ സത്യകാമന്റെ സത്യസന്ധതയിൽ സംപ്രീതനായി ഗുരു അവൻ 'ബ്രാഹ്മണപുത്രൻ' തന്നെയായിരിക്കും എന്ന് ഉറപ്പിക്കുന്നു. ഇവിടെയും ജാബാല രക്ഷാകർതൃസ്ഥാനത്ത് നിന്നും തഴയപ്പെട്ട് പിതൃകുലത്തിന്റെ പ്രാധാന്യത്തി ലേക്കെത്തുന്നു. യാജ്ഞവൽക്യന്റെ ഭാര്യമാരായി പുരുഷവിധേയത്വം പുലർത്തുന്ന തികച്ചും സാധാരണ സ്ത്രീ മാതൃകകൾ.

തനിക്ക് കിട്ടിയ ഉച്ഛിഷ്ടഭക്ഷണം കുറച്ച് മാത്രം കഴിച്ച് ബാക്കി പിറ്റേന്ന് ഭർത്താവിനു വേണ്ടി കരുതിവെക്കുന്ന ഉത്തമഭാര്യയായി അതീകി എന്ന ബാലികാവധുവും രംഗത്തെത്തുന്നു.

ഈ കഥാപാത്രങ്ങളിൽ നിന്നും മറ്റ് ഉപനിഷദ്കഥാസന്ദർഭങ്ങളിൽ നിന്നും ലിംഗജാതി വിവേചനങ്ങൾ ശക്തമായി നിലനിന്നിരുന്ന ഒരു കാലഘട്ടമായിരുന്നു അതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഉപനിഷത്തുക്കളെ, വ്യാഖ്യാതാക്കൾ സ്വന്തം ഇഛപ്രകാരം വിശദീകരിക്കുന്നു. ഉദാഹരണത്തിന് ഛാന്ദോഗ്യത്തിലെ ഉഷസ്തിയുടെ ബാലികാവധുവിനെ പറ്റിയുള്ള പരാമർശത്തെ മാത്രം ആസ്പദമാക്കി ശൈശവവിവാഹം പ്രചരിച്ചിരുന്നുവെന്ന സംവാദത്തിലേക്കെടുത്ത് ചാടരുതെന്ന് എം. ലീലാവതി മുന്നറിയിപ്പ് നൽകുന്നു.(ഭാരത സ്ത്രീ–ജ190). എന്നാൽ ഗാർഗ്ഗിയെന്ന ഒരേയൊരു ബ്രഹ്മവാദിനിയിൽ ഈ യുക്തി നേരെ തിരിച്ചും പ്രയോഗിക്കുന്നു. ഗാർഗ്ഗി 'ഒറ്റപ്പെട്ട' സംഭവമാണെന്ന് പറയുന്നവരോട് 'ആരും ശൂന്യതയിൽ നിന്ന് പൊട്ടിമുളക്കുന്നില്ല' എന്നും, 'വേദാധ്യയനത്തിന് അനുവാദവും അനുകൂല സാഹചര്യങ്ങളും ഉണ്ടായിരുന്ന സ്ത്രികൾ ആയിരക്കണക്കിനല്ലെങ്കിൽ നൂറുകണക്കിനെങ്കിലും ഉണ്ടായിരുന്നാലെ അവരിൽ നിന്ന് ഒരു ഗാർഗ്ഗി ഉയർന്നു വരികയുള്ളു(ഭാരതസ്ത്രീ.190,191) എന്നും ശക്തിയുക്തം വാദിക്കുന്നു. ഇതിലെ വൈരുദ്ധ്യം ശ്രദ്ധിക്കുക.

ഉപനിഷത്തുക്കളുടെ സൂക്ഷ്മവായനയിൽ സാന്നിധ്യത്തേക്കാളേറെ സ്ത്രീകളുടെ അസാന്നിധ്യമാണ് ശ്രദ്ധയിൽപെടുക. സ്ത്രീപക്ഷാധിഷ്ഠിതമായ ഒരു ചോദ്യം പോലും അവയിൽ കാണാൻ സാധിക്കയില്ല. ഉപനിഷത്തുക്കൾ ലിംഗാതീതമാണെന്ന വാദം അംഗീകരിക്കുകയാണെങ്കിൽ, സ്ത്രീയെ കൈമാറ്റം ചെയ്യപ്പെടേണ്ട വസ്തുവായി ചിത്രീകരിക്കുകയും, പുരുഷാധിപത്യമൂല്യങ്ങൾക്ക നുസരിച്ചുമാത്രം പ്രവർത്തിക്കേണ്ടവളായ നിരവധി കഥാസന്ദർഭങ്ങൾ ചിത്രീകരിക്കപ്പെട്ടതെങ്ങനെയെന്ന് മറുചോദ്യം ചോദിക്കേണ്ടി വരും. സൃഷ്ടികർമ്മങ്ങളിൽ നിന്നും, രക്ഷാകർതൃസ്ഥാനങ്ങളിൽ നിന്നും സ്ത്രീകൾ തഴയപ്പെടുന്നതും കാണാം. സ്ത്രീശരീരം സ്വകാര്യസ്വത്തായി കരുതുന്ന പുരുഷാധിപത്യ പ്രത്യയ ശാസ്ത്രത്തിൽ നിന്ന് ഒട്ടും വിഭിന്നമായിരുന്നില്ല ഉപനിഷദ് കാലഘട്ടവും. 'തന്റെ ആഗ്രഹങ്ങൾക്ക് വഴങ്ങിയില്ലെങ്കിൽ സമ്മാനങ്ങൾ

കൊണ്ട് അവളെ വാങ്ങാൻ ശ്രമിക്കുക. എന്നിട്ടും അനുസരിക്കുന്നില്ലെങ്കിൽ അവളെ വടിയെടുത്തു തല്ലുകയും സ്വതഃസിദ്ധമായ പുരുഷപ്രൗഢിയാൽ അവളുടെ വ്യക്തിപ്രഭാവത്തെ കീഴടക്കിയതായി പ്രഖ്യാപിക്കുകയും ചെയ്യുക' എന്ന ഉപനിഷദ് വാക്യം നോക്കുക. സ്ത്രീയുടെ സമ്മതമില്ലാതെ അവളുടെ ശരീരത്തിൽ കരബലംകൊണ്ടുള്ള അധീശപ്രഖ്യാപനമാണിവിടെ കാണാനാവുന്നത്. സ്ത്രീക്കും പുരുഷനും തുല്ല്യപങ്കാളിത്തമുള്ള ലൈംഗീകബന്ധത്തിൽ പോലും സ്ത്രീയുടെ ഭാഗം വിധേയത്വത്തിന്റേതു മാത്രമാണ്. 'വേടന്റെ വിഷഅമ്പേറ്റ മാനിനെപോലെ നീയെന്റെ നിയന്ത്രണത്തിൽ വരികയെന്ന' ഉപനിഷദ്മന്ത്രം സ്ത്രീയെ വെറും ഉപഭോഗവസ്തുമാത്രമായി കാണുന്നതിന്റെ ഉദാഹരണമാണ്.

ബൃഹദാരണ്യകം(VI47). രസകരമായ കാര്യം ഉപനിഷദ് പരിഭാഷയിൽ പല പ്രഗത്ഭരും ഈ മന്ത്രം പരിഭാഷപ്പെടുത്താതെ വിട്ടുകളയുന്നത് കാണാം. ഡോ.രാധാകൃഷ്ണന്റെ പരിഭാഷയിൽ ഇതേകുറിച്ച് മൗനം പാലിക്കുന്നു. സ്വാമി മാധവനാനന്ദ ഈ ബ്രാഹ്മണത്തിലെ 9,10,11 മന്ത്രങ്ങൾ വിട്ടുകളയുന്നു. പ്രൊഫ. ജി.ബാലകൃഷ്ണൻ നായർ 'മുറിവേറ്റ മാൻപേടയെപോലെ ഈ സ്ത്രീയെ എന്നിൽ അനുരക്തയാക്കൂ' എന്ന അസംബന്ധപരിഭാഷ നടത്തുന്നു. എന്നാൽ സ്വാമി നിഖിലാനന്ദ ധൈര്യപൂർവ്വം 'വിഷഅമ്പേറ്റ മാനിനെപോലെ ഈ സ്ത്രീയെ എന്റെ നിയന്ത്രണത്തിൽ കൊണ്ടുവരൂ'എന്ന യഥാർത്ഥഅർത്ഥത്തിൽ പരിഭാഷപ്പെടുത്തുന്നു. ഇങ്ങിനെ ഓരോരുത്തരുടെ മനോധർമ്മം അനുസരിച്ച് പരിഭാഷകൾക്ക് നിറം മാറുന്നത് കാണാം.

സ്ത്രീയുടെ ചിന്തകളും വികാരങ്ങളും വ്യക്തിത്വവും തമസ്ക്കരിക്കപ്പെടുകയാണിവിടെ. തെരഞ്ഞെടുപ്പിൽ സ്ത്രീക്ക് സ്വാതന്ത്ര്യമില്ല. അവൾ 'തെരഞ്ഞെടുക്കപ്പെടേണ്ടവൾ'മാത്രം എന്നുവരുന്നു.

ഈ മനോഭാവത്തിൽ നിന്നുള്ള ഗുണപരമായ ഒരു വ്യത്യാസവും മറ്റുമതങ്ങൾക്ക് അവകാശപ്പെടാനാകില്ല. ബുദ്ധമതത്തിൽ, ഭിക്ഷുണിയെ രണ്ടാംതരക്കാരിയാക്കിയ ബുദ്ധൻ, സ്ത്രീയുടെ ദാസ്യവൃത്തിക്ക് ഏറ്റവും ശ്രേഷ്ഠത നൽകുന്നു. ഭാര്യ ദാസിയായിരിക്കണം; അല്ലെങ്കിൽ ദാസിയായ ഭാര്യയാണ് നല്ലത് എന്ന് ബുദ്ധൻ പറയുന്നു. കനകത്തേയും പ്രശസ്തിയേയും പോലെ കാമിനിയും സാർവ്വത്രീകബന്ധനമാണെന്ന് ബുദ്ധൻ വിശ്വസിച്ചു. പ്രായമേറിയ ഭിക്ഷുണികൾ പോലും തന്നേക്കാൾ ഇളയ ഭിക്ഷുക്കളെ നമസ്ക്കരിക്കണമെന്നും ബുദ്ധൻ നിഷ്കർഷിച്ചിരുന്നു.

ജൈനമതവും ഈ പാതയിൽ നിന്ന് വിഭിന്നമല്ല. വൃദ്ധയായ സന്യാസിനിക്ക്, പ്രായം നന്നേ കുറഞ്ഞ സന്യാസിയെ ഗുരുവായി സ്വീകരിക്കാമെന്ന് ജൈനമതം അനുശാസിക്കുന്നു. എന്നാൽ തിരിച്ച് ഇപ്രകാരം സാധ്യമല്ല. പുരുഷൻ, സ്ത്രീയേക്കാൾ ശ്രേഷ്ഠനാണെന്ന ചിന്തതന്നെയാണ് ഇതിനാധാരം. കൂടാതെ, മതഗ്രന്ഥങ്ങളിലെ വിഷമമേറിയ ചില അദ്ധ്യായങ്ങൾ സ്ത്രീകൾക്ക് ഗ്രാഹ്യമല്ലെന്ന കാരണത്താൽ അത് പഠിക്കാനുള്ള അവകാശവും അവർക്ക് നിഷേധിച്ചിരുന്നു. എന്നാൽ 24 തീർത്ഥങ്കരന്മാരിൽ ഒരാൾ സ്ത്രീ ആയിരുന്നുവെന്ന് ജൈനമതവിഭാഗമായ ശ്വേതാംബരന്മാർ വാദിക്കുന്നു. കൈവല്യ പ്രാപ്തിക്ക് സ്ത്രീയ്ക്കും അർഹതയുണ്ടെന്ന് സമ്മതിക്കുമ്പോൾതന്നെ സ്ത്രീയുടെ സ്ഥാനം പുരുഷന്റേതിനേക്കാൾ താഴെയാണെന്ന കാര്യത്തിൽ ദിഗംബരന്മാരും ശ്വേതാംബരന്മാരും ഒന്നിക്കുന്നു.

ക്രിസ്തുമതത്തിലും സ്ത്രീവിരുദ്ധതയുടെ അടയാളങ്ങൾ ധാരാളമായി ദർശിക്കാവുന്നതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും കൂടിയിരിക്കുന്ന പ്രാർത്ഥനയിൽ സ്ത്രീ അപ്രസക്തയാവുന്നു. ആദത്തെ പ്രലോഭനത്തിൽ വീഴ്ത്തി ചതിച്ച ഹവ്വയാണ് ബൈബിളിലെ സ്ത്രീപ്രതീകം. സ്ത്രീയുടെ ശിരസ്സ് ഭർത്താവാണെന്നും, കുടുംബത്തെ വേണ്ടവിധം പരിചരിക്കുന്നവളായി അവൾ നിലകൊള്ളണമെന്നും മതം പറയുന്നു.

ഇസ്ലാം മതത്തിലാകട്ടെ, മനുഷ്യൻ എന്ന നിലയിൽ തുല്യജീവിയായി സ്ത്രീ അംഗീകരിക്കപ്പെടുന്നില്ല. ഒരേസമയം ഒന്നിലധികം സ്ത്രീകളെ പുരുഷന് ഭാര്യമാരാക്കാം. എന്നാൽ ഈ സൗജന്യം സ്ത്രീകൾക്കില്ല അവൾ എത്ര സമ്പന്നയായാലും. ഇംഗിതത്തിന് വഴങ്ങാത്ത സ്ത്രീകളെ മർദ്ദിക്കാൻ (ഉപനിഷത്തുക്കളെപോലെ) ഖുർ–ആനും അനുവാദം നൽകുന്നു. പുരുഷന്റെ തലാഖിന് തുല്ല്യമായ ഫസ്ഖിന് ഉള്ള അവകാശം ഖുർ–ആൻ കൊടുക്കുന്നുണ്ട്. അത് എത്രത്തോളം പ്രായോഗികമാണെന്ന് സാമാന്യബുദ്ധിയ്ക്കനുസരിച്ച് കണ്ടെത്താവുന്നതാണ്. പുരുഷാധിപത്യപ്രക്രിയയിൽ ആ അവകാശവും തമസ്ക്കരിക്കപ്പെടുന്നു. പുരുഷന് വാഗ്ദാനം ചെയ്യപ്പെടുന്ന സ്വർഗ്ഗത്തിൽ മറ്റ് സുഖഭോഗങ്ങൾക്കൊപ്പം അവന് നൽകപ്പെടുന്നത് വിശാലാക്ഷികളായ തരുണികളെയാണ്. കൈമാറ്റം ചെയ്യപ്പെടേണ്ട വസ്തുവായിട്ടാണ് സ്ത്രീയെ ഇവിടെയും ചിത്രീകരിച്ചിരിക്കുന്നത് .

സമാനഉദാഹരണം കഠോപനിഷത്തിലും ഉണ്ട്. സത്യാർത്ഥിയായ നചികേതസ്സിനെ പിന്തിരിപ്പിക്കാൻ യമൻ വാഗ്ദാനം ചെയ്യുന്നത് അപ്സരസുകളെയാണ്.

സ്ത്രീവിരുദ്ധത കൃത്യമായി പ്രതിനിധാനം ചെയ്യുന്ന നിരവധി ഉദാഹരണങ്ങൾ എല്ലാ മതങ്ങളിലും ഇനിയും കണ്ടെത്താവുന്നതാണ്. സൂക്ഷ്മഅപഗ്രഥനത്തിലൂടെ നിരവധി അദ്ധ്യായങ്ങൾ തന്നെ രചിക്കാനും കഴിയും

വേദകാലഘട്ടങ്ങളിൽ സ്ത്രീയുടെ അവസ്ഥ, സ്ഥിതി, സ്ഥാനം എന്നിവ ഉപനിഷദ്കാലഘട്ടത്തേക്കാൾ ഒരു പടി മുന്നിലാണെന്ന് വിശ്വവാരാ, അപാല തുടങ്ങിയ ഋഗ്വേദത്തിലെ ഋഷികമാരെ മുൻനിർത്തി പറയാമെങ്കിലും ലോപമുദ്ര, കാക്ഷീവതിഘോഷ തുടങ്ങിയ മറ്റ് സ്ത്രീ കഥാപാത്രങ്ങളുടെ സൂക്ഷ്മപഠനങ്ങളിൽ ധാരാളം സ്ത്രീവിരുദ്ധ നിലപാടുകൾ ആവർത്തിക്കുന്നത് കാണാം. സ്ഥലപരിമിതിമൂലം വിശദമായ ചർച്ചകൾ മാറ്റിവെക്കുന്നു. ഇവിടെ എടുത്തുപറയേണ്ട കാര്യം 'സുവർണയുഗ'സങ്കല്പങ്ങൾ എല്ലാകാലത്തും നിലനിന്നിരുന്നുവെന്നതാണ്. 21-ാം നൂറ്റാണ്ടിൽ നിന്നുകൊണ്ട് ഉപനിഷദ് കാലഘട്ടം സുവർണയുഗമായിരുന്നുവെന്ന് പറയുമ്പോൾ, ഉപനിഷത്താവട്ടെ അവർക്ക് നഷ്ടപ്പെട്ട സുവർണപ്രതാപകാലത്തെയോർത്ത് വിലപിക്കുന്നു. കേനത്തിലും ബൃഹദാരണ്യകത്തിലും ഇതിനുദാഹരണങ്ങൾ ധാരാളം കാണാം. എന്നാൽ ഏറെ പ്രകീർത്തിക്കുന്ന വേദകാലഘട്ടത്തിലും ഈ വിലാപത്തിന്റെ ആവർത്തനം WA. ഋഗ്വേദം( 4). അങ്ങനെ വരുമ്പോൾ 'സുവർണയുഗസങ്കൽപം' തേടി പുറകോട്ട് പോകുന്ന യാത്ര ഒരു മരീചിക മാത്രമായി മാറുന്നുവെന്നതാണ് യാഥാർത്ഥ്യം.

ക്രിസ്തുവിനു മൂവായിരം കൊല്ലങ്ങൾക്ക് മുൻപ്തൊട്ട് ഇതുവരെയുള്ള സ്ത്രീ ജീവിതചരിത്രങ്ങൾ പരിശോധിച്ചാൽ ഇന്നുള്ളതിനേക്കാൾ പരിതാപകരമായിരുന്നു സ്ത്രീയവസ്ഥ എന്നു മനസ്സിലാക്കാം. സ്വന്തമായ അഭിപ്രായങ്ങളോ താൽപര്യങ്ങളോ ഇല്ലാതെ പുരുഷാധിപത്യ വ്യവസ്ഥിതിയുടെ കൃത്യമായ ചട്ടക്കൂടിൽ, പാതിവ്രത്യം, കന്യകാത്വം എന്നീ സങ്കൽപങ്ങളിൽ മെനഞ്ഞ അജ്ഞതയുടെ പ്രതീകമായും കൈമാറ്റം ചെയ്യപ്പെടേണ്ട ഉപഭോഗവസ്തുവായും ഭാരതീയ സംസ്കാരത്തിലെ സ്ത്രീ ജീവിതങ്ങൾ നിലനിന്നിരുന്നു എന്ന് കാണാം. പുരുഷപ്രത്യയശാസ്ത്രങ്ങളും പുരുഷാധിപത്യസമൂഹവും കൂടി സ്ത്രീയെ മുഖ്യധാരയിലേക്ക് അടുപ്പിക്കാതെ അരികിലേക്ക് മാറ്റിയതെങ്ങനെയെന്ന് എല്ലാ മതങ്ങളിൽ നിന്നും വ്യക്തമാണ്. ഇന്നത്തെ സമൂഹം സ്ത്രീയെ വ്യക്തിയെന്ന നിലയിൽ പരിഗണിക്കുന്നതിനേക്കാൾ എത്രയോ നീചവും വിവേചനപരവുമായിട്ടാണ് പുരാതനഭാരതത്തിൽ സ്ത്രീകൾ പരിഗണിക്കപ്പെട്ടത് എന്ന് മതഗ്രന്ഥങ്ങളുടെ സൂക്ഷ്മവായന വെളിപ്പെടുത്തുന്നു. ഭാരതീയ സംസ്കാരത്തിലേക്കുള്ള മടങ്ങിപ്പോക്കാണ് ഇന്നത്തെ സാംസ്കാരിക അപചയത്തിനു പരിഹാരം എന്നു പറയുന്നവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്നുള്ളതിനേക്കാൾ പലമടങ്ങ് ശോചനീയമായിരുന്നു സ്ത്രീയോടുള്ള വിവേചനം എന്ന യാഥാർത്ഥ്യം കാണാതെയും പോകരുത്. ●

## പുരുഷാധിപത്യത്തിനെതിരെ താലിപൊട്ടിക്കൽ സമരം

മദിരാശി ഹൈ
രുന്നതിന് മണിക്കൂ
ഇരുപത്തിയൊന്നോ
ടെ താലികൾ പൊട്ടി
യ്ക്കരുടെ അനുഭാവി
ഇങ്ങനെ പ്രതീകാത്മ
ന്ദു വർഗ്ഗീയ കക്ഷികൾ
സ് അനുമതി നിഷേ
ക്കോടതി ജഡ്ജി ആ
പേരിൽ അനുവാദം ന
ചടങ്ങ് നടന്ന് അധികം
പ്പീൽ പരിഗണിച്ച് മുൻ



ക്കോടതിയുടെ നിരോധനം വ
റുകൾ മുമ്പേ ചെന്നൈയിലെ
ളം വരുന്ന സ്ത്രീകൾ തങ്ങളു
ച്ചു. പെരിയോർ രാമസ്വാമി നാ
കളായ ദ്രാവിഡർ കഴകമാണ്
കമായി പ്രതികരിച്ചത്. ചില ഹി
എതിർത്തതിന്റെ പേരിൽ പേലീ
ധിച്ചെങ്കിലും മദിരാശി ഹൈ
വിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ
ൽകുകയായിരുന്നു. എന്നാൽ
വൈകാതെ സർക്കാറിന്റെ അ
തീരുമാനം ഹൈക്കോടതി റ
ദ്ദാക്കി. താലിയുടെ സാംഗത്യം ചർച്ച ചെയ്ത ഒരു ടെലിവിഷൻ ചാനലിനു നേരെ നാടൻബോംബാക്രമണമുണ്ടായതിനെത്തുടർന്നായിരുന്നു ഈ പ്രതിഷേധത്തിന് വഴിയൊരുങ്ങിയത്.

ശാസ്ത്രം

# ആഗോളതാപനം പുതിയ മുന്നറിയിപ്പുകൾ



സീമ ശ്രീലയം

താപമാപിനികളിൽ ചൂട് കുതിച്ചുയർന്നുകൊണ്ടേയിരിക്കുന്നു. കൊടുംചൂടും സൂര്യാഘാതവും വേനൽ തുടങ്ങുമ്പോഴേ കുഞ്ഞു നീർച്ചാലുകളായി മാറുന്ന നദിയുമൊക്കെ നമുക്കിന്ന് സാധാരണ സംഭവമായി മാറിക്കഴിഞ്ഞു. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനങ്ങളുമൊക്കെ ചൂടുള്ള ചർച്ചാവിഷയമായിത്തുടങ്ങിയിട്ട് നാളേറെയായി. ആഗോളതാപനത്തിന്റെ കാരണങ്ങളിൽ പകുതിയും മനുഷ്യന്റെ തന്നെ സംഭാവനകളാണെന്ന് പഠനങ്ങൾ എന്നേ അപായമണികൾ മുഴക്കിക്കഴിഞ്ഞു. ഇപ്പോഴിതാ ഐ.പി.സി.സി (ഇന്റർഗവണ്മെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്) യുടെ പുതിയ പഠനറിപ്പോർട്ടും ഇതടിവരയിടുന്നു. .

അടുത്ത നൂറ്റാണ്ടോടെ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം നിർത്തണം എന്നതാണ് ഐ.പി.സി.സി യുടെ അഞ്ചാം റിപ്പോർട്ടിലെ ഒരു പ്രധാന മുന്നറിയിപ്പ്. പെട്രോളിയം ,പ്രകൃതിവാതകം, കൽക്കരി തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം ഇന്നത്തെ രീതിയിൽ തുടർന്നാൽ 2100 ഓടെ ആഗോളതാപനില അഞ്ച് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ഈ നൂറ്റാണ്ടിന്റെ പകുതിയോടെ വൈദ്യുതോല്പാദനത്തിന്റെ വലിയൊരു ഭാഗം കാർബൺ വിമുക്ത മാർഗ്ഗങ്ങളിലേക്ക് ചുവടു മാറ്റേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ട് അടിവരയിടുന്നു. ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളൽ 2050 ഓടെ നാല്പത് ശതമാനമെങ്കിലും കുറച്ചാലേ ആഗോളതാപവർധന രണ്ട് ഡിഗ്രി സെൽഷ്യസ് ആയി കുറയ്ക്കാൻ കഴിയൂ. കാർബൺ നിർഗ്ഗമനം വളരെക്കുറഞ്ഞ , ഊർജക്ഷമതയേറിയ വൈദ്യുത പദ്ധതികളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും അതിൽ കൂടുതൽ മുതൽ മുടക്കേണ്ടതും അത്യാവശ്യമാണ്.

വ്യാവസായിക വിപ്ലവത്തിനു മുൻപ് അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 278 പിപിഎം (പാർട്സ് പെർ മില്ല്യൻ) ആയിരുന്നെങ്കിൽ ഇന്നത് 400 പിപിഎമ്മിലെത്തിക്കഴിഞ്ഞു. 2013 മെയ് മാസത്തിൽ സ്ക്രിപ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫിയിലെയും നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷനിലെയും ഗവേഷകരാണ് റെക്കോർഡ് കാർബൺ ഡൈ ഓക്സൈഡ് തോതായ 400 പിപിഎം മൗനലോവയിൽ രേഖപ്പെടുത്തിയത്. കഴിഞ്ഞ എട്ടുലക്ഷം വർഷങ്ങളിലെ കണക്ക് പരിശോധിക്കുമ്പോൾ അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ തോതിൽ റെക്കോർഡ് വർധനവുണ്ടായ വർഷമാണ് കഴിഞ്ഞു പോയത്. 1950 കൾക്ക് ശേഷമാണ് ആഗോള താപനിലയിൽ ഗുരുതരമായ വ്യതിയാനങ്ങളുണ്ടായിത്തുടങ്ങിയത്. ചൂടുകൂടിയ ദിനരാത്രങ്ങളുടെ എണ്ണം വർദ്ധിച്ചു. 1980 കൾ മുതലാണ് താപനം ഉച്ചസ്ഥായിയിൽ എത്താൻ തുടങ്ങിയത്. കഴിഞ്ഞ നാലു ദശകങ്ങളിലായി സമുദ്ര താപനിലയും ഓരോ പത്ത് വർഷം കൂടുമ്പോഴും 0.11 ഡിഗ്രി സെൽഷ്യസ് തോതിൽ ഉയരുന്നുണ്ട്.സ്വീഡിഷ് ശാസ്ത്രജ്ഞനായ സ്വാന്റെ അറീനിയസ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷ താപവർധനവിനു കാരണമാവുമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അമേരിക്കൻ ശാസ്ത്രജ്ഞനായ ചാൾസ് കീലിങ് ആവട്ടെ കീലിങ് കർവിലൂടെ അന്തരീക്ഷ കാർബൺ ഡൈ ഓക്സൈഡിന്റെ കാലാനുസൃതമായ വർധനവിന്റെ വ്യക്തമായ ചിത്രവും ലഭ്യമാക്കി.

ആഗോള താപവർധനവിനു കാരണമാവുന്ന വാതകങ്ങളെ ഹരിതഗൃഹവാതകങ്ങൾ (ഗ്രീൻഹൗസ് വാതകങ്ങൾ) എന്നാണ് വിളിക്കുന്നത്. കാർബൺ ഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ക്ലോറോഫ്ലൂറോ കാർബണുകൾ, നീരാവി, സൾഫർ ഹെക്സാഫ്ലൂറൈഡ് എന്നിവയൊക്കെ ഹരിതഗൃഹ വാതകങ്ങളാണ്. ഇത്തരം വാതകങ്ങൾ ഒരു പുതപ്പ് പോലെ പ്രവർത്തിച്ച് ഭൂമിയിൽ നിന്നു

പ്രതിഫലിച്ച് പുറത്തേക്ക് പോവുന്ന സൂര്യപ്രകാശത്തിലെ താപവികിരണങ്ങളെ തടഞ്ഞു നിർത്തും. ഇത് താപവർദ്ധനവിന് വഴിയൊരുക്കുന്നു. ഇപ്പോൾ ആഗോള താപനത്തിലെ ഏറ്റവും പ്രധാന വില്ലൻ കാർബൺ ഡൈ ഓക്സൈഡ് ആണ്. മീഥേൻ, നൈട്രസ് ഓക്സൈഡ് പോലുള്ള ഹരിതഗൃഹ വാതകങ്ങളുടെ അളവും അന്തരീക്ഷത്തിൽ വർധിക്കുന്നതായി പഠനങ്ങൾ മുന്നറിയിപ്പ് നൽകുന്നുണ്ട്.

ആഗോളതാപന ഫലമായി മഞ്ഞുരുകിത്തീർന്നുകൊണ്ടിരിക്കുന്നു. മരുഭൂമികൾ വിസ്തൃതമാവുന്നു. ആവാസ വ്യവസ്ഥകളും ജൈവ വൈവിധ്യവും നാശത്തിന്റെ വക്കിലാണ്. ലോകത്തിന്റെ പലഭാഗത്തും കൊടും വരൾച്ച, ശുദ്ധജലക്ഷാമം, ചുഴലിക്കൊടുങ്കാറ്റുകൾ, താപതരംഗങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയവയുടെ തീവ്രതയും വർധിച്ചുകൊണ്ടിരിക്കുന്നു. പസഫിക് സമുദ്രത്തിൽ രൂപം കൊള്ളുന്ന കാലാവസ്ഥാ പ്രതിഭാസമായ എൽനിനോ ഈ വർഷം ശക്തി പ്രാപിച്ചാൽ അതും കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് വഴിയൊരുക്കും. വരാനിരിക്കുന്ന ദുരന്തകാലത്തിന്റെ നേർക്കാഴ്ചകൾ പല രൂപത്തിൽ മുന്നിൽ പ്രത്യക്ഷമായിട്ടും ഫോസിൽ ഇന്ധനങ്ങളുടെ ജ്വലനം തുടർന്നുകൊണ്ടേയിരിക്കുന്നുഉടമ്പടികളെല്ലാം കടലാസിൽ ഒതുങ്ങുന്നു. ആഗോളതാപനത്തിനു നല്ലൊരു മറുപടി മരമാണെന്നറിഞ്ഞിട്ടും അവശേഷിക്കുന്ന പച്ചപ്പിന്റെ കടയ്ക്കലും മഴുവെറിഞ്ഞുകൊണ്ടേയിരിക്കുന്നു മനുഷ്യൻ. ●

---




**സ്ത്രീകൾക്കുള്ള തൊഴിലവസരങ്ങൾ** ലെഫ്റ്റികാർട്ടൂൺസിനോട് കടപ്പാട്

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara